Reacting to Koena's tweet, a user commented: "Where did she get the impression that Indian Farmers are POOR & she is the only rich lady in India? #FarmersProtests #farmersrprotest."

To this the actress replied: "Guys, do you even understand sarcasm? It's obvious that some powerful organisations are using 'farmers protest' as a weapon to divide us. Is it very difficult to understand?"



Punjabi singer Prabh Gill took a jibe at Bollywood while reacting to Koena Mitra's tweet on "so called poor farmers" being able to "afford Rihanna". He wrote: "Yes Bcs They Are Not Blind/Sold Like #Bollywood. They Stand With Truth. Are You Jealous?"

To this, Koena replied: "Bollywood isn't blind or sold! Aap jaise lakho ussi industry me line lagatey hai, izzat se baat karo. (Lakhs of people like you stand in a line to make it to Bollywood, so please show some respect)."

Edited, Printed and Published by Prasanth Narayanan, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor). Vol. 001, Issue No. 013, Declaration No. 17/2021 Dt: 18-01-2021. Printed at Siddhi Services, Plot No A 180/4, Behind Repro India, MIDC, Kopar khairne, Navi Mumbai and Published from Vaartha News Network Pvt.Ltd, 5th floor, Carnival House, Gen Ak Vaidya Marg, Dindoshi, Malad East, Mumbai 400097. Ph. No.022 62850000 Email: info@metrovaartha.com. Editorial Head Office: 3rd Floor, KTDFC Building, Angamaly, Ernakulam - 683572, Ph: 0484 2456422.

# ഡോ. പി.പി. മോഹനനെ അനുമോദിച്ചു



കൊച്ചി: കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ (സിഎസ്ഐ) ദേശീയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡോ. പി.പി. മോഹനന് കാർഡിയോ വാസ്കുലാർ റിസർച്ച് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. കൊച്ചി മേയർ അഡ്വ. എം.അനിൽ കുമാർ മുഖ്യാതിഥിയായിരുന്നു.

തൃശൂർ വെസ്റ്റ്ഫോർട്ട് ഹൈടെക് ഹോസ്പിറ്റൽ കാർഡിയോളജി വിഭാഗം തലവനാണ് ഡോ. മോഹനൻ. ഇന്ത്യയിലെ ഹാർട്ട് ഫെയിലർ, അക്യൂട്ട് കൊറോണറി സിൻഡ്രോം എന്നിവയുടെ ചികിത്സ മെച്ചപ്പെടുത്താനുള്ള പഠനങ്ങൾക്ക് അദ്ദേഹം വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ക്ലിനിക്കൽ ആൻഡ് പ്രിവന്റീവ് കാർഡിയോളജിയുടെ ആഗോള സമ്മേളനത്തിൽ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിൽ നിന്ന് വിശിഷ്ട സേവന അവാർഡ് അദ്ദേഹത്തിന് ലഭിച്ചിരുന്നു.

സിഎസ്ഐ (കേരള ചാപ്റ്റർ) വൈസ് പ്രസിഡന്റുമാരായ ഡോ. ഗീവർ സക്കറിയ, ഡോ. കെ. വേണുഗോപാൽ, സെക്രട്ടറി ഡോ. എ. ജാബിർ, കൊച്ചി ഐഎംഎ പ്രസിഡന്റ് ഡോ. ടി.വി. രവി, ഡോ. ജിമ്മി ജോർജ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# ട്രെയ്നുകളുടെ സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കണം



ന്യൂഡൽഹി: കേരളത്തിലൂടെ ഓടുന്ന ട്രെയ്നുകളുടെ സ്റ്റോപ്പ് വെട്ടിച്ചുരുക്കിയ റെയ്ൽവേയുടെ നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് എംപിമാരായ ബെന്നി ബഹനാൻ, കൊടിക്കുന്നിൽ സുരേഷ്, എൻ.കെ. പ്രേമചന്ദ്രൻ എന്നിവർ കേന്ദ്ര റെയ്ൽ ബോർഡ് ചെയർമാൻ സുനീത് ശർമയെ നേരിൽ കണ്ട് നിവേദനം നൽകി.

കൊവിഡ് സ്പെഷ്യലുകളായി സർവീസുകൾ പുനരാരംഭിച്ച ശേഷം നിരവധി ട്രെയ്നുകളുടെ സ്റ്റോപ്പുകൾ പ്രധാനപ്പെട്ട പലയിടങ്ങളിലും ഒഴിവാക്കിയിരിക്കുകയാണ്. പാസഞ്ചർ ട്രെയ്നുകളെ എക്സ്പ്രസ് ട്രെയ്നുകളാക്കി മാറ്റിയതാണ് ഇതിന് പ്രധാന കാരണം.

ഇതുമൂലം നിരവധി എക്സ്പ്രസ്, പാസഞ്ചർ ട്രെയ്നുകൾക്ക് സ്റ്റോപ്പേജ് നഷ്ടപ്പെട്ട അവസ്ഥയാണെന്നും പൊതുജനങ്ങൾക്ക് അവരുടെ ഉപജീവനമാർഗം നഷ്ടപ്പെടുന്നതുൾപ്പെടെ ഒരുപാട് ദുരിതങ്ങൾ നേരിടേണ്ടിവരുന്നതായും നിർത്തലാക്കിയ സ്റ്റോപ്പുകൾ ഉടൻ പുനരാരംഭിക്കണമെന്നും എംപിമാർ നിവേദനത്തിൽ ആവശ്യപ്പെട്ടു.

# കോന്നി മെഡി. കോളെജിൽ കിടത്തി ചികിത്സ 10 മുതൽ

## ആദ്യ ഘട്ടത്തിൽ 100 കിടക്കകൾ



പത്തനംതിട്ട: ആദ്യഘട്ടം നിർമാണം പൂർത്തിയായ കോന്നി ഗവ. മെഡിക്കൽ കോളെജിലെ കിടത്തി ചികിത്സയുടെ ഉദ്ഘാടനം 10ന് ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ ഉദ്ഘാടനം ചെയ്യും. ഇതുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളെജിൽ അഡ്വ. കെ.യു. ജനീഷ് കുമാർ എംഎൽഎയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു.

മന്ത്രി മെഡിക്കൽ കോളെജിൽ നേരിട്ടെത്തിയാണ് കിടത്തി ചികിത്സയുടെ ഉദ്ഘാടനം നടത്തുന്നത്. ആദ്യ ഘട്ടമായി 100 കിടക്ക ക്രമീകരിക്കും. കിടത്തി ചികിത്സ ആരംഭിക്കുന്നതിനായി ജീവനക്കാർ മെഡിക്കൽ കോളെജിൽ എത്തിത്തുടങ്ങി. സ്ഥിരം ഡോക്റ്റർമാരെ കൂടാതെ താത്കാലിക ഡോക്റ്റർമാരെയും നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

നേഴ്സിങ് സൂപ്രണ്ട്, നാലു ഹെഡ് നഴ്സ്മാർ, 11 സ്റ്റാഫ് നഴ്സുമാർ തുടങ്ങിയവർ ജോലിക്ക് ഹാജരായി. ബാക്കി നഴ്സിങ് ജീവനക്കാർ വരും ദിവസങ്ങളിൽ ജോലിക്കെത്തും. ഇതര വിഭാഗം ജീവനക്കാരും എത്തിക്കൊണ്ടിരിക്കുന്നു.

യാത്രാസൗകര്യം ഒരുക്കുന്ന കാര്യത്തിൽ കെഎസ്ആർടിസി അധികൃതരുടെ യോഗം വിളിക്കും. ഇനിയും എത്തിക്കാനുള്ള ഫർണിച്ചറുകളും ഉപകരണങ്ങളും എത്രയും വേഗം എത്തിക്കും.

ഡെന്റൽ ഒപി ആരംഭിക്കുന്നതിനുള്ള ക്രമീകരണം പൂർത്തിയായതായി സൂപ്രണ്ട് യോഗത്തെ അറിയിച്ചു. ഡെന്റൽ ചെയർ എത്തിയത് ബുധനാഴ്ച സ്ഥാപിക്കും. ഡെന്റൽ ഒപിയുടെ ഉദ്ഘാടനം ഇന്നു നടത്തും. ഗൈനക്കോളജി ഒപി എട്ടിന് ആരംഭിക്കും.

എത്രയും വേഗം 300 കിടക്കയുള്ള ആശുപത്രിയായി മാറ്റാൻ കഴിയുമെന്ന് എംഎൽഎ പറഞ്ഞു. മെഡിക്കൽ കോളെജ് പ്രിൻസിപ്പാൾ ഡോ. സി.എസ്. വിക്രമൻ, സൂപ്രണ്ട് ഡോ. സജിത്കുമാർ, അരുവാപ്പുലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രേഷ്മ മറിയം റോയി, വൈസ് പ്രസിഡന്റ് മണിയമ്മ രാമചന്ദ്രൻ, എച്ച്എൽഎൽ ചീഫ് പ്രൊജക്റ്റ് മാനെജർ ആർ. രതീഷ് കുമാർ, ഡപ്യൂട്ടി മാനെജർ രോഹിത് ജോസഫ് തോമസ്, നാഗാർജുന കൺസ്ട്രക്ഷൻ കമ്പനി ഡെപ്യൂട്ടി ജനറൽ മാനെജർ സന്തോഷ് കുമാർ, ഗ്രാമപഞ്ചായത്തംഗം ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു.

# കൊവിഡ് കാലത്ത് കേരളത്തിൽ മരണ നിരക്കിൽ കുറവ്

## ● മുൻ വർഷത്തേക്കാൾ 29,365 മരണങ്ങൾ കുറവ്



*ഗുജറാത്ത് സർദാർ വല്ലഭായി പട്ടേൽ സർവകലാശാലയിൽ നിന്ന് എംഎസ്‌സി ബോട്ടണിയിൽ ഒന്നാം റാങ്കും സ്വർണ മെഡലും കരസ്ഥമാക്കിയ ഉജ്ജ്വല എസ്. കൈമൾ. എംജി സർവകലാശാലയുടെയും കെൽട്രോൺ ഗ്രൂപ്പ് കമ്പനികളുടെയും പബ്ലിക് റിലേഷൻസ് മേധാവിയായിരുന്ന ജി. ശ്രീകുമാറിന്റെയും റബർ ഗവേഷണ കേന്ദ്രം സീനിയർ സയന്റിസ്റ്റ് ഡോ. എസ്. സുഷമ കുമാരിയുടെയും മകളാണ്.*

തിരുവനന്തപുരം: കൊവിഡ്-19 മഹാമാരി കാലത്ത് സംസ്ഥാനത്തെ മരണ നിരക്കിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയതായി ആരോഗ്യമന്ത്രി കെ.കെ. ശൈലജ. സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കഴിഞ്ഞ വർഷം കടന്നുപോയ സമയത്ത് പല ലോകരാജ്യങ്ങളിലും മരണ നിരക്ക് ഗണ്യമായ അളവിൽ കൂടിയിരുന്നു. അതേസമയം 2020ലെ കേരളത്തിലെ മരണനിരക്ക് വിശകലനം ചെയ്തപ്പോൾ ഗണ്യമായ കുറവാണ് കാണാൻ കഴിഞ്ഞത്.

2019ൽ 2,63,901 മരണങ്ങൾ രേഖപ്പെടുത്തിയപ്പോൾ 2020ൽ 2,34,536 ആയി കുറഞ്ഞു. അതായത് 29,365 മരണങ്ങളുടെ കുറവ്. കൊവിഡ് മഹാമാരി കാലയളവിൽ മരണനിരക്ക് കുറച്ചുകൊണ്ടു വരുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പും മറ്റു വകുപ്പുകളും നടത്തിയ ശാസ്ത്രീയ ഇടപെടലുകൾ ഫലം കൈവരിച്ചുവെന്ന് ഇതിലൂടെ മനസിലാക്കാം- മന്ത്രി വ്യക്തമാക്കി.

വികസ്വര രാജ്യങ്ങളിലെ സാമൂഹിക, സാമ്പത്തിക, വികസന രംഗത്തെ അളവുകോലായാണ് ജനന മരണ രജിസ്ട്രേഷനെ വിലയിരുത്തുന്നത്. ജനനവും മരണവും ഉൾപ്പെടെയുള്ള പ്രധാന സംഭവങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുക എന്നുള്ളത് കേരളത്തിൽ സിവിൽ രജിസ്ട്രേഷന്റെ ഭാഗമാണ്. സംസ്ഥാനത്ത് ഇതു തുടർച്ചയായിട്ടുള്ളതും നിർബന്ധിതവും സ്ഥിരതയാർന്നതുമായ ഒരു പ്രവൃത്തിയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനന മരണ നിരക്ക് പരിശോധനയിൽ കേരളം കഴിഞ്ഞ കാലയളവിൽ 100 ശതമാനം രജിസ്ട്രേഷൻ പൂർത്തിയാക്കിയിരുന്നു.

| ജനസംഖ്യാ അടിസ്ഥാനത്തിൽ കൊവിഡ് മരണനിരക്ക് |
|---|
| കേരളം 8.4 |
| അമെരിക്ക 106 |
| ഇറ്റലി 124 |

2019 നെ അപേക്ഷിച്ച് ക്രൂഡ് ഡെത്ത് റേറ്റ് അമേരിക്കയിലും ഇറ്റലിയിലും കുത്തനെ ഉയർന്നപ്പോൾ കേരളത്തിൽ 681 ആയി അതു ചുരുങ്ങി. കൊവിഡ് കാലയളവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ലോകരാജ്യങ്ങളിൽ മരണനിരക്ക് വളരെ ഉയർന്നു നിൽക്കുമ്പോഴും കേരളത്തിൽ മരണനിരക്ക് (0.4) വളരെ കുറവാണ്.

വെല്ലുവിളികൾ നേരിട്ടെങ്കിലും കേരളം കൊവിഡിനെ ഫലപ്രദമായി പ്രതിരോധിച്ച സംസ്ഥാനമെന്നു തന്നെയാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. ശരിയായ ആരോഗ്യ ശീലങ്ങൾ സ്വീകരികാനും പ്രവൃത്തിയിൽ കൊണ്ടുവരാനുള്ള ജനങ്ങളുടെ മനസും മരണനിരക്ക് കുറയാനുള്ള പ്രധാന ഘടകങ്ങളിലാന്നാണ്. കൂടാതെ ബ്രേക്ക് ദ ചെയിൻ ഉൾപ്പെടെയുള്ള വിവിധ ക്യാംപെയിനുകളും രോഗാതുരത കുറയ്ക്കാനും അതോടൊപ്പം മരണനിരക്ക് കുറച്ചു കൊണ്ടുവരുന്നതിനും കാരണമായി.

ചികിത്സ സംബന്ധമായ മരണങ്ങളും അപകട മരണങ്ങളും കൊവിഡ് കാലത്ത് കുറയ്ക്കാൻ സാധിച്ചു. മാസ്ക് ഒരു ശീലമാക്കിയതോടെ ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ജനങ്ങളിൽ ഗണ്യമായി കുറക്കാനായി. ജീവിതശൈലീ രോഗങ്ങളും പകർച്ചവ്യാധികളും തടഞ്ഞു നിറുത്താനും സാധിച്ചു.


# കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**അക്ഷയ AK-483 നറുക്കെടുപ്പ് ഫലം**
held on 03/02/2021 AT GORKY BHAVAN, NEAR BAKERY JUNCTION, THIRUVANANTHAPURAM

**ഒന്നാം സമ്മാനം 70 ലക്ഷം രൂപ** AK 716935 (PAYYANUR)

**സമാശ്വാസ സമ്മാനം 8000 രൂപ**

| | | | |
|---|---|---|---|
| AA 716935 | AB 716935 | AC 716935 | AD 716935 |
| AE 716935 | AF 716935 | AG 716935 | AH 716935 |
| AJ 716935 | AL 716935 | AM 716935 | |

**2-ാം സമ്മാനം 5 ലക്ഷം രൂപ**

AJ 256576 (THRISSUR)

**3-ാം സമ്മാനം 1 ലക്ഷം രൂപ**

| | | | |
|---|---|---|---|
| AA 316985 | AB 397870 | AC 569741 | AD 132812 |
| AE 628927 | AF 430021 | AG 476693 | AH 604578 |
| AJ 330083 | AK 425113 | AL 155314 | AM 829210 |

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4-ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0097 | 0115 | 0618 | 0787 | 2596 | 3468 | 3510 | 3766 | 4191 | 4459 |
| 4599 | 4841 | 5619 | 5906 | 5954 | 7507 | 7909 | 8289 | | |

**5-ാം സമ്മാനം 2000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1187 | 1280 | 2808 | 5440 | 8471 | 9715 | 9783 | | | |

**6-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0127 | 0401 | 1016 | 1747 | 1889 | 2314 | 2768 | 3275 | 3449 | 3847 |
| 3932 | 4442 | 4445 | 5523 | 5890 | 5991 | 6075 | 7701 | 7710 | 7810 |
| 7978 | 8374 | 8488 | 8930 | 9775 | 9960 | | | | |

**7-ാം സമ്മാനം 500 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0023 | 0165 | 0301 | 0312 | 0667 | 0707 | 0768 | 1027 | 1411 | 1442 |
| 1537 | 1727 | 1907 | 2012 | 2255 | 2399 | 2452 | 2476 | 2534 | 2577 |
| 2581 | 2654 | 2698 | 2776 | 2784 | 2858 | 3122 | 4062 | 4082 | 4117 |
| 4311 | 4390 | 4424 | 4596 | 4975 | 5094 | 5113 | 5131 | 5236 | 5362 |
| 5502 | 6381 | 6444 | 6613 | 6841 | 7111 | 7490 | 7682 | 7690 | 7843 |
| 7896 | 7954 | 7989 | 8055 | 8317 | 8479 | 8495 | 8740 | 9205 | 9581 |
| 9599 | 9646 | 9670 | 9864 | | | | | | |

**8-ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0060 | 0099 | 0241 | 0506 | 0527 | 0616 | 0664 | 0691 | 0790 | 0861 |
| 1035 | 1078 | 1085 | 1146 | 1169 | 1263 | 1274 | 1288 | 1348 | 1366 |
| 1451 | 1467 | 1532 | 1550 | 1739 | 1782 | 1840 | 1937 | 1998 | 2038 |
| 2103 | 2298 | 2470 | 2519 | 2566 | 2580 | 2655 | 2699 | 2705 | 2770 |
| 2899 | 2933 | 2961 | 2968 | 3056 | 3082 | 3218 | 3378 | 3418 | 3440 |
| 3695 | 4264 | 4303 | 4342 | 4396 | 4600 | 4608 | 4653 | 4899 | 5065 |
| 5079 | 5216 | 5503 | 5529 | 5821 | 5865 | 5949 | 5999 | 6054 | 6193 |
| 6279 | 6428 | 6464 | 6508 | 6585 | 6610 | 6649 | 6685 | 7019 | 7023 |
| 7027 | 7177 | 7208 | 7253 | 7256 | 7314 | 7324 | 7406 | 7498 | 7521 |
| 7686 | 7737 | 7817 | 7834 | 7862 | 7956 | 7987 | 8189 | 8201 | 8202 |
| 8327 | 8373 | 8435 | 8532 | 8609 | 8649 | 8746 | 8941 | 9235 | 9246 |
| 9351 | 9394 | 9431 | 9441 | 9460 | 9558 | 9721 | 9826 | 9956 | 9972 |

(ഒപ്പ്) ഇന്ദിരാദേവി എസ്., ഡെപ്യൂട്ടി ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക


# സിപിഎം, ബിജെപി നിശബ്ദത യുവതീപ്രവേശം സാക്ഷാത്കരിക്കാൻ: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: ശബരിമല വിഷയത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകളും സിപിഎമ്മും ബിജെപിയും നിശബ്ദത പാലിക്കാൻ എടുത്ത തീരുമാനം വിശ്വാസികളോടു കാട്ടുന്ന കൊടുംവഞ്ചനയാണെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് മുന്നിലുള്ള വഴികൾ കൊട്ടിയടച്ച് യുവതീപ്രവേശം ഭാവിയിൽ സാക്ഷാത്കരിക്കുകയാണ് ലക്ഷ്യം.

യുഡിഎഫ് സർക്കാർ അധികാരത്തിൽ വന്നാൽ ശബരിമലയിൽ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിർത്താൻ സഹായകരമായ നിയമ നിർമാണം നടത്തുമെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ വിഭാഗവുമായും ചർച്ച നടത്തും. ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ, ലിസ്റ്റ് 3, എൻട്രി 28 പ്രകാരം മതസ്ഥാപനങ്ങളെ സംബന്ധിച്ച് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമാണം നടത്താൻ അധികാരമുണ്ട്.

സുപ്രീം കോടതിയിലെ റിവ്യൂ ഹർജി ഉടൻ വാദത്തിനെടുക്കാനാവശ്യപ്പെട്ട് ഹർജി നല്കണമെന്ന് ജനുവരി 25ന് മുഖ്യമന്ത്രിക്ക് കത്തയച്ചിരുന്നു. അതിനൊരു മറുപടി പോലും കിട്ടിയില്ല. റിവ്യൂ ഹർജിയുള്ളതുകൊണ്ട് നിയമ നിർമാണം സാധ്യമല്ലെന്ന ഇടതുസർക്കാരിന്റെ നിലപാട് വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാനാണ്. ശബരിമലയിൽ ഭൂരിപക്ഷ വിധിക്കെതിരേ നല്കിയ അമ്പതോളം റിവ്യൂ ഹർജികളിൽ സുപ്രീം കോടതി വിധി സ്റ്റേ ചെയ്തിട്ടില്ല.

യുവതീപ്രവേശം ഒരു വാൾ പോലെ ഇപ്പോഴും വിശ്വാസികളുടെ തലയ്ക്കു മീതെ നില്ക്കുന്നു. സിപിഎമ്മും ബിജെപിയും ഇതിനൊരു പരിഹാരം നിർദേശിക്കുന്നില്ല. ശബരിമലയിൽ ആചാരാനുഷ്ഠാനങ്ങൾ നിലനിർത്തുമെന്നു പോലും പറയാൻ ഇടതു പക്ഷത്തിനു നാവുപൊന്തുന്നില്ല. യുഡിഎഫിനു മാത്രമാണ് ഇക്കാര്യത്തിൽ അന്നും ഇന്നും വ്യക്തയുള്ളതെന്ന് ഉമ്മൻ ചാണ്ടി പറഞ്ഞു.

2016 ഫെബ്രുവരി നാലിന് അന്നത്തെ യുഡിഎഫ് സർക്കാർ നല്കിയ സത്യവാങ്മൂലത്തിൽ 10നും 50നുമിടയിൽ പ്രായമുള്ള സ്ത്രീകൾക്ക് ശബരിമലയിൽ ദർശനാനുമതി നൽകുന്നതിനെതിരെ നിയമപരമായും ആചാരാനുഷ്ഠാനപരമായും വസ്തുതാപരമായുമുള്ള വാദങ്ങൾ അക്കമിട്ട് നിരത്തി വാദിച്ചിരുന്നു. എന്നാൽ, ഇടതു സർക്കാർ നിയമപരമായും വസ്തുതാപരമായുമുള്ള യാഥാർഥ്യങ്ങൾ വിസ്മരിച്ചും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലപാടുകൾക്ക് കടകവിരുദ്ധമായും 10നും 50 നുമിടയിൽ പ്രായമുള്ള സ്ത്രീകൾക്ക് ദർശനാനുമതി നൽകണമെന്ന നിലപാട് ഹർജിക്കാരോടൊത്ത് സ്വീകരിച്ചതുകൊണ്ടാണ് ഇത്തരമൊരു വിധി ഉണ്ടായത്.

കേസിൽ അയ്യപ്പ ഭക്തർക്കനുകൂലമായി നിലപാടെടുത്ത തിരുവിതാംകൂർ ദേവസ്വം ബോർഡ്, വിധിക്കുശേഷം നിലപാട് മാറ്റി ഭക്തർക്കെതിരേ സമീപനം സ്വീകരിച്ചത് സർക്കാരിന്റെ സമ്മർദം കൊണ്ടാണ്. വിധി വന്ന ഉടനേ അതു നടപ്പാക്കാൻ കാട്ടിയ ധൃതിയും കോടിക്കണക്കിനു രൂപ ചെലവഴിച്ച് നിർമിച്ച വനിതാമതിലും നവോത്ഥാന പ്രചാരണവുമൊക്കെ യുവതീ പ്രവേശം നടപ്പാക്കാനുള്ള ഗൂഢാലോചനയായിരുന്നു. അതിന്റെ തുടർച്ചയാണ് ഇപ്പോഴത്തെ മൗനമെന്നും ഉമ്മൻ ചാണ്ടി പറഞ്ഞു.

# ആദ്യ 'തൊഴിലാളിശ്രേഷ്ഠ' പുരസ്കാരങ്ങൾ 15 പേർക്ക്

**പുരസ്കാര ജേതാക്കൾ:**

1. സെക്യൂരിറ്റി ഗാർഡ് - കെ.വി. സജീവൻ, എറണാകുളം
2. ചുമട്ടുതൊഴിലാളി - വൈ. നസറുദ്ദീൻ കുട്ടി, കൊല്ലം
3. നിർമാണത്തൊഴിലാളി - എൻ. ഉണ്ണികൃഷ്ണൻ, പാലക്കാട്
4. ചെത്തുതൊഴിലാളി - ടി.എസ്. മുരളീധരൻ, വയനാട്
5. മരംകയറ്റ തൊഴിലാളി- കെ. ശശി, ആലപ്പുഴ
6. തയ്യൽത്തൊഴിലാളി - കുഞ്ഞഹമ്മദ്, വയനാട്
7. കയർ തൊഴിലാളി - കെ.സി. ഗ്രേസി,എറണാകുളം
8. കശുവണ്ടിത്തൊഴിലാളി - പി. സരസ്വതിയമ്മ, കൊല്ലം
9. മോട്ടോർ തൊഴിലാളി - ജോർജ് വർഗീസ്, ഇടുക്കി
10. തോട്ടം തൊഴിലാളി - വസന്ത, വയനാട്
11. സെയിൽസ്മാൻ - പി. അനൂപ്, മലപ്പുറം
12. നഴ്സ്- എ.എസ്. അശ്വതി,മലപ്പുറം
13. ടെക്സ്റ്റൈൽ തൊഴിലാളി- കെ.എസ്. ലിജി,ആലപ്പുഴ
14. ഗാർഹിക ജോലി - സി. ഷൈനി റെയ്ച്ചൽ, കൊല്ലം
15. ആഭരണത്തൊഴിലാളി - ടി. രാജേഷ്, കോഴിക്കോട്

തിരുവനന്തപുരം: മികച്ച തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ 'തൊഴിലാളിശ്രേഷ്ഠ' പുരസ്കാരത്തിന് 15 പേർ അർഹരായി. തെരഞ്ഞെടുത്ത 15 മേഖലകളിൽ നിന്നുള്ള തൊഴിലാളികൾക്കാണ് ഒരു ലക്ഷം രൂപ വീതവും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം നൽകുന്നതെന്ന് തൊഴിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ പറഞ്ഞു.

രാജ്യത്താദ്യമായാണ് ഒരു സംസ്ഥാന സർക്കാർ ഇത്തരത്തിൽ പുരസ്കാരം ഏർപ്പെടുത്തുന്നത്. പുരസ്കാരം നിർണയിക്കാൻ മന്ത്രി അധ്യക്ഷനും ലേബർ കമ്മിഷണർ കൺവീനറും തൊഴിൽ അഡീഷണൽ ചീഫ് സെക്രട്ടറി, ആർപിഎൽ മാനെജിങ് ഡയറക്റ്റർ, തൊഴിൽ ഡെപ്യൂട്ടി സെക്രട്ടറി, അഡീഷണൽ ലേബർ കമ്മിഷണർ (വെൽഫെയർ), ചീഫ് പ്ലാന്റേഷൻസ് ഇൻസ്പെക്റ്റർ എന്നിവർ അംഗങ്ങളുമായ സമിതി രൂപീകരിച്ചിരുന്നു. നാളെ ഉച്ചയ്ക്ക് 2.30ന് അയ്യങ്കാളി ഹാളിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

തൊഴിലാളികളിൽ നിന്ന് 15 ചോദ്യങ്ങളടങ്ങിയ ചോദ്യാവലി ഉൾപ്പെടുന്ന നോമിനേഷൻ സ്വീകരിക്കുന്ന നടപടിയാണ് ആദ്യഘട്ടത്തിൽ കൈക്കൊണ്ടത്. തുടർന്ന് നോമിനേഷനുകളിൽ തൊഴിലുടമകളുടെയും ട്രേഡ് യൂണിയനുകളുടെയും അഭിപ്രായം ഓൺലൈനായി സ്വീകരിച്ചു. ഇതിനുശേഷം വകുപ്പുതലത്തിൽ വിവിധ മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിശോധനയും മൂന്ന് ഘട്ടങ്ങളിലായുള്ള അഭിമുഖവും നടത്തിയാണ് പുരസ്കാര ജേതാക്കളെ നിശ്ചയിച്ചതെന്ന് മന്ത്രി പറഞ്ഞു. അഡീഷണൽ ലേബർ കമ്മിഷണർമാരായ കെ. ശ്രീലാൽ, കെ.എം. സുനിൽ എന്നിവർ പങ്കെടുത്തു.




# ജയിച്ചാലും തോറ്റാലും വീട് പണിതു നൽകും: വാക്ക് പാലിച്ച് ജിമ്മി ചാക്കപ്പൻ



*നമ്പൂരിമലയിൽ നിർമാണം പൂർത്തീകരിച്ച വീടിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽ നഗരസഭ ചെയർപെഴ്സൺ ഏലിയാമ്മ ഫിലിപ്പ് ഭദ്രദീപം തെളിക്കുന്നു. വൈസ് ചെയർമാൻ കെ.പി.സലിം സമീപം.*

പിറവം: നഗരസഭയിലെ 23-ാം ഡിവിഷനിൽ നമ്പൂരിമലയിലെ കുടുംബത്തിന് അടച്ചുറപ്പുള്ള വീട് നിർമ്മിച്ച് നൽകി വ്യത്യസ്തനായിരിക്കുകയാണ് ജിമ്മി ചാക്കപ്പൻ. കഴിഞ്ഞ നഗരസഭ തെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിച്ച ജിമ്മി ചാക്കപ്പൻ വോട്ടഭ്യർഥിച്ച് ഭവനങ്ങൾ സന്ദർശിച്ച സമയത്ത് ഡിവിഷന്റെ പലഭാഗത്തായി 12 ഓളം വീടുകൾ ഭാഗീകമായും 2 വീടുകൾ പൂർണമായും പണിയേണ്ടതുണ്ട് എന്ന് മനസിലാക്കുകയും

താൻ ജയിച്ചാലും തോറ്റാലും വീടുകൾ പുനർനിർമ്മിച്ചു നൽകുമെന്ന് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും താൻ കൊടുത്ത വാക്ക് പാലിച്ചുകൊണ്ട് വീടുകളുടെ നിർമാണ പ്രവർത്തനം ആരംഭിക്കുകയായിരുന്നു. പിറവത്ത് 'ലെവൽ ത്രീ' എന്ന വസ്ത്ര വ്യാപാര സ്ഥാപനം നടത്തുന്ന ജിമ്മി കഴിഞ്ഞ പ്രളയങ്ങളിൽ വസ്ത്രം, പലചരക്ക് അടക്കമുള്ള സഹായങ്ങൾ ദുരിതബാധിതർക്ക് എത്തിച്ച് നൽകിയിരുന്നു. കൂടാതെ കഴിഞ്ഞ വർഷം നിർദ്ധന കുടുംബത്തിന് വീട് നിർമ്മിക്കാനായി 3 സെന്റ് ഭൂമിയും സൗജന്യമായി വിട്ട് നൽകിയിരുന്നു.

ജിമ്മി ചാക്കപ്പൻ ഇങ്ങനെയൊരു ആശയം നഗരസഭാ വൈസ് ചെയർമാൻ കെ.പി. സലീമിനോട് പറഞ്ഞപ്പോൾ തന്നെ പിറവം മുൻസിപ്പാലിറ്റിയുടെ ഭാഗത്തുനിന്ന് എല്ലാവിധ പിന്തുണയും അറിയിച്ചിരുന്നു.

നമ്പൂരിമലയിൽ നിർമാണം പൂർത്തിയായ വീടിന്റെ ഗൃഹപ്രവേശ ചടങ്ങിൽ നഗരസഭാ ചെയർപേഴ്സൺ ഏലിയാമ്മ ഫിലിപ്പ് ദീപംതെളിയിച്ചു. വൈസ് ചെയർമാൻ കെ.പി.സലിം അധ്യക്ഷത വഹിച്ചു.

ജിമ്മി ചാക്കപ്പൻ, കൗൺസിലർമാരായ അഡ്വ.ബിമൽ ചന്ദ്രൻ, ഷൈനി ഏലിയാസ്, ജൂബി പൗലോസ്, സോമൻ വല്ലയിൽ തുടങ്ങിയവർ സംസാരിച്ചു.

# നിരവധി കേസുകളിലെ പ്രതികളായ അഞ്ചു യുവാക്കളെ കളമശേരി പൊലീസ് പിടികൂടി

കളമശേരി: പിടിച്ചുപറി, വധശ്രമം, അടിപിടി, പോക്സോ കേസുകളിൽ പ്രതികളായ അഞ്ചു യുവാക്കളെ കളമശേരി പൊലീസ് പിടികൂടി. അരൂക്കുറ്റി വടുതല ചെത്തിപ്പറമ്പ് വീട്ടിൽ മനീഷ് (25), കളമശേരി വട്ടേക്കുന്നം കേട്ടേഴത്ത് പറമ്പിൽ അജാസ് ( 22 ) തോപ്പുംപടി ചുള്ളിക്കൽ അറക്കപറമ്പിൽ വീട്ടിൽ തൻസീർ (30) തിരുവനന്തപുരം പേട്ട വയലിൽ വീട്ടിൽ കണ്ണൻ (21) വരാപ്പുഴ മുട്ടിനകം ചുള്ളിക്കൽ വീട്ടിൽ ശ്രീജിത്ത് (20) എന്നിവരെയാണ് പ്രീമിയർ കവലയിൽ നിന്നും കളമശേരി പൊലീസ് ഇൻസ്പെക്റ്റർ പി.ആർ.സന്തോഷിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം അറസ്റ്റ് ചെയ്തത്.

നോർത്ത് കളമശേരി മെട്രൊ പൊലീസ് സ്റ്റേഷൻ സമീപം 2021 ജനുവരി 31ന് സ്കൂട്ടർ യാത്രികയെ ബൈക്ക് ഇടിച്ചു വീഴ്ത്തിയ ശേഷം ബൈക്ക് ഉപേക്ഷിച്ചു കടന്നുകളഞ്ഞ രണ്ടു പേരെ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് ഇവരെല്ലാം പിടിയിലായത്.

അപകടത്തിനുശേഷം ഉപേക്ഷിച്ച ബൈക്ക് കളമശേരിയിൽ നിന്നും മോഷണം പോയതാണെന്നും നിരവധി പിടിച്ചുപറി കേസിൽ ഉൾപ്പെട്ടതാണെന്നും പൊലീസ് മനസിലാക്കി. ഇതേത്തുടർന്ന് തൃക്കാക്കര എസിപി ജിജിമോന്റെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചു. അപകടമുണ്ടായ സ്ഥലത്തെ സിസിടിവി കേന്ദ്രീകരിച്ച് അന്വേഷണം നടത്തി പ്രതികളെ പിടികൂടുകയായിരുന്നു.

മനീഷും കൂട്ടുകാരനും കൂടി ഏലൂർ സൗത്തിൽ 2020 ഡിസംബറിൽ ഈ ബൈക്ക് ഉപയോഗിച്ച് 70 വയസുള്ള സ്ത്രീയുടെ രണ്ട് പവൻ മാല പൊട്ടിച്ചെടുത്തു. ഇതുകൂടാതെ പൂച്ചാക്കൽ തേവർ വട്ടത്ത് 2021 ജനുവരിയിൽ ഒരു സ്ത്രീയുടെ മാല പൊട്ടിക്കാൻ ശ്രമിച്ചു. തൻസീർ പള്ളുരുത്തി, മട്ടാഞ്ചേരി, തോപ്പുംപടി പൊലീസ് സ്റ്റേഷനുകളിൽ വധശ്രമം, പോക്സോ, അടിപിടി ഉൾപ്പെടെ നിരവധി കേസുകളിൽ പ്രതിയാണ്. ഇതുകൂടാതെ കാപ്പ നിയമപ്രകാരം കൊച്ചി സിറ്റിയിൽ പ്രവേശിക്കരുതെന്ന് ഉത്തരവുള്ളയാളുമാണ്. കണ്ണൻ വഞ്ചിയൂർ പൊലീസ് സ്റ്റേഷൻ പരിധിയിൽ അടിപിടി കേസിൽ പൊലീസ് അന്വേഷിക്കുന്ന പ്രതിയാണ്.

പ്രതികളിൽ നിന്നും 50 ഗ്രാം കഞ്ചാവ് പിടികൂടിയിട്ടുണ്ടെന്ന് പൊലീസ് പറഞ്ഞു. അന്വേഷണ സംഘത്തിൽ സബ് ഇൻസ്പെക്റ്റർമാരായ പി.സി.പ്രസാദ്, മാഹിൻ സലിം ക്രൈം സ്ക്വാഡ് അംഗങ്ങളായ സബ് ഇൻസ്പെക്റ്റർ വി.എൻ.സുരേഷ്, മധുസൂദനൻ, സി.എ.ജോസി, അസിസ്റ്റന്റ് സബ് ഇൻസ്പെക്റ്റർമാരായ കെ.ബി.ബിനു, പി.അനിൽകുമാർ, സുനിൽ കുമാർ, സീനിയർ പൊലീസ് ഓഫിസർമാരായ ഹരികുമാർ, കെ.വി.ദിനിൽ എന്നിവരുമുണ്ടായിരുന്നു.



*ഗ്ലാസ് ഫാക്റ്ററി കോളനിയിലെ പ്രതീക്ഷാ ക്ലബിന് ജനമൈത്രി പൊലീസ് നൽകുന്ന ബോളുകൾ മുൻ ഇന്ത്യൻ ഫുട്ബോൾ താരം ഐ.എം.വിജയൻ കൈമാറുന്നു.*

# ആഴക്കടൽ മത്സ്യബന്ധനം: 490 ട്രോളറുകൾ നിർമിക്കാൻ യുഎസ് കമ്പനിയുമായി ധാരണ

കൊച്ചി: കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ വൻ കുതിച്ചുചാട്ടത്തിനുതകുന്ന 2950 കോടിരൂപയുടെ പദ്ധതിക്കായി കേരള ഷിപ്പിങ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനും യുഎസ് കമ്പനിയായ ഇഎംസിസി ഇന്റർനാഷണലും കൈകോർക്കുന്നു.

കെഎസ്ഐഎൻസി എംഡിഎൻ. പ്രശാന്തും ഇഎംസിസി ഇന്റർനാഷണൽ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് പ്രസിഡന്റ് ഷിജു വർഗീസും ധാരണാപത്രത്തിൽ ഒപ്പിട്ടു.

സംസ്ഥാന സർക്കാർ സംഘടിപ്പിച്ച 'അസൻഡ് 2020' നിക്ഷേപസമാഹരണ പരിപാടിയിൽ ഇഎംസിസിയും സർക്കാരുമായി ഏർപ്പെട്ട ധാരണയുടെ അടിസ്ഥാനത്തിലാൺ പദ്ധതിക്ക് തുടക്കമാകുന്നത്. ആഴക്കടൽ മത്സ്യബന്ധനത്തിൻ ഉപയോഗിക്കുന്ന ട്രോളറുകളുടെ നിർമാണം, തുറമുഖ വികസനം തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും. മത്സ്യബന്ധനത്തിനായി 400 ട്രോളറുകളാൺ കെഎസ്ഐഎൻസിയുടെ സഹായത്തോടെ ഇഎംസിസി കേരളത്തിൽ നിർമിക്കുക. നിലവിൽ വിദേശ ട്രോളറുകളാൺ കൂടുതലായും ഉപയോഗിക്കുന്നത്. ശാസ്ത്രീയമായി ആസൂത്രണം ചെയ്യുന്ന ഈ മത്സ്യബന്ധന പദ്ധതി യാഥാർഥ്യമാകുന്നതോടെ ഈ മേഖലയിൽ പൂർണമായും കേരളത്തിന്റെ കയ്യൊപ്പു പതിയും.



*ആഴക്കടൽ മത്സ്യബന്ധനത്തിനു കേരള ഷിപ്പിങ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനും അമേരിക്കൻ കമ്പനിയായ ഇഎംസിസി ഇന്റർനാഷണലും ധാരണാ പത്രത്തിൽ ഒപ്പിടുന്നു.*

കേരളത്തിലെ ഏറ്റവും വലിയ വിദേശനിക്ഷേപങ്ങളിലൊന്നായി മാറും ഈ പദ്ധതി. ഇഎംസിസിക്ക് ട്രോളറുകൾ നിർമിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളാൺ കെഎസ്ഐഎൻസി ഒരുക്കിക്കൊടുക്കുക. ഏകദേശം രണ്ടു കോടി രൂപയാൺ രാജ്യാന്തര നിലവാരത്തിലുള്ള ഒരു ട്രോളർ നിർമിക്കാൻ ഉണ്ടാകുന്ന ചെലവ്. ഇവ നിലവിലെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യും.

ഇത്രയും ട്രോളറുകൾ മത്സ്യബന്ധനം നടത്തി തിരിച്ചെത്തുമ്പോൾ അവയ്ക്ക് അടുക്കാൻ നിലവിൽ കേരളത്തിലെ ഹാർബറുകളിൽ ആവശ്യത്തിൻ സൗകര്യമില്ല. അതിനായി ഹാർബറുകൾക്കൊപ്പം പുതിയ ഹാർബറുകളും കെഎസ്ഐഎൻസി വികസിപ്പിക്കും. ഇത്തരത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിലൂടെ ശേഖരിക്കുന്ന മത്സ്യങ്ങൾ സംസ്കരിക്കുന്നതിനായി ഇഎംസിസി കേരളത്തിൽ യൂണിറ്റുകൾ തുറക്കും.

ഇവിടെ മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങൾക്കായിരിക്കും പ്രഥമ പരിഗണന നൽകുന്നത്. കേരളത്തിൽ തുറക്കുന്ന 200 ഔട്ട് ലെറ്റുകൾ വഴി സംസ്കരിച്ച മത്സ്യം വിറ്റഴിക്കുന്നതിനൊപ്പം വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയുമാൺ പദ്ധതിയെന്ന് ഇഎംസിസി പ്രസിഡന്റ് ഷിജു വർഗീസ് പറഞ്ഞു.

ഇഎംസിസിയുടെ കടന്നുവരവോടെ 25000ൽപരം തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടുമെന്ന് കെഎസ്ഐഎൻസി മാനെജിങ് ഡയറക്റ്റർ എൻ.പ്രശാന്ത് പറഞ്ഞു.

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൻ (സിഎംഎഫ്ആർഐ) ഗവേഷണ ആവശ്യങ്ങൾക്കായി ഒരു ട്രോളർ സൗജന്യമായി നൽകും. സിഎംഎഫ്ആർഐ യുടെ ഗവേഷണത്തെ അടിസ്ഥാനമാക്കി പ്രകൃതിക്ക് കോട്ടം തട്ടാത്ത മത്സ്യബന്ധനമാൺ ലക്ഷ്യം. ഇതിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വരുമാനം ഇരട്ടിയാകുമെന്നാൺ പ്രതീക്ഷ. മത്സ്യത്തൊഴിലാളികൾക്കായി ആശുപത്രികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിക്കുന്നതിനും പദ്ധതിയിൽ പണം വകയിരുത്തിയിട്ടുണ്ട്. കെഎസ്ഐഎൻസിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ വർക്ക് ഓർഡറാണിതെന്നും അദ്ദേഹം പറഞ്ഞു.

## മഴയിൽ സിമന്റ് പാക്കറ്റുകൾ നശിച്ചു: നഷ്ടപരിഹാരം നൽകാൻ വിധി

മൂവാറ്റുപുഴ: കാലവർഷ കെടുതിയിൽ നശിച്ച ഗോഡൗണിൽ സൂക്ഷിച്ച സിമന്റ് പാക്കറ്റുകൾക്ക് നഷ്ടപരിഹാരം അനുവദിച്ച് കൺസ്യൂമർ കോടതി ഉത്തരവായി. മണ്ണൂർ കവലയിൽ പ്രവർത്തിക്കുന്ന ആരാധന സിമന്റ്സ് സ്ഥാപനത്തിന്റെ ഉടമ മത്തായിയുടെ ഉടമസ്ഥതയിലെ ഗോഡൗണാണ് കാലവർഷ കെടുതിയിൽ പൂർണമായും തകർന്നത്. ഇതിൽ സൂക്ഷിച്ച 170 ചാക്ക് സിമന്റ് ഉപയോഗശൂന്യമായി പോവുകയും ചെയ്തിരുന്നു. ബാങ്ക് ഓവർഡ്രാഫ്റ്റ് സംവിധാനം ഉപയോഗിച്ച് സ്ഥാപനം പ്രവർത്തിച്ചുവന്ന മത്തായി വ്യാപാരശാലയും ഗോഡൗണും, സ്റ്റോക്കും ബാങ്ക് ഇൻഷുർചെയ്തിട്ടുണ്ട് എന്ന വിശ്വാസത്തിലായിരുന്നു.

എന്നാൽ, ബാങ്ക് ഉദ്യോഗസ്ഥർ കട ഇൻഷുർ ചെയ്തിരുന്നെങ്കിലും ഗോഡൗണിന് പരിരക്ഷ നൽകിയില്ല. ഇത് അറിയാതെ ഇൻഷുറൻസ് കമ്പനിയെ സമീപിച്ചപ്പോൾ ഗോഡൗൺ ഇൻഷുർ ചെയ്തില്ലെന്ന് ചൂണ്ടിക്കാട്ടി കമ്പനി ക്ലെയിം നിരസിക്കുകയായിരുന്നു. തുടർന്നാണ് കോടതിയെ സമീപിച്ചത്. ഹർജിക്കാരന് 80,000 രൂപ അനുവദിച്ച കോടതി, കോടതി ചെലവായി 5000 രൂപ പിഴയായ് നൽകുന്നതിനും ഉത്തരവിട്ടു.

## ഗ്ലാസ് കോളനിയിൽ ബോധവത്കരണ ക്ലാസ്

കളമശേരി: ജനമൈത്രി പൊലീസും പ്രതീക്ഷ ക്ലബും ചേർന്ന് ഗ്ലാസ് ഫാക്റ്ററി കോളനിയിൽ ലഹരി ഉപയോഗത്തിനെതെരെ ബോധവത്കരണ ക്ലാസ് നടത്തി. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് ഏഴ് പേർ ചേർന്ന് ഒരു കുട്ടിയെ ക്രൂരമായി മർദ്ദിക്കുകയും പ്രതിയായ മറ്റൊരു കുട്ടി ആത്മഹത്യ ചെയ്യുകയും ചെയ്ത സാഹചര്യത്തിലാണ് ബോധവത്കരണ ക്ലാസ് നടത്തിയത്. തൃക്കാക്കര അസിസ്റ്റന്റ് കമ്മിഷണർ കെ.എം.ജിജിമോൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഫുട്ബാൾ താരം ഐ.എം.വിജയൻ മുഖ്യാതിഥിയായി.ക്ലബ് പ്രസിഡന്റ് അനീഷ് അധ്യക്ഷനായി.

# മദ്യനയത്തിനെതിരേ നിൽപ്പ് സമരം



*കെസിബിസി മദ്യ വിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി അഡ്വ. ചാർളി പോൾ നിൽപ്പ് സമരം ഉദ്ഘാടനം ചെയ്യുന്നു.*

അങ്കമാലി: സംസ്ഥാനത്ത് ഘട്ടം ഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച് അധികാരത്തിലെത്തിയ സർക്കാർ നാട്ടിൽ വൻതോതിൽ മദ്യം ഒഴുക്കുന്ന നടപടി സ്വീകരിക്കുന്നത് ജനദ്രോഹപരവും പ്രതിഷേധാർഹവുമാണെന്ന് കെസിബിസി മദ്യ വിരുദ്ധ സമിതി കുറ്റപ്പെടുത്തി.

ദൈവാലയങ്ങളും വിദ്യാലയങ്ങളും മറ്റ് സ്ഥാപനങ്ങളും ഭാഗികമായി മാത്രം പ്രവർത്തിക്കുമ്പോൾ മദ്യശാലകൾ മുഴുവൻ തുറന്നു പ്രവർത്തിക്കാൻ അനുവാദം നൽകിയത് കൊവിഡ് രോഗവ്യാപനത്തിന് കാരണമാകും. ജന നന്മയേക്കാൾ സർക്കാർ ലക്ഷ്യം വയ്ക്കുന്നത് മദ്യ മുതലാളിമാരുടെ താൽപര്യമാണ്. വ്യാപകമായി മദ്യശാലകൾ തുറന്നത് വഴി തെരഞ്ഞെടുപ്പ് ഫണ്ടാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. തെരഞ്ഞെടുപ്പിന് മുന്നോടിയായി മദ്യനയം മുന്നണികൾ പ്രഖ്യാപിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

മഞ്ഞപ്ര വടക്കുംഭാഗം ജംക്ഷനിൽ നടത്തിയ പ്രതിഷേധ നിൽപ്പ് സമരം മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി അഡ്വ.ചാർളി പോൾ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് കെ.എ.പൗലോസ്, ഷൈബി പാപ്പച്ചൻ, ജോസ് കണ്ടമംഗലത്താൻ, എം.പി.ജോസി, പൗലോസ് കീഴ്ത്തറ, ജോർജ് ഇമ്മാനുവേൽ എന്നിവർ പ്രസംഗിച്ചു.

# എ.പി.വർക്കി അനുസ്മരണവും, ഹാർട്ട് കെയർ സെന്റർ ഉദ്ഘാടനവും ആറിന്

കൊച്ചി: ആരക്കുന്നം എ.പി.വർക്കി മിഷൻ ആശുപത്രിയിൽ 19 -ാമത് എ.പി.വർക്കി അനുസ്മരണവും ഹാർട്ട് കെയർ സെന്റർ (കാത്ത്ലാബ്) ഉദ്ഘാടനവും ഞായറാഴ്ച രാവിലെ 10ന് ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ.ഷൈലജ വെർച്വൽ ഉദ്ഘാടനമായി നിർവഹിക്കും. ചടങ്ങിൽ ആശുപത്രി ചെയർമാനും, മുൻ എംപിയുമായ പി.രാജീവ് അധ്യക്ഷത വഹിക്കും.

സിപിഎം ജില്ലാ സെക്രട്ടറി സി.എൻ.മോഹനൻ എ.പി.വർക്കി അനുസ്മരണ പ്രഭാഷണം നടത്തും. പുതുതായി ആരംഭിക്കുന്ന ഹാർട്ട് കെയർ സെന്ററിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഐസിയു, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി സൗകര്യങ്ങളും ഉണ്ടാകും.

എ.പി.വർക്കി അനുസ്മരണത്തോടനുബന്ധിച്ച് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്ന സൗജന്യ മെഡിക്കൽ ക്യാംപിന്റെ ഉദ്ഘാടനം എംഎൽഎ അനൂപ് ജേക്കബും, പുതിയ ഐപി ബ്ലോക്കിന്റെ നിർമ്മാണോദ്ഘാടനം ബിപിസിഎൽ ജനറൽ മാനെജർ ജോർജ് തോമസും നിർവഹിക്കും. ആശുപത്രിയിൽ പത്ത് വർഷം പൂർത്തിയാക്കിയ ഡോക്റ്റർമാരെയും, ജീവനക്കാരെയും ചടങ്ങിൽ ആദരിക്കും. ക്യാംപിൽ പങ്കെടുക്കുന്ന രോഗികൾക്ക് ഡോക്റ്ററുടെ നിർദേശപ്രകാരമുള്ള എല്ലാ മരുന്നുകളും, ഇസിജി, എക്സ്-റേ, ഡോക്റ്റർ കൺസൾട്ടേഷൻ എന്നിവ സൗജന്യമാണെന്നും ട്രെഡ്മിൽ, എക്കോ, സ്കാനിങ്, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി തുടങ്ങിയവ കുറഞ്ഞ നിരക്കിൽ ചെയ്യാമെന്നും സെക്രട്ടറി എം.ജി.രാമചന്ദ്രൻ അറിയിച്ചു.

കൊച്ചിൻ ഷിപ്പിയാർഡ് ചെയർമാനും, മാനെജിങ് ഡയറക്റ്ററുമായ മധു.എസ്.നായർ മുഖ്യാതിഥിയായിയെത്തുന്ന ചടങ്ങിൽ ഡോ.സജി സുബ്രമണ്യൻ, ഡോ.ജുനൈദ് റഹ്മാൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജു.പി.നായർ, പിറവം മുൻസിപ്പൽ ചെയർപേഴ്സൺ ഏലിയാമ്മ ഫിലിപ്പ് എന്നിവർ പങ്കെടുക്കും.

# വെളിച്ചം പദ്ധതി: സ്കൂൾ അവാർഡുകൾ പ്രഖ്യാപിച്ചു

വൈപ്പിൻ: വെളിച്ചം തീവ്രവിദ്യാഭ്യാസ വികസന പദ്ധതിയുടെ കീഴിൽ 2019-20 അധ്യായനവർഷത്തെ മികച്ച ഹൈസ്കൂളായി ചെറായി എസ്എംഎച്ച്എസ് തെരഞ്ഞെടുക്കപ്പെട്ടു. പള്ളിപ്പുറം എസ്എസ് അരയാ യുപിഎസ് ആണു മികച്ച യുപി സ്കൂൾ. മികച്ച എൽപി സ്കൂളായി മാലിപ്പുറം സെൻപീറ്റേഴ്സ് എൽപിഎസ് തെരഞ്ഞെടുക്കപ്പെട്ടു. ഹൈസ്കൂൾ വിഭാഗത്തിൽ എളങ്കുന്നപ്പുഴ ജിവിഎച്ച്എസിനാണു രണ്ടാം സ്ഥാനം. കുഴുപ്പിള്ളി സെന്റ് അഗസ്റ്റിൻസ് ജിഎച്ച്എസും പള്ളിപ്പുറം സെന്റ് മേരീസ് എച്ച്എസും മൂന്നാം സ്ഥാനം പങ്കിട്ടു. എടവനക്കാട് എസ്ഡിപിഐ കെപിഎംഎച്ച്എസ് നാലാംസ്ഥാനവും കടമക്കുടി ജിവിഎച്ച്എസ് അഞ്ചാം സ്ഥാനവും കരസ്ഥമാക്കി.

യുപി വിഭാഗത്തിൽ നായരമ്പലം ഡിബിയുപി സ്കൂൾ രണ്ടാം സ്ഥാനം നേടി. ഓച്ചന്തുരുത്ത് എസ്എസ്എസ്എസ് യുപി സ്കൂളും പിഴല സെന്റ് ഫ്രാൻസിസ് യുപി സ്കൂളും മൂന്നാം സ്ഥാനത്തെത്തി. പുതുവൈപ്പ് ഗവൺമെന്റ് യുപി സ്കൂൾ നാലാം സ്ഥാനവും പോഞ്ഞിക്കര സെന്റ് സെബാസ്റ്റ്യൻസ് യുപി സ്കൂൾ അഞ്ചാം സ്ഥാനവും കരസ്ഥമാക്കി. എൽപി വിഭാഗത്തിൽ രണ്ടാം സ്ഥാനം ബോൾഗാട്ടി സെന്റ് ഫ്രാൻസിസ് എൽപി സ്കൂളിനാണ്. ചെറായി ഗവൺമെന്റ് എൽപി സ്കൂൾ മൂന്നാംസ്ഥാനം കരസ്ഥമാക്കി. മുളവുകാട് എയ്ഡഡ് എൽപി സ്കൂളും എളങ്കുന്നപ്പുഴ ഗവൺമെന്റ് ന്യൂ എൽപി സ്കൂളും നാലാം സ്ഥാനം പങ്കിട്ടു. അഞ്ചാംസ്ഥാനം പൊന്നാരിമംഗലം സെൻമേരിസ് എൽപി സ്കൂളും ചെറായി എസ്എംഎൽപി സ്കൂളും പങ്കിട്ടു. ജേതാക്കളായ സ്കൂളുകൾക്ക് കാൽ കോടിയോളം രൂപയുടെ സമ്മാനങ്ങൾ നൽകുമെന്ന് എസ്.ശർമ എംഎൽഎ പറഞ്ഞു. സ്കൂളിലെ ഐടി സൗകര്യങ്ങൾവിപുലീകരിക്കുന്നതിനായിരിക്കും സമ്മാനത്തുക ഉപയോഗിക്കുക. 1,2,3 സ്ഥാനക്കാരായ സ്കൂളുകൾക്ക് കംപ്യൂട്ടറുകളും പ്രൊജക്റ്ററുകളും ഉൾപ്പെടുന്ന കംപ്യൂട്ടർ ലാബുകൾ സമ്മാനിക്കും. 4,5സ്ഥാനക്കാർക്കു കംപ്യൂട്ടറുകൾ നൽകും.പുരസ്കാരത്തിന് അർഹരായ എല്ലാ സ്കൂളുകൾക്കും ട്രോഫിയും ഫലകവും സമ്മാനിക്കും. 70 സ്കൂളുകളിൽനിന്നായി കാൽലക്ഷത്തോളം കുട്ടികൾ എഴുതിയ വെളിച്ചം പൊതുപരീക്ഷയിൽ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിലാണു മികച്ച സ്കൂളുകളെ തെരഞ്ഞെടുത്തതെന്നും എംഎൽഎ പറഞ്ഞു. ഏറ്റവും കൂടുതൽ മാർക്ക് നേടിയ 33 കുട്ടികളെ ടോപ്പേഴ്സ് അവാർഡിനായി തെരഞ്ഞെടുത്തു. സ്കൂളുകൾ തോറും ഏറ്റവും കൂടുതൽ മാർക്ക് നേടിയ 84 കുട്ടികൾ സ്റ്റുഡന്റ് ഓഫ് ദി ഇയർ പുരസ്കാരത്തിന് അർഹരായി.

## പന്ത്രണ്ട് വർഷമായി ഒളിവിലിരുന്ന പ്രതി അറസ്റ്റിൽ

കൊച്ചി: പന്ത്രണ്ട് വർഷം മുൻപ് അടിപിടികേസിൽ കോടതി ശിക്ഷിച്ചതിനെ തുടർന്ന് ഒളിവിൽ പോയ പ്രതി അറസ്റ്റിൽ. ആലുവ കൊടികുത്തുമല നീലത്തോപ്പുകര മൂലൻവീട്ടിൽ കുര്യൻ ജോസിനെയാണ് (59) ആലുവ ഈസ്റ്റ്പോലീസ് അറസ്റ്റ് ചെയ്തത്. മുൻകുറ്റവാളികളേയും വാറണ്ട് പ്രതികളേയും കുറിച്ച് അന്വേഷണം നടത്താൻഎറണാകുളം റൂറൽ ജില്ലാ പൊലീസ് മേധാവി കെ. കാർത്തിക് ജില്ലയിലെ എല്ലാ പൊലീസ് സ്റ്റേഷൻ എസ്എച്ച്ഒമാർക്കും നിർദേശം നൽകിയിരുന്നു. ഇതിന്റെ ഭാഗമായി നടന്ന പരിശോധയിലാണ് ഇയാൾ പിടിയിലായത്. അന്വേഷണ സംഘത്തിൽ ഇൻസ്പെക്റ്റർ രാജേഷ് പി.എസ്, എസ് ഐ വിനോദ്.ആർ, എസ്സിപിഒ അഭിലാഷ് ടി.ജി, സിപിഒമാരായ ഷെബിൻടി.എ, നിസാർപി.പി എന്നിവരാണ് ഉണ്ടായിരുന്നത്.

## വിരണ്ടോടിയ പോത്തിനെ സാഹസികമായി പിടികൂടി

കൂത്താട്ടുകുളം: കാളചന്തയിൽ നിന്നു വിരണ്ടോടിയ പോത്തിനെ കൂത്താട്ടുകുളം അഗ്നിരക്ഷാ സേന ഉദ്യോഗസ്ഥർ അതി സാഹസികമായി പിടികൂടി. കിഴകൊമ്പ് ഇടത്താനാൽ കുഞ്ഞുമോന്റെ പോത്താണ് ഇന്നലെ രാവിലെ മാർക്കറ്റിൽ നിന്ന് വിരണ്ടോടിയത്. രാവിലെ പത്ത് മണിയോടെ കൂത്താട്ടുകുളം മാരുതി ജംക്ഷനിൽ മൈത്രി നഗർ അർജുൻ നിവാസിൽ ഡോക്റ്റർ കുസുമത്തിന്റെ പുരയിടത്തിൽ പോത്ത് കയറി നാശനഷ്ടങ്ങൾ ഉണ്ടാക്കുകയായിരുന്നു. സ്റ്റേഷൻ ഓഫിസർ സജിമോൻ ടി. ജോസഫിന്റെ നേതൃത്വത്തിൽ അനിൽകുമാർ, ബിജുമോൻ,അഭിഷേക്, ജോബിൻ, സാബു, മനോജ്,അശോകൻ, അബ്രഹാം, സുരേഷ് എന്നിവരടങ്ങിയ സംഘമാണ് രക്ഷാപ്രവർത്തനം നടത്തത്തിയത്.

# ഹൃദയത്തിനു മുകളിലെ തൈറോയ്ഡ് മുഴ നീക്കി; ലക്ഷദ്വീപുകാരിക്ക് പുതുജീവൻ



*ഡോ. പത്മകുമാറും സംഘവും വഹീദാ ബീഗമിനും കുടുംബത്തിനുമൊപ്പം.*

കൊച്ചി: തൈറോയ്ഡ് മുഴ അമിതമായി വളർന്ന് കഴുത്തും നെഞ്ചിൻകൂടും കവിഞ്ഞ് ശ്വാസനാളത്തെ അടച്ചു കളഞ്ഞ അപൂർവ ഗുരുതരാവസ്ഥ നേരിട്ട ലക്ഷദ്വീപ് സ്വദേശിനി വഹീദാ ബീഗമിന് (31) ഒടുവിൽ പുതുജീവൻ. തൈറോഡ് മുഴ വളർന്ന് ശ്വാസവും ഹൃദയമിടിപ്പും നിലച്ച അവസ്ഥയിലാണ് ഇക്കഴിഞ്ഞ ജനുവരി 23ന് വെന്റിലേറ്റർ സഹായത്തോടെ രോഗിയെ ഹെലികോപ്റ്ററിൽ കൊച്ചി വിപിഎസ് ലേക്ക്ഷോർ ഹോസ്പിറ്റലിലെത്തിച്ചത്. ലക്ഷദ്വീപിൽ നിന്ന് പുറപ്പെടും മുമ്പ് അവിടുത്തെ സീനിയർ അനസ്തീഷ്യോളജിസ്റ്റ് ഡോ. ചിദംബരം വഹീദയുടെ അടഞ്ഞ ശ്വാസനാളത്തിലേയ്ക്ക് ട്യൂബ് കടത്തി ശ്വാസം നൽകിയതിന്റെ ബലത്തിലാണ് സംഘം ലക്ഷദ്വീപിൽ നിന്ന് യാത്ര തിരിച്ചത്. അതീവ ഗുരുതരാവസ്ഥയിലുള്ള രോഗിയെ ഹെലികോപ്റ്ററിൽ കടൽ കടത്തി കൊച്ചിയിൽ എത്തിക്കുന്ന ദൗത്യം ഡോ.ഖലീൽ ഖാൻ, ഡോ. റിഫാൻ, ഡോ.അനൂഷ്, ബാബു എന്നിവർ നിർവഹിച്ചു.

വിപിഎസ് ലേക്ക്ഷോറിൽ എത്തിച്ചയുടൻ വെന്റിലേറ്ററിലായിരിക്കെത്തന്നെ ഹോസ്പിറ്റലിലെ മിനിമലി ഇൻവേസിവ് സർജറി വിഭാഗത്തിൽ രോഗിയെ ശസ്തക്രിയയ്ക്ക് വിധേയമാക്കുകയായിരുന്നു. കഴുത്തു മുഴുവൻ നിറഞ്ഞ വലിയ മുഴ ശ്വാസനാളത്തിന് സ്ഥാനചലനം വരുത്തുകയും നെഞ്ചിൻ കൂടിന്റെ മുൻഭാഗത്തുകൂടി ഉള്ളിലേയ്ക്ക് വളർന്ന് ഹൃദയത്തേയും പ്രധാന രക്തധമനികളെയും അമർത്തിയിരിക്കുന്നതായാണ് സിടി സ്കാൻ പരിശോധനയിൽ കണ്ടത്. അങ്ങനെ രോഗിയുടെ ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും പ്രവർത്തനങ്ങളും അപകടാവസ്ഥയിലായിരുന്നു.

ഈ വലിയ മുഴ നീക്കം ചെയ്താൽ മാത്രമേ രോഗിയെ രക്ഷിക്കാൻ കഴിയുമായിരുന്നുള്ളുവെന്ന് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മിനിമലി ഇൻവേസിവ് സർജറി വിഭാഗം മേധാവി ഡോ. ആർ പത്മകുമാർ പറഞ്ഞു. സാധാരണയായി താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെയാണ് തൈറോയ്ഡ്ഗ്രന്ഥിയും മുഴകളും നീക്കം ചെയ്യുന്നത്. എന്നാൽ ഈ രോഗിയുടെ കാര്യത്തിൽ കഴുത്തും നെഞ്ചിന്റെ മധ്യഭാഗവും പൂർണമായി തുറക്കേണ്ടി വന്നു. ഒപ്പം ഹൃദയത്തിന്റെയും ധമനികളുടെയും സുരക്ഷ ഉറപ്പാക്കിക്കൊണ്ടാണ് വലിയ ട്യൂമർ നീക്കം ചെയ്തത്. മിനിമലി ഇൻവേസിവ് സർജറി വിഭാഗം മേധാവി ഡോ. ആർ പത്മകുമാറിന്റെ നേതൃത്വത്തിലുള്ള ശസ്ത്രക്രിയാ സംഘത്തിൽ സീനിയർ സർജൻ ഡോ.മധുകര പൈ, ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. സുജിത്ത്, നഴ്സുമാരായ സരിൻ, ജയലക്ഷ്മി, ടിൻസി, സൗമ്യ എന്നിവർ പങ്കെടുത്തു. ഡോ.ജയസൂസൻ അനസ്തേഷ്യയ്ക്ക് നേതൃത്വം നൽകി. ആശുപത്രി സിഇഒ എസ്.കെ.അബ്ദുള്ള, അനസ്തേഷ്യാ വിഭാഗം മേധാവി ഡോ.മോഹൻ മാത്യു എന്നിവരുടെ സമയോചിതമായ ഇടപെടലുകളും രോഗിയെ രക്ഷിക്കാൻ സഹായിച്ചെന്നും ഡോ. പത്മകുമാർ പറഞ്ഞു.



മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1196 മകരം 22 ജ.ആഖിർ 21
വ്യാഴം 4 ഫെബ്രുവരി 2021

## മറക്കരുത്, നിങ്ങൾ മാതൃകയാണ്

കൊവിഡ് വ്യാപനത്തിന്റെ കൊടുമുടിയിൽ ഏതാണ്ട് ഒറ്റയ്ക്കായിട്ടുണ്ട് കേരളം. പ്രതിദിനമുള്ള രോഗികളുടെ എണ്ണം കാര്യമായ മാറ്റമില്ലാതെ തുടരുന്നതാണു കാരണം. സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികളും സംസ്ഥാനത്തിന്റെ ആരോഗ്യ പരിരക്ഷാ സംവിധാനവുമെല്ലാം നിസഹായമായിപ്പോകുന്ന തരത്തിലാണ് ജനങ്ങളുടെ പെരുമാറ്റമെന്നു പറയാതെ വയ്യ. രോഗവ്യാപനത്തിന് കരുത്തു പകരാൻ സഹായിക്കുന്ന കൂട്ടംചേരലുകൾ ഇന്നത്തെ സാഹചര്യത്തിൽ, ചിന്തിക്കാവുന്നതിനും അപ്പുറത്താണ്. അതിൽ നിന്ന് സ്വന്തം അനുയായികളെ പിന്തിരിപ്പിക്കേണ്ട നേതാക്കളും അധികാരികളും തങ്ങളുടെ ഉത്തരവാദിത്വം മറന്ന് പ്രവർത്തിക്കുന്നതും പിന്നീട്, അതിനു കാരണക്കാർ പൊതുജനങ്ങളാണെന്നു പറഞ്ഞ് കൈകഴുകുന്നതുമാണ് കണ്ടുവരുന്നത്.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നയിക്കുന്ന ഐശ്വര്യ കേരള യാത്രയിൽ കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചില്ലെന്ന് ആരോപിച്ച് 26 യുഡിഎഫ് നേതാക്കളടക്കം 400 പേർക്കെതിരേ പൊലീസ് കേസെടുത്തിരിക്കുകയാണ്. തങ്ങളെ രാഷ്ട്രീയമായി വേട്ടയാടുന്നതിന്റെ ഭാഗമാണു നടപടിയെന്നും തങ്ങൾക്കെതിരേ നടപടിയെടുക്കുന്ന സർക്കാർ, മന്ത്രിമാർ നേരിട്ടു നടത്തുന്ന അദാലത്തുകളിലെ ജനക്കൂട്ടം നിയന്ത്രിക്കാൻ ശ്രമിക്കുന്നില്ലെന്നുമാണ് കോൺഗ്രസ് തിരിച്ചടിച്ചത്. ഇന്നലെ ബിജെപി ദേശീയാധ്യക്ഷൻ ജെ.പി. നഡ്ഡ തിരുവനന്തപുരത്തെത്തിയപ്പോഴും വലിയ ജനക്കൂട്ടമുണ്ടായിരുന്നു. ഇന്നു തൃശൂരിലും അതുണ്ടാകാം. മൂന്നു മുന്നണികളുടെയും നേതാക്കൾക്കു പരസ്പരം കുറ്റം ചാർത്തി രക്ഷപെടാൻ സാധിക്കും. എന്നാൽ, നിയന്ത്രണം മറന്നും കൂട്ടമായി ഇടപഴകിയും രോഗം വിളിച്ചു വരുത്തുന്നത് സ്വന്തം അണികളാണെന്നു മനസ്സിലാക്കി അവരെ മുൻകരുതലുകൾക്കു പ്രേരിപ്പിക്കാനാണ് നേതാക്കൾ ശ്രമിക്കേണ്ടത്.

ആദ്യഘട്ടത്തിൽ കൊവിഡിനെ സമർഥമായി പിടിച്ചുകെട്ടിയ കേരളത്തിന് സ്വതസിദ്ധമായ ചില പരിമിതികൾ കൊണ്ടാണ് അതിൽ നിന്ന് പിന്നാക്കം പോകേണ്ടി വന്നത്. അതിലും രാഷ്ട്രീയമായ ലാക്കുകളുണ്ടായിരുന്നു. കൊവിഡ് പ്രതിരോധത്തിന് മറ്റു രാജ്യങ്ങളിൽ നിന്നും രാജ്യാന്തര സംഘടനകളിൽ നിന്നും അഭിനന്ദനങ്ങൾ ഒഴുകിയെത്തിയപ്പോഴാണ് നിയന്ത്രണങ്ങൾ കാറ്റിൽ പറത്താനുള്ള ആദ്യ നീക്കമുണ്ടായത്. സംസ്ഥാനത്തിന്റെ മികവ് തങ്ങളുടെ നേട്ടമായി ഉദ്ഘോഷിക്കുകയും മറ്റു സംസ്ഥാനങ്ങളുടെ നിലയുമായി താരതമ്യം ചെയ്ത് മേന്മ അവകാശപ്പെടുകയും ചെയ്തപ്പോഴാണ് സർക്കാരിനെ താഴ്ത്തിക്കെട്ടേണ്ടത് രാഷ്ട്രീയമായ ആവശ്യമായി പ്രതിപക്ഷത്തിനു തോന്നിയത്. പതിറ്റാണ്ടുകളായി കേരളത്തിലെ ജനങ്ങൾ വിദ്യാഭ്യാസത്തിലൂടെയും ലോകപരിചയത്തിലൂടെയും നേടിയ അറിവുകളാണ് കൊവിഡ് പ്രതിരോധത്തിനു വഴികാണിച്ചത് എന്നത് അംഗീകരിച്ച് ജനങ്ങൾ നൽകിയ സഹകരണത്തെ ആരും ശ്ലാഘിച്ചുകണ്ടില്ല. ഈ ചക്കളത്തിപ്പോരാട്ടമാണ് സംസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്കു കാരണം.

രോഗവ്യാപനത്തിന്റെയും ലോക്ഡൗണിന്റെയും നാളുകളിൽ എല്ലാം സഹിച്ചും പലതും നഷ്ടപ്പെടുത്തിയുമാണ് മലയാളികൾ വീടുകളിൽ ഒതുങ്ങിക്കൂടിയത്. പുറംലോകവുമായി കാര്യമായ ബന്ധമില്ലാതെയാണു മിക്ക ഭവനങ്ങളിലും മുതിർന്നവരും കുട്ടികളും കഴിയുന്നത്. പല വീടുകളും രൂക്ഷമായ സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്നുമുണ്ട്. ജീവിതം എത്രയും വേഗം പഴയമട്ടിലാകുന്ന നാളും എണ്ണിക്കഴിയുന്നവർക്ക് തെറ്റായ പ്രതീക്ഷകൾ കൊടുത്തുകൊണ്ടാണ് രാഷ്ട്രീയ പാർട്ടികൾ തദ്ദേശ തെരഞ്ഞെടുപ്പിന് തയാറെടുത്തത്. നിയന്ത്രണങ്ങൾ പിൻവലിക്കുന്നത് ദുരന്തമാകുമെന്ന വിദഗ്ധരുടെ മുന്നറിയിപ്പുകൾ അവരെ അപഹസിച്ചുകൊണ്ടാണ് തള്ളിക്കളഞ്ഞത്. എല്ലാ വിധ നിയന്ത്രണങ്ങൾക്കും അധികൃതർ കണ്ണടച്ചു കൊടുത്തു. തെരഞ്ഞെടുപ്പിനു പിന്നാലെ നിയന്ത്രണങ്ങൾ ഒന്നൊന്നായി പിൻവലിച്ചു വരികയാണ്. കടുത്ത നിയന്ത്രണങ്ങളോടെയും കർക്കശ നിരീക്ഷണത്തിലൂടെയും എല്ലാ മേഖലകളും തുറക്കട്ടെ. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും പാലിക്കാൻ പ്രേരിപ്പിച്ചുകൊണ്ടും ഇപ്പോൾ ചെയ്തുവരുന്നതെല്ലാം കഴിയുമെന്നിരിക്കെ, എന്തുകൊണ്ടാണ് ആ ഉത്തരവാദിത്വം ജനനേതാക്കളും മന്ത്രിമാരും മറ്റും കാണിക്കാത്തതെന്നു മനസ്സിലാകുന്നില്ല.

കൊവിഡ് ഭീഷണി കുറഞ്ഞ അയൽ സംസ്ഥാനങ്ങളിൽ നിയന്ത്രണങ്ങൾ ഇല്ലാതായതും കൊവിഡ് വാക്സിനുകളുടെ ആവിർഭാവവും രോഗത്തെക്കുറിച്ചുള്ള ഭയപ്പാട് കുറച്ചിട്ടുണ്ട്. എന്നാൽ നിയന്ത്രണങ്ങൾ വേണ്ടെന്നുവയ്ക്കാറായിട്ടില്ല. നെടുനാളത്തെ പരിശ്രമഫലമായിട്ടാണ് ആരോഗ്യം ഉൾപ്പെടെയുള്ള ജീവിത നിലവാര സൂചികയിൽ കേരളം ഒന്നാമത് നിൽക്കുന്നത്. ഇപ്പോഴും രാജ്യത്തെ ഏറ്റവും മികച്ച ആരോഗ്യ പരിരക്ഷാ സംവിധാനവും ശൃംഖലയുമാണ് നമുക്കുള്ളത്. ഏറ്റവും കൂടുതൽ കൊവിഡ് രോഗികളുള്ള സംസ്ഥാനമാണെന്നത് നമ്മുടെ കൂട്ടായ ഉത്തരവാദിത്വം വർധിപ്പിക്കേണ്ടതാണ്. ഇപ്പോൾ യുഡിഎഫാണ് പര്യടനം നടത്തുന്നതെങ്കിൽ നാളെ എൽഡിഎഫും എൻഡിഎയും യാത്രകളുമായി വരും. അപ്പോൾ ഈ ന്യായവാദങ്ങൾ അവരും മറക്കാനാണ് എല്ലാ സാധ്യതകളും. ഇതാകരുത് കേരളം അനുവർത്തിക്കേണ്ട രീതി. ജനാഭിമുഖ്യമുള്ള, സാധാരണക്കാരോട് കരുതലുള്ള രാഷ്ട്രീയമാണ് ഇവിടെ ഉണ്ടാകേണ്ടത്. സംയമനം പാലിക്കാനും അമിതാവേശത്തിൽ നിന്നു പിന്തിരിയാനും നേതാക്കൾ തന്നെ അണികളോട് ആവശ്യപ്പെട്ട് മാതൃക കാണിക്കുന്ന നാടാകണം ഇത്.

# എൻഡോസൾഫാനെക്കുറിച്ച് വീണ്ടും

### അതീതം



എം.ബി. സന്തോഷ്

ആ പെൺകുട്ടി കാസർഗോഡ് ജില്ലാ കലക്റ്റർക്ക് നോട്ടറിയുടെ സത്യവാങ്മൂലം സഹിതം ഒരു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകയുടെ പേര് ഒഴിവാക്കുന്നു. അതിൽ പറയുന്നത് 10-11 വയസുണ്ടായിരുന്നപ്പോൾ ശക്തമായ തലവേദന കാരണം മംഗലാപുരത്ത് സ്വകാര്യ ആശുപത്രിയിൽ സ്വന്തം ചെലവിൽ ശസ്ത്രക്രിയ നടത്തിയിരുന്നു, തുടർന്ന് എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള മെഡിക്കൽ ക്യാമ്പ് നടന്നപ്പോൾ അത് ചികിത്സാ ക്യാമ്പ് ആണെന്ന് തെറ്റിദ്ധരിച്ച് പങ്കെടുത്തു. അങ്ങനെയാണ് താൻ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതെന്നാണ് പെൺകുട്ടിയുടെ സത്യവാങ്മൂലം! തന്റെ ഭാവി ജീവിതത്തെ ബാധിക്കുമെന്നതിനാൽ എൻഡോസൾഫാൻ ദുരിതബാധിതുടെ പട്ടികയിൽനിന്ന് ഒഴിവാക്കണമെന്നാണ് ആ ചെറുപ്പക്കാരിയുടെ ആവശ്യം.

മറ്റൊരു യുവാവ് മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തത് ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട് സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനായിരുന്നു. വിദേശത്ത് ജോലി കിട്ടിയതിനാൽ അവിടെ ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റിൽ എൻഡോസൾഫാൻ ദുരിതബാധിതനാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതേ തുടർന്നാണ് വിദേശ ജോലിയിൽ പ്രവേശിക്കാൻ ഈ പട്ടിക തടസമാവുമെന്ന് കണ്ട് അതിൽനിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് അദ്ദേഹവും എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽനിന്ന് ഒഴിവാക്കണമെന്ന് കാസർഗോഡ് ജില്ലാ കലക്റ്ററോട് ആവശ്യപ്പെട്ടു. ഇരുവരെയും പട്ടികയിൽനിന്ന് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ദുരിതബാധിതരുടെ പട്ടികയിൽ പെട്ട മറ്റൊരു കുട്ടി മാനസിക വൈകല്യം ബാധിച്ചവരുടെ വിഭാഗത്തിൽ സർക്കാരിന്റെ അഞ്ചു ലക്ഷം കൈപ്പറ്റി. ഈ കുട്ടി പരസഹായമില്ലാതെ എസ്എസ്എൽസി പരീക്ഷ വിജയിച്ചു. 60 ശതമാനം മാനസിക വൈകല്യമുള്ള കുട്ടി പരസഹായം ഇല്ലാതെ പരീക്ഷ വിജയിച്ചത് ലിസ്റ്റിന്റെ ആധികാരികതയെ സംബന്ധിച്ച് കൂടുതൽ അന്വേഷണം ആവശ്യമാണെന്ന നിഗമനത്തിൽ ജില്ലാ കലക്റ്ററെ എത്തിച്ചിട്ടുണ്ട്. വേറൊരു കുട്ടിയും ഇത്തരത്തിൽ അഞ്ചുലക്ഷം കൈപ്പറ്റി. അദ്ദേഹത്തിന് പോളിടെക്നിക് കഴിഞ്ഞ് വിദേശത്ത് ജോലി കിട്ടി. ഇത്തരം വൈകല്യമുള്ള ഒരാളിന് എങ്ങനെ പോളിടെക്നിക് കഴിഞ്ഞ് വിദേശത്ത് ജോലി ലഭിക്കുമെന്നും ജില്ലാ കലക്റ്റർ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ഇരകളുടെ ലിസ്റ്റിൽനിന്ന് ഒഴിവാക്കണമെന്ന് ഇയാളും അഭ്യർഥിച്ചിരിക്കുകയാണ്.

എത്ര നിരുത്തരവാദപരമായാണ് ലക്ഷക്കണക്കിന് രൂപയുടെ ബാധ്യത സർക്കാരിന് ഉണ്ടാകുന്ന തരത്തിൽ എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തുന്നതിനായി ക്യാമ്പ് നടത്തിയ മെഡിക്കൽ സംഘം സ്വീകരിച്ചിട്ടുള്ളത് എന്ന് ഇതിൽനിന്ന് മനസ്സിലാവുമെന്നാണ് ഇതു സംബന്ധിച്ച് കാസർഗോഡ് ജില്ലാ കലക്റ്റർ ഡി.സജിത് ബാബു സർക്കാരിന് നൽകിയ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ശാസ്ത്ര വശങ്ങൾക്കപ്പുറം വൈകാരികമായാണ് ഉദ്യോഗസ്ഥർ, പ്രത്യേകിച്ചും ഡോക്റ്റർമാർ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ. ഇതിനുദാഹരണമായി ലിസ്റ്റിലെ ഇരട്ടിപ്പ് പട്ടിക അദ്ദേഹം എടുത്തുകാട്ടിയിട്ടുണ്ട്. 40 പേരാണ് ഇങ്ങനെ ഇരട്ടിച്ചത്. അവരുടെ പേരും വിവരങ്ങളും റിപ്പോർട്ടിൽ അക്കമിട്ട് നിരത്തിയിട്ടുണ്ട്.

നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം കേരളത്തിലെ മെഡിക്കൽ കോളെജുകളിലെ വിദഗ്ധ ഡോക്റ്റർമാർ അടങ്ങുന്ന സംഘത്തിന് മാത്രമേ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക തയാറാക്കാനും കാറ്റഗറി നിശ്ചയിക്കാനും അധികാരമുള്ളൂ. എന്നാൽ, ഈ വിദഗ്ധ ഡോക്റ്റർമാർ നിശ്ചയിച്ച കാറ്റഗറി ക്യാമ്പുകൾക്കുശേഷം മാറ്റിയിട്ടുണ്ട്. സർക്കാരിൽനിന്ന് കൂടുതൽ സാമ്പത്തിക സഹായം നേടുന്നതിനായിരുന്നു ഇത്. ഇങ്ങനെ കാറ്റഗറി മാറ്റം വരുത്തിയ 43 പേരുടെ പട്ടികയും ജില്ലാ കലക്റ്റർ സർക്കാരിന് കൈമാറിയ റിപ്പോർട്ടിലുണ്ട്. അതിൽ ആദ്യത്തെ 14 പേർക്ക് സർക്കാർ ധനസഹായം നൽകേണ്ടതില്ലാത്ത കാറ്റഗറിയായിരുന്നു. കാറ്റഗറി ഇങ്ങനെ മാറ്റിയപ്പോൾ ഓരോരുത്തർക്കും അഞ്ച് ലക്ഷം രൂപ വീതം നൽകേണ്ടി വന്നു. 1.56 കോടി രൂപയാണ് ഉദ്യോഗസ്ഥർ ഇങ്ങനെ സർക്കാരിന് നഷ്ടപ്പെടുത്തിയത്. ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ഇപ്പോഴും സർവീസിലുണ്ട് എന്നതാണ് ഏറ്റവും ദുഃഖകരമായ അവസ്ഥയെന്ന് ജില്ലാ കലക്റ്റർ രേഖപ്പെടുത്തിയിട്ടുണ്ട്.

എൻഡോസൾഫാൻ ഇരകൾക്ക് നൽകുന്ന പെൻഷൻ അവരുടെ മരണശേഷവും കൈപ്പറ്റിയ 125 കേസുകളിൽ കഴിഞ്ഞ മാർച്ചുവരെ 40.61 ലക്ഷം രൂപയാണ് സർക്കാരിന് നഷ്ടമായത്. എൻഡോസൾഫാൻ പെൻഷൻകാർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയുള്ള മറ്റ് പെൻഷനുകളേതെങ്കിലും കിട്ടുന്നെങ്കിൽ ഇവരുടെ ഈ പെൻഷനിൽ നിന്ന് 500 രൂപ കുറയ്ക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും ആ വഴിക്ക് ഒരന്വേഷണംപോലും നടത്തിയിട്ടില്ല. എൻഡോസൾഫാന്റെ ഇരകളായി വന്ധ്യത ഉണ്ടായി എന്നു കണ്ടെത്തിയ 55 പേരിൽ 28 പേർക്ക് നിലവിൽ കുട്ടികളുണ്ട്! ഇവരുടെ പേരും വിലാസവും സഹിതമാണ് ജില്ലാ കലക്റ്റർ സർക്കാരിന് റിപ്പോർട്ട് നൽകിയത്. പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്ത എൻഡോസൾഫാൻ ഇരകളെ പരിചരിക്കുന്നവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്ന 'ആശ്വാസ കിരണം' പദ്ധതി പ്രകാരം 813 പേർക്ക് പ്രതിമാസം 700 രൂപ നൽകുന്നുണ്ട്. അതിൽ 131 പേർ മറ്റു വിഭാഗങ്ങളിലുള്ളവരാണെന്നാണ് അന്വേഷണ റിപ്പോർട്ട്. എൻഡോസൾഫാൻ തളിച്ച കാലയളവിൽ കാസർഗോഡ് ഇല്ലാതിരുന്നവരും വ്യാജവിലാസത്തിൽ ആനുകൂല്യം കൈപ്പറ്റുന്നത് കണ്ടെത്തിയിട്ടുണ്ട്.



**ഇല്ലാത്ത ഒന്നിന്റെ പേരിൽ ശാസ്ത്രത്തെ ദുരുപയോഗം ചെയ്യുകയാണോ കാസർഗോഡ്? കാസർഗോഡ് എൻഡോസൾഫാന്റെ ഇരകളുണ്ടെങ്കിൽ തീർച്ചയായും അവരെ ജീവിതകാലം മുഴുവൻ സംരക്ഷിക്കാനുള്ള ബാധ്യത സംസ്ഥാന സർക്കാരിനുണ്ട്. അങ്ങനെ ഇല്ല, മറ്റുള്ളിടങ്ങളിലേതു പോലുള്ള വൈകല്യങ്ങളും രോഗങ്ങളുമേ കാസർഗോഡുമുള്ളൂ എങ്കിൽ ആ പ്രചാരണം തിരുത്തണം. അതിനർഥം ആ നിരോധിത കീടനാശിനി തിരികെ കൊണ്ടുവരണമെന്നല്ല.**

യഥാർഥത്തിൽ കാസർഗോഡ് എൻഡോസൾഫാൻ ഇഫക്റ്റില്ലെന്ന് ആദ്യമായി വാദിച്ച് അതിനെ സാധൂകരിക്കുന്ന തെളിവുകൾ ഹാജരാക്കിയത് നീലേശ്വരം ഗവണ്മെന്റ് കാർഷിക കോളെജിലെ എൻഡമോളജി വിഭാഗം മേധാവി ഡോ.കെ.എം. ശ്രീകുമാറാണ്. തിരുവനന്തപുരം വെള്ളായണി കാർഷിക കോളെജിലെ അസി.പ്രൊഫസർ ഡോ.കെ.ഡി. പ്രതാപനും ഇക്കാര്യത്തിൽ ശ്രീകുമാറിന് ശക്തമായ പിന്തുണ നൽകി. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ 'ശാസ്ത്രഗതി' മാസികയുടെ 2010 സെപ്തംബർ ലക്കത്തിൽ എൻഡോസൾഫാൻ ഇന്ത്യയിൽ നിരോധിക്കണമെന്നാവശ്യപ്പെട്ട് ലേഖനമെഴുതുകയും പരിഷത്തിന്റെ സമ്മേളനത്തിൽ വായുമാർഗമുള്ള എൻഡോസൾഫാൻ തളിക്കൽ നിരോധിക്കണം എന്നാവശ്യപ്പെട്ട് പ്രമേയം അവതരിപ്പിച്ചതും ഇതേ ശ്രീകുമാറാണ്.

കീടവിജ്ഞാന ശാസ്ത്രജ്ഞരായ ഡോ. ശ്രീകുമാറും ഡോ.പ്രതാപനും 2011ലെ ജനസംഖ്യാ കണക്ക്, 2015ലെ അംഗപരിമിത സെൻസസ്, വികലാംഗ പുനരധിവാസത്തിനുള്ള ദേശീയ പദ്ധതി പ്രകാരമുള്ള വിവരശേഖരണം എന്നിവ ഉൾപ്പെടെയുള്ള ഔദ്യോഗിക രേഖകൾ അപഗ്രഥിച്ച് സംസ്ഥാനത്തെ മറ്റ് ജില്ലകളിലുള്ളതിനെക്കാൾ വൈകല്യങ്ങളും ജനിതകമുൾപ്പെടെയുള്ള രോഗങ്ങളും എൻഡോസൾഫാൻ തളിച്ച എൻമകജെ, പുല്ലൂർ പെരിയ,അജാനൂർ, കയ്യൂർ ചീമേനി, മൂളിയാർ, കുമ്പടാജെ, ബെള്ളൂർ, കള്ളാർ, പനത്തടി എന്നീ ഗ്രാമപഞ്ചായത്തുകളിലില്ലെന്ന് കണ്ടെത്തുകയായിരുന്നു. ഈ ഗ്രാമപഞ്ചായത്തുകളിൽ ഒരു ലക്ഷത്തിൽ 272 പേർക്കാണ് ചലന വൈകല്യമുള്ളതായി കണ്ടെത്തിയതെങ്കിൽ ഇക്കാര്യത്തിലെ ദേശീയ ശരാശരി 289 ആണ്. മാനസിക വെല്ലുവിളി, സെറിബ്രൽ പാൾസി, സംസാര-കാഴ്ച-കേൾവി-ജനിതക വൈകല്യങ്ങൾ, ക്യാൻസർ എന്നിവ ഉൾപ്പെടെ ഒരു അസുഖവും ദേശീയ ശരാശരിയെക്കാൾ കാസർഗോഡ് കൂടുതലല്ല. പാലക്കാട്ടെ മണ്ണാർക്കാട്ടും ഇടുക്കിയിലും ഉൾപ്പെടെ എൻഡോസൾഫാൻ ഇതേ കാലയളവിൽ വായുമാർഗം തളിച്ച ഒരിടത്തും ആരോഗ്യപ്രശ്നങ്ങളുണ്ടായിട്ടില്ല. 20 വർഷം ആഫ്രിക്കയിൽ 100 ലക്ഷം ഹെക്റ്ററിൽവരെ എൻഡോസൾഫാൻ വായുമാർഗം തളിച്ചിട്ടും അവിടങ്ങളിലും ഒരു പ്രശ്നവുമണ്ടായിട്ടില്ലെന്ന് ഇരുവരും വ്യക്തമാക്കുന്നു.

ഇല്ലാത്ത ഒന്നിന്റെ പേരിൽ ശാസ്ത്രത്തെ ദുരുപയോഗം ചെയ്യുകയാണോ കാസർഗോഡ്?കാസർഗോഡ് എൻഡോസൾഫാന്റെ ഇരകളുണ്ടെങ്കിൽ തീർച്ചയായും അവരെ ജീവിതകാലം മുഴുവൻ സംരക്ഷിക്കാനുള്ള ബാധ്യത സംസ്ഥാന സർക്കാരിനുണ്ട്. അങ്ങനെ ഇല്ല, മറ്റുള്ളിടങ്ങളിലേതുപോലുള്ള വൈകല്യങ്ങളും രോഗങ്ങളുമേ കാസർഗോഡുമുള്ളൂ എങ്കിൽ ആ പ്രചാരണം തിരുത്തണം. അതിനർഥം ആ നിരോധിത കീടനാശിനി തിരികെ കൊണ്ടുവരണമെന്നല്ല.

എൻഡോസൾഫാൻ ലിസ്റ്റിൽ അനർഹരുണ്ടെന്ന വിജിലൻസ് അന്വേഷണ റിപ്പോർട്ട് സർക്കാർ പൂഴ്ത്തിവച്ചിരിക്കുകയായിരുന്നു. അത് പുറത്തുകൊണ്ടുവരാനായത് ഈ ലേഖകനാണ്. അതിൻ പ്രകാരം സർക്കാർ ഇടപെടുകയും ഇതേക്കുറിച്ച് അന്വേഷണം നടത്താൻ കാസർഗോഡ് ജില്ലാ കലക്റ്ററെ ചുമതലപ്പെടുത്തുകയായിരുന്നു. കേരളത്തിലെ ആയുർദൈർഘ്യം പുരുഷൻമാരിൽ 72 വയസും സ്ത്രീകളിൽ 78 വയസും ആയിരിക്കേ 94 വയസിൽ മരിച്ചതുപോലും എൻഡോസൾഫാൻ മരണമായി ചിത്രീകരിച്ചതിന്റെ പട്ടിക മുതൽ ക്രമക്കേടുകളുടെ ഘോഷയാത്ര ജില്ലാ കലക്റ്ററുടെ റിപ്പോർട്ടിൽ അക്കമിട്ട് നിരത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധന അനിവാര്യമാണ്. ജനതയെ ഇത്രയും വലിയ തോതിൽ ഭീഷണിപ്പെടുത്തിയ ഒരു പ്രതിഭാസത്തെപ്പറ്റി അന്തർദേശീയമായി അംഗീകരിക്കപ്പെടുന്ന ഒരു പഠനം നടത്താൻപോലും നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല എന്നത് ലജ്ജാവഹമാണെന്ന് തുറന്നടിക്കുന്നത് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസറും അച്യുതമേനോൻ സെന്റർ ഫൊർ ഹെൽത്ത് സയൻസിന്റെ മേധാവിയുമായിരുന്ന ഡോ.വി.രാമൻകുട്ടിയാണ്. കേരളം കണ്ട ഏറ്റവും മികച്ച മുഖ്യമന്ത്രിമാരിലൊരാളായ സി. അച്യുതമേനോന്റെ മകൻ എന്ന പരിഗണന ഡോ.രാമൻകുട്ടിക്ക് നൽകേണ്ട, എന്നാൽ, ഈ രംഗത്തെ ഏറ്റവും മികച്ച ശാസ്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹത്തെ അവഗണിക്കാനാവില്ല.

## ക്യാൻസർ രോഗികൾക്കൊപ്പം നിൽക്കണം, നാട്

കെ.കെ. ശൈലജ
ആരോഗ്യവകുപ്പു മന്ത്രി



ആഗോളതലത്തിൽ ഫെബ്രുവരി നാലിന് ലോക ക്യാൻസർ ദിനം ആചരിക്കുമ്പോൾ അവബോധം ശക്തമാക്കണം. ക്യാൻസർ രോഗ ചികിത്സയ്ക്ക് തുണയായി ക്യാൻസർ രോഗികളോടുള്ള അനുകമ്പയുടെയും അനുഭാവത്തിന്റെയും പ്രതീകമായി 'ഓരോ വ്യക്തിയും കൂടെയുണ്ട് - കൂടെ പ്രവർത്തിക്കും' (I am and I will) എന്നതാണ് ഈ വർഷത്തെ ദിനാചരണത്തിന്റെ സന്ദേശം. നമ്മുടെ സംസ്ഥാനം ക്യാൻസർ രോഗ ശരാശരിയിൽ ദേശീയ ശരാശരിയെക്കാളും ഉയർന്ന നിലയിലാണ് കാണുന്നത്. പ്രതിവർഷം 60,000 ത്തോളം രോഗികൾ പുതിയതായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്നുമാണ് ഇത് സംബന്ധമായ കണക്കുകൾ സൂചിപ്പിക്കുന്നത്.

വർധിച്ചു വരുന്ന ക്യാൻസർ രോഗബാഹുല്യത്തെ തടയുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ക്യാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ രൂപീകരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ക്യാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഒരു ക്യാൻസർ ബോർഡ് രൂപീകരിക്കുകയും ഈ രംഗത്തെ വിദഗ്ധരുടെ സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. മികച്ച ക്യാൻസർ ചികിത്സ ഉറപ്പു വരുത്തുന്നതിന് ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിനും മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് ശ്രദ്ധ പതിപ്പിച്ചു വരുന്നു. എല്ലാ ജില്ലകളിലും ക്യാൻസർ ചികിത്സ ഉറപ്പാക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലാ കേന്ദ്രങ്ങളിൽ ക്യാൻസർ ചികിത്സ ഉറപ്പാക്കുന്നതിന് ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലൂടെ കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സ സൗജന്യമായി നടപ്പിലാക്കി വരുന്നു.

### കൊവിഡ് കാലത്തെ ക്യാൻസർ ചികിത്സ

കൊവിഡ് കാലത്തും ക്യാൻസർ രോഗികളുടെ ചികിത്സയ്ക്കും പരിചരണത്തിനുമായി ആരോഗ്യ വകുപ്പ്




പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കൊവിഡ് മഹാമാരി ഏറ്റവും കൂടുതൽ ബാധിച്ചത് ക്യാൻസർ പോലെയുള്ള ദീർഘസ്ഥായി രോഗങ്ങൾ ബാധിച്ചവരെയാണ്. പ്രതിരോധശേഷി കുറഞ്ഞ ഈ കൂട്ടരിൽ രോഗവ്യാപനം കൂടാൻ സാധ്യതയുള്ളതിനാലും രോഗം ബാധിച്ച് കഴിഞ്ഞാൽ അത് മൂർച്ഛിക്കുന്നതിന് സാധ്യതയുള്ളതിനാലും യാത്ര ചെയ്യുന്നതിനോ കൃത്യമായി ചികിത്സ കേന്ദ്രങ്ങളിൽ എത്തുന്നതിനോ സാങ്കേതികമായി ഇവർക്ക് സാധിച്ചിരുന്നില്ല. കൂടാതെ ലോക്ക് ഡൗൺ, റിവേഴ്സ് ക്വാറന്റൈൻ കാരണം ചികിത്സ കേന്ദ്രത്തിലേക്കുള്ള യാത്ര ബുദ്ധിമുട്ടാകുകയും ചികിത്സ മുടങ്ങുന്നതിനുള്ള സാധ്യത സംജാതമാകുകയും ചെയ്തു. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ആർസിസിയുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിലുള്ള ജില്ലാ ക്യാൻസർ കെയർസെന്ററുകളുടെ സഹകരണത്തോടെ ആർസിസിയിൽ ലഭിക്കേണ്ട ചികിത്സ രോഗികൾക്ക് അവരുടെ ജില്ലകളിൽ ലഭിക്കുന്നതിനുള്ള വഴിയൊരുക്കുകയും ചെയ്തു. ഇതിനായി ആർസിസിയുടെയും ജില്ലാ ക്യാൻസർ കേന്ദ്രങ്ങളുടെയും ഡോക്റ്റർമാരുടെയും കൂട്ടായ്മ ഉണ്ടാക്കുകയും ഓരോ രോഗിയുടെയും ചികിത്സാ വിവരങ്ങൾ ജില്ലാ ക്യാൻസർ കെയർ സെന്ററുകളിലുള്ള ഡോക്റ്റർമാർക്ക് കൈമാറുകയും ചെയ്തു.

ചികിത്സ ലഭിക്കേണ്ട ദിവസങ്ങളിൽ രോഗികളെ വിവരം നേരിട്ട് അറിയിക്കുകയും ആർസിസിയിൽ എത്തുന്നതിനു പകരം ആർസിസിയിൽ ലഭിക്കുന്ന അതേ ചികിത്സ ഏറ്റവും അടുത്തുള്ള ജില്ലാ കേന്ദ്രങ്ങളിൽ നൽകുന്നതിനും സംവിധാനമൊരുക്കി. ഇതിലൂടെ ആയിരകണക്കിന് രോഗികൾക്ക് കൊവിഡ് കാലത്ത് സ്വന്തം ജില്ലയിൽ തന്നെ ചികിത്സ തുടരുന്നതിനും രോഗം മൂർച്ഛിക്കാതെ സൂക്ഷിക്കുന്നതിനും സാധ്യമായി. സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിലുള്ള 24 സ്ഥാപനങ്ങളിലാണ് ഈ സേവനം ഉറപ്പാക്കിയിട്ടുള്ളത്. കീമോതെറാപ്പിക്ക് ആവശ്യമായ മരുന്നുകൾ ഫയർ ആൻഡ് റെസ്ക്യൂ ഫോഴ്സിന്റെ സേവനം ഉപയോഗിച്ചും കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ വഴിയും കൃത്യമായി എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഏകദേശം 25,000 പേർക്ക് ഈ കാലഘട്ടത്തിൽ ചികിത്സ നൽകാൻ സാധിച്ചുവെന്നത് ഈ സംരഭത്തിന്റെ ഒരു വിജയമായി കണക്കാക്കാവുന്നതാണ്.

# ശിവശങ്കറിന്റെ ജാമ്യം ഭരണപക്ഷത്തിന് ആശ്വാസമായി

എം.ബി. സന്തോഷ്

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് തൊട്ടുമുമ്പ് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം.ശിവശങ്കറിന് ജാമ്യം ലഭിച്ചതിൽ ഭരണപക്ഷത്തിന് ആശ്വാസം. മുഖ്യമന്ത്രിയെയും മന്ത്രിമാരെയും സ്പീക്കറെയും വരെ പ്രതിക്കൂട്ടിൽ നിർത്തി രാജി ആവശ്യം ഉന്നയിച്ചു വന്ന ബിജെപി ഉൾപ്പെടെയുള്ള പ്രതിപക്ഷത്തിന് ഇത് തിരിച്ചടിയായി. അതേസമയം, സിപിഎം - ബിജെപി ഒത്തുകളിയെ തുടർന്ന് സ്വർണക്കടത്തു കേസ് അട്ടിമറിക്കുകയാണെന്നാണ് കോൺഗ്രസിന്റെ പുതിയ ആരോപണം.

അതിനിടെ, ആസൂത്രണ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു ശിവശങ്കറിനെ പരസ്യമായി ന്യായീകരിച്ച് രംഗത്തെത്തി. "അദ്ദേഹം നിരപരാധിയാണ്. ശിവശങ്കറിനെതിരെ ഉയർന്ന കുറ്റങ്ങളെല്ലാം തള്ളിപ്പോവും. മാപ്പർഹിക്കാനാവാത്ത വിധത്തിലാണ് മാധ്യമങ്ങൾ ശിവശങ്കറിനെ വേട്ടയാടിയത്"- വേണു ഫെയ്സ്ബുക്കിൽ കുറിച്ചു. ഇതാദ്യമായാണ് ശിവശങ്കറിനെ ന്യായീകരിച്ച് ഐഎഎസുകാരിൽ ഒരാൾ എത്തുന്നത്.

ശിവശങ്കറിനെ നമ്പിനാരായണനു തുല്യമായ ആളെന്നു വരെ ഫെയ്സ്ബുക്കിൽ കുറിക്കുന്നുണ്ടെന്ന് മുൻ മാധ്യമ പ്രവർത്തകനും അഭിഭാഷകനുമായ ലാലു ജോസഫ് ചൂണ്ടിക്കാട്ടി. മാധ്യമവേട്ടയെ തുടർന്ന് നമ്പി നാരായണന് വലിയ തുക സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകേണ്ടി വന്നത് പരാമർശിച്ച് ശിവശങ്കറിനും അതുവേണ്ടി വരുമെന്ന നിലയിലുള്ള പ്രചാരണം ശക്തമാണ്.

എൻ ഐഎയും കസ്റ്റംസും ഇഡിയും മാറിമാറി ചോദ്യം ചെയ്തെങ്കിലും ശിവശങ്കറിനെതിരെ കാര്യമായ തെളിവൊന്നും കിട്ടിയില്ലെന്നാണ് സിപിഎം കേന്ദ്രങ്ങളുടെ നിലപാട്. മന്ത്രി കെ.ടി ജലീൽ, മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സി.എം. രവീന്ദ്രൻ, സ്പീക്കറുടെ അസി. പ്രൈവറ്റ് സെക്രട്ടറി അയ്യപ്പൻ എന്നിവരെയൊക്കെ ചോദ്യം ചെയ്തത് പ്രതിപക്ഷം ശരിക്കും ആഘോഷിച്ചു. എന്നാൽ, ജലീൽ വെല്ലുവിളിച്ചാണ് ചോദ്യം ചെയ്യലിനെ നേരിട്ടത്. ഇപ്പോൾ, തെരഞ്ഞെടുപ്പ് സമയത്ത് എൽഡിഎഫ് സർക്കാരിന് ഒന്നുകൂടി ശിരസുയർത്താം. തദ്ദേശ തെരഞ്ഞെടുപ്പിന്റെ വിജയം നൽകുന്ന ആത്മവിശ്വാസം ഒന്നുകൂടി ഉയർത്തി മുന്നോട്ടുപോകാൻ ഇത് എൽഡിഎഫിന് അവസരമൊരുക്കും.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനും ദിവസവും മത്സരിച്ച് വാർത്താ സമ്മേളനം വിളിച്ചാണ് ഇതു സംബന്ധിച്ച ആരോപണങ്ങൾ ഉന്നയിച്ചത്. ഇത്രയും നാളായിട്ടും അതിന് തെളിവുകളൊന്നും കിട്ടിയില്ലെന്നുമാത്രമല്ല, അതിൽ സർക്കാരിനെ ബന്ധിപ്പിച്ച പ്രധാന ആരോപിതൻ സ്വാഭാവിക ജാമ്യം നേടി തിരിച്ചിറങ്ങുകയും ചെയ്യുന്നു. അത് സിപിഎം - ബിജെപി ധാരണയുടെ ഫലമാണെന്ന് പറയുമ്പോൾ അതിനെത്ര വിശ്വാസ്യത കിട്ടുമെന്നത് കണ്ടറിയേണ്ട കാര്യം. എന്തായാലും ശിവശങ്കറായിരിക്കും ഈ തെരഞ്ഞെടുപ്പിലും വലിയ തോതിൽ ഉന്നയിക്കപ്പെടുക. തദ്ദേശ തെരഞ്ഞെടുപ്പിൽ യുഡിഎഫും ബിജെപിയും പരിഹാസ രൂപത്തിലാണ് ആക്ഷേപിച്ചതെങ്കിൽ ഈ തെരഞ്ഞെടുപ്പിൽ സർക്കാരിനെ അടിക്കാനായി ഇരയാക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിലേയ്ക്കാവും അതിന്റെ പരിണാമം.

## മാധ്യമങ്ങളോട് പ്രതികരിക്കാതെ മടക്കം

കൊച്ചി: ഡോളർ കടത്ത് കേസിൽ ജാമ്യം ലഭിച്ച എം. ശിവശങ്കർ ജയിൽമോചിതനായത് ഉച്ചയ്ക്ക് 2.40 ഓടെ. കാക്കനാട് ജില്ലാ ജയിലിനു പുറത്തു കാത്തുനിന്ന മാധ്യമങ്ങളോട് പ്രതികരിക്കാതെ അദ്ദേഹം തിരുവനന്തപുരത്തേക്ക് മടങ്ങി.

അടുത്ത ബന്ധുക്കൾ ശിവശങ്കറിനെ കൂട്ടിക്കൊണ്ടുപോകാൻ ജില്ലാ ജയിലിൽ എത്തിയിരുന്നു. പുറത്തിറങ്ങിയ ഉടൻ കർണാടക രജിസ്ട്രേഷനിലുള്ള വാഹനത്തിൽ കയറി യാത്ര തിരിച്ചു. ജയിൽ പരിസരത്ത് നിന്ന് അല്പദൂരം പിന്നിട്ട ശേഷം മറ്റൊരു വാഹനത്തിലേക്ക് യാത്ര മാറ്റി. ജയിൽ വാസത്തിനിടെ വായിച്ച പുസ്തകങ്ങൾ പോകുംമുൻപു ജയിൽ വാർഡന് കൈമാറി.



## പിഎസ്‌സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടും

തിരുവനന്തപുരം: പിഎസ്‌സി റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി ആറുമാസത്തേക്ക് നീട്ടാൻ പിഎസ്‌സിയോട് ശിപാർശ ചെയ്യാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. 2021 ഫെബ്രുവരി മൂന്നിനും 2021 ഓഗസ്റ്റ് രണ്ടിനും ഇടയ്ക്ക് അവസാനിക്കുന്ന എല്ലാ റാങ്ക്‌ലിസ്റ്റുകളുടെയും കാലാവധി 2021 ഓഗസ്റ്റ് മൂന്നുവരെ ദീർഘിപ്പിക്കാനാണ് ശിപാർശ.കൊവിഡ് വ്യാപനം കാരണം പിഎസ്‌സി പരീക്ഷകൾ നടത്തുന്നതിലെ സമയക്രമത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. സമീപകാലത്ത് സൃഷ്ടിച്ച തസ്തികകളിലേക്ക് പിഎസ്‌സി വഴി നിയമനം നടത്തുന്നതിനുള്ള കാലതാമസം കൂടി പരിഗണിച്ചാണ് കാലാവധി നീട്ടുന്ന കാര്യം സർക്കാർ പരിശോധിച്ചത്. വിവിധ റാങ്ക്‌ലിസ്റ്റിലുള്ളവർ കാലാവധി നീട്ടണമെന്നാവശ്യപ്പെട്ട് സമരത്തിലായിരുന്നു. ഇതും റാങ്ക്‌ലിസ്റ്റ് നീട്ടാനുള്ള കാരണമായി.

## 'ഭാവി വീക്ഷണത്തോടെ കേരളം': രാജ്യാന്തര സമ്മേളനത്തിന് സമാപനം

തിരുവനന്തപുരം: സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ മൂന്നുദിവസമായി നടന്നുവന്ന "ഭാവിവീക്ഷണത്തോടെ കേരളം- കേരള ലുക്ക്സ് എഹെഡ്" അന്തർദേശീയ കോൺഫറൻസ് സമാപിച്ചു. സമാപന സമ്മേളനത്തിൽ നൊബേൽ സമ്മാനജേതാവ് അമർത്യ സെൻ മുഖ്യപ്രഭാഷണം നടത്തി.

ഒൻപത് സുപ്രധാന മേഖലകളെ അധികരിച്ച 22 സെഷനുകൾക്ക് ലോകമെമ്പാടുമുള്ള വിദഗ്ധരിൽ നിന്ന് മികച്ച പ്രതികരണം ലഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോൺഫറൻസിലൂടെ ലഭ്യമായ ആശയങ്ങളും നിർദേശങ്ങൾ വിശദമായി പരിശോധിച്ച് അവ എങ്ങനെ നടപ്പാക്കാനാകുമെന്ന് പരിശോധിക്കും.

ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി.കെ. രാമചന്ദ്രൻ, ആസൂത്രണ ബോർഡ് അംഗങ്ങളായ പ്രൊഫ. ആർ. രാംകുമാർ, ഡോ. ജയൻ ജോസ് തോമസ്, പ്രൊഫ. ടി. ജയരാമൻ, ഡോ. കെ. രവിരാമൻ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ഡയറക്റ്റർ പ്രൊഫ. കെ.ജെ. ജോസഫ്, ആസൂത്രണ ബോർഡ് ഇൻഡസ്ട്രി ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഡിവിഷൻ ചീഫ് എൻ.കെ. ജോയ്, സോഷ്യൽ സർവീസ് ഡിവിഷൻ ചീഫ് ഡോ. ബിന്ദു പി. വർഗീസ്, ഡീസെൻട്രലൈസ്ഡ് പ്ലാനിങ് ഡിവിഷൻ ഹെഡ് ജെ. ജോസഫൈൻ എന്നിവർ സമാപന സമ്മേളനത്തിൽ സംസാരിച്ചു.

കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ഇ- ഗവേണൻസ്, ഉന്നതവിദ്യാഭ്യാസം, വ്യവസായം, വിവരസാങ്കേതികവിദ്യ, നൈപുണ്യ വികസനം, വിനോദസഞ്ചാരം എന്നിവയുൾപ്പെടെ പ്രധാനപ്പെട്ട മേഖലകളിലെ കേരളത്തിന്റെ ഭാവിസാധ്യതകളെക്കുറിച്ച് കോൺഫറൻസ് ചർച്ച നടന്നു. പ്രാദേശിക സർക്കാരുകൾ, ഫെഡറലിസവും വികസന ധനകാര്യവും എന്നിവ സംബന്ധിച്ച് രണ്ടു പ്രത്യേക സെഷനുകളും നടന്നു.

# സ്വയം സാക്ഷ്യപ്പെടുത്തി കെട്ടിടം നിർമിക്കാം; ഓർഡിനൻസ് വരുന്നു

തിരുവനന്തപുരം: കെട്ടിടനിർമാണ അനുമതി നൽകുന്നത് ത്വരിതപ്പെടുത്താൻ പഞ്ചായത്ത്, മുനിസിപ്പൽ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിന് ഓർഡിനൻസ് പുറപ്പെടുവിക്കുവാൻ ഗവർണറോട് ശുപാർശ ചെയ്യാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു.

സ്ഥലം ഉടമയുടെയും പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ അധികാരപ്പെട്ട എംപാനൽഡ് ലൈസൻസിയുടെയും (ആർക്കിടെക്റ്റ്, എൻജിനീയർ, ബിൽഡിങ് ഡിസൈനർ, സൂപ്പർവൈസർ അല്ലെങ്കിൽ ടൗൺ പ്ലാനർ) സാക്ഷ്യപത്രത്തിന്മേൽ നിർമാണം ആരംഭിക്കാൻ കഴിയുന്ന വിധത്തിലാണ് നിയമ ഭേദഗതി വരുന്നത്. പ്ലാൻ ലഭിച്ചുകഴിഞ്ഞാൽ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം കൈപ്പറ്റ് സാക്ഷ്യപത്രം നൽകണം. ഈ രേഖ നിർമാണ പെർമിറ്റായും കെട്ടിട നിർമാണം ആരംഭിക്കുന്നതിനുള്ള അനുവാദമായും കണക്കാക്കുന്ന വ്യവസ്ഥകൾ കരട് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്വയം സാക്ഷ്യപ്പെടുത്തൽപത്രം നൽകുന്ന ഉടമയോ ലൈസൻസിയോ നൽകുന്ന വിവരങ്ങൾ തെറ്റാണെന്ന് പിന്നീട് കണ്ടെത്തിയാൽ പിഴ ചുമത്താനും ലൈസൻസിയുടെ ലൈസൻസ് റദ്ദാക്കാനും നിർദിഷ്ട നിയമത്തിൽ വ്യവസ്ഥയുണ്ട്. 100 ചതുരശ്രമീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും 200 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നാല് ലക്ഷം രൂപ വീതവും 300 ചതുരശ്രമീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ആറ് ലക്ഷം രൂപ വീതവുമാണ് പിഴ.

കെട്ടിടത്തിന്റെ പ്ലാനും സൈറ്റ് പ്ലാനും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിയമാനുസൃതമായ മറ്റ് വ്യവസ്ഥകൾക്കും അനുസൃതമാണെന്ന് കെട്ടിട ഉടമസ്ഥനും എംപാനൽഡ് ലൈസൻസിയും സംയുക്തമായാണ് സാക്ഷ്യപത്രം നൽകേണ്ടത്.

കെട്ടിട നിർമാണങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ 30 ദിവസത്തിനകം തീരുമാനമെടുക്കണമെന്നത് 15 ദിവസമായി കുറച്ച് പഞ്ചായത്ത് -നഗര നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

### നിർദിഷ്ട ഭേദഗതി ബാധകമാകുന്നവ:

- 7 മീറ്ററിൽ കുറവ് ഉയരവും 2 നിലവരെയും 300 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തൃതിയുമുള്ള വീടുകൾ.
- 7 മീറ്ററിൽ കുറവ് ഉയരവും 2 നിലവരെയും 200 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തൃതിയുമുള്ള ഹോസ്റ്റൽ, അനാഥാലയങ്ങൾ, ഡോർമിറ്ററി, വൃദ്ധ സദനം, സെമിനാരി, മതപരമായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവ.
- 7 മീറ്ററിൽ കുറവ് ഉയരവും 2 നിലവരെയും 100 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തൃതിയുമുള്ള വാണിജ്യ കെട്ടിടങ്ങൾ, അപകട സാധ്യതയില്ലാത്ത വ്യവസായ കെട്ടിടങ്ങൾ എന്നിവ.

## മന്ത്രി കടകംപള്ളി സുരേന്ദ്രന് കൊവിഡ്

തിരുവനന്തപുരം: ദേവസ്വം- ടൂറിസം- സഹകരണ വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രന് കൊവിഡ്-19 സ്ഥിരീകരിച്ചു. അദ്ദേഹത്തെ തിരുവനന്തപുരം മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു. താൻ കൊവിഡ് ബാധിതനാണെന്ന കാര്യം ഇന്നലെ മന്ത്രി തന്നെയാണ് ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ അറിയിച്ചത്.

ശാരീരിക അസ്വസ്ഥതകളെത്തുടർന്ന് നടത്തിയ പരിശോധനയിലാണ് വൈറസ് ബാധ സ്ഥിരീകരിച്ചതെന്നും കഴിഞ്ഞ ദിവസങ്ങളിൽ താനുമായി അടുത്ത സമ്പർക്കം പുലർത്തിയവർ മുൻകരുതലുകൾ സ്വീകരിക്കണമെന്നും മന്ത്രി അഭ്യർഥിച്ചിട്ടുണ്ട്. ഇതോടെ ഇന്നലെ നിശ്ചയിച്ചിരുന്ന ടൂറിസം വകുപ്പിന്റെ പത്രസമ്മേളനത്തിൽ സെക്രട്ടറി റാണി ജോർജാണ് കാര്യങ്ങൾ വിശദീകരിച്ചത്.

മാസങ്ങൾക്കു മുമ്പ് മകന് കൊവിഡ് സ്ഥിരീകരിച്ചതിനെ തുടർന്ന് അദ്ദേഹം ക്വാറന്റൈനിൽ പോയിരുന്നു. എന്നാൽ പിന്നീട് നടത്തിയ ടെസ്റ്റിൽ മന്ത്രി നെഗറ്റീവായിരുന്നു. പിന്നാലെ സംസ്ഥാനത്ത് നിരവധി മന്ത്രിമാർക്കും കൊവിഡ് സ്ഥിരീകരിച്ചിരുന്നു. കൊവിഡ് ചികിത്സയിൽ കഴിഞ്ഞിരുന്നതിനാൽ മന്ത്രി എ.കെ. ബാലന് നിയമസഭ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല.

## സി-ഡിറ്റിലെ 114 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തും

തിരുവനന്തപുരം: സി-ഡിറ്റിലെ താൽക്കാലിക തസ്തികകളിൽ പത്തു വർഷത്തിലധികമായി ജോലി ചെയ്യുന്ന 114 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

- സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ചെയർമാനായി സുനിൽ ചാക്കോയെ (സിയാൽ ചീഫ് ഫിനാൻഷ്യൽ ഓഫീസർ) നിയമിക്കാൻ തീരുമാനിച്ചു.
- കയർമേഖലയിലെ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിന് മുൻ കയർ സ്പെഷ്യൽ സെക്രട്ടറി എൻ. പത്മകുമാറിനെ ഒരു വർഷത്തേക്ക് നിയമിക്കാൻ തീരുമാനിച്ചു.
- കനകക്കുന്ന് കൊട്ടാരത്തിന് എതിർവശം വാട്ടർ അതോറിറ്റിയുടെ സ്ഥലത്തുള്ള കുട്ടികളുടെ പാർക്കിന് സ്വാതന്ത്ര്യസമര സേനാനിയും ഐഎൻഎ വനിതാ റെജിമെന്റിന്റെ ക്യാപ്റ്റനുമായിരുന്ന ലക്ഷ്മിയുടെ പേര് നൽകാൻ തീരുമാനിച്ചു. നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 125-ാം ജന്മദിനത്തോടെനുബന്ധിച്ചാണ് പാർക്കിന് ക്യാപ്റ്റൻ ലക്ഷ്മിയുടെ പേര് നൽകുന്നത്.
- നിയമസഭാ സമ്മേളന കാലാവധി അവസാനിച്ചതിനാൽ നിലവിലുള്ള 25 ഓർഡിനൻസുകൾ പുനർവിളംബരം ചെയ്യാൻ ഗവർണറോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. ഇതുകൂടാതെ ഒരു ഓർഡിനൻസ് ഭേദഗതികളോടെ പുനർവിളംബരം ചെയ്യും. രണ്ട് ഓർഡിനൻസുകൾ സംയോജിപ്പിച്ചുകൊണ്ട് നാലു ഓർഡിനൻസുകൾ പുനർവിളംബരം ചെയ്യാനും മന്ത്രിസഭ ശുപാർശ ചെയ്തു.

## പുതുക്കിയ ശമ്പളം ഏപ്രിൽ ഒന്നു മുതൽ

തിരുവനന്തപുരം: പതിനൊന്നാം ശമ്പളകമ്മിഷൻ ശിപാർശ പ്രകാരമുള്ള പുതുക്കിയ ശമ്പളവും അലവൻസുകളും ഏപ്രിൽ ഒന്നു മുതൽ വിതരണം ചെയ്യാൻ മന്ത്രിസഭ തീരുമാനിച്ചു. പുതുക്കിയ ക്ഷാമബത്ത 2019 ജൂലൈ ഒന്നു മുതൽ പ്രാബല്യത്തോടെ നടപ്പാക്കും. കമ്മിഷൻ ശുപാർശ ചെയ്ത അലവൻസുകൾക്ക് 2021 മാർച്ച് ഒന്നുമുതൽ പ്രാബല്യമുണ്ടാകും.

ആരോഗ്യമേഖലയിൽ മാത്രം കമ്മിഷൻ പ്രത്യേകമായി ശിപാർശ ചെയ്ത സ്കെയിൽ അനുവദിക്കും. ഇതര മേഖലകളിൽ ശമ്പള കമ്മിഷൻ ശുപാർശ ചെയ്ത സ്കെയിലുകൾ, കാരിയർ അഡ്വാൻസ്മെന്റ് സ്കീം മുതലായവ സംബന്ധിച്ച് സെക്രട്ടറിതല സമിതിയുടെ പരിശോധനയ്ക്ക് ശേഷം വിശദമായ ഉത്തരവ് പുറപ്പെടുവിക്കും. ഈ വിഷയങ്ങൾ പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകുന്നതിന് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയായിരിക്കും സമിതിയുടെ കൺവീനർ.

പെൻഷൻ പുതുക്കുന്നത് സംബന്ധിച്ച തീരുമാനം ധനകാര്യവകുപ്പിന്റെ വിശദമായ റിപ്പോർട്ട് പരിഗണിച്ച ശേഷം എടുക്കും.

## തൊഴിലുറപ്പ് : ക്ഷേമനിധിക്ക് ഓർഡിനൻസ്

തിരുവനന്തപുരം: മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലും നഗര പ്രദേശങ്ങളിൽ സംസ്ഥാന സർക്കാർ നടപ്പാക്കിയ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും തൊഴിലെടുക്കുന്നവരുടെ ക്ഷേമത്തിന് ക്ഷേമനിധി രൂപീകരിക്കുന്നതിന് ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഗവർണറോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച കരട് ബിൽ മന്ത്രിസഭ അംഗീകരിച്ചു.

അറുപത് വയസ് പൂർത്തിയാക്കിയവരും അറുപത് വയസുവരെ തുടർച്ചയായി അംശദായം അടച്ചവരുമായ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനും അംഗം മരണപ്പെട്ടാൽ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനും ബില്ലിൽ വ്യവസ്ഥയുണ്ട്. ക്ഷേമനിധിയിൽ അംഗമായി ചേരുന്ന ഓരോ തൊഴിലാളിയും പ്രതിമാസം 50 രൂപ അംശദായം അടയ്ക്കണം. തൊഴിലാളികളുടെ എണ്ണത്തിനും തൊഴിൽ ദിനത്തിനും അനുസരിച്ച് നിശ്ചിത തുക ഗ്രാന്റായോ അംശദായമായോ സർക്കാർ ക്ഷേമനിധിയിലേക്ക് നൽകും. 18 വയസ്സ് പൂർത്തിയായവർക്കും 55 വയസ് തികയാത്തവർക്കും അംഗത്വമെടുക്കാം.

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയൺമെന്റ് സെന്ററിലെ ഭരണ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായം 55 ൽ നിന്ന് 56 ആയി ഉയർത്താൻ തീരുമാനിച്ചു.

## ആശുപത്രി ജീവനക്കാർക്ക് മൂന്നു ഷിഫ്റ്റ്

തിരുവനന്തപുരം: 100 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിൽ ജീവനക്കാർക്ക് മൂന്നു ഷിഫ്റ്റ് എന്ന വീരകുമാർ കമ്മറ്റിയുടെയും സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയുടെയും ശുപാർശ പരിഗണിച്ച് ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കാൻ തൊഴിൽ-നൈപുണ്യ വകുപ്പ് ഉത്തരവായി.

സംസ്ഥാനത്തെ 100ൽ കൂടുതൽ കിടക്കകളുള്ള സ്വകാര്യ ആശുപത്രികളിൽ എല്ലാ വിഭാഗം ജീവനക്കാർക്കും മൂന്നു ഷിഫ്റ്റ് സമ്പ്രദായം (6/6/12 മണിക്കൂർ), ഓവർടൈം അലവൻസിന് (8 മണിക്കൂർ/ദിവസം, 48 മണിക്കൂർ/ആഴ്ച, 208 മണിക്കൂർ/മാസം എന്ന നിലയ്ക്ക് മാസത്തിൽ 208 മണിക്കൂറിൽ അധികരിച്ചാൽ) അർഹതയുണ്ടെന്നാണ് നിബന്ധന. ജീവനക്കാർക്ക് വീടുകളിലെത്താൻ ഗതാഗത സൗകര്യമില്ലെങ്കിൽ ആശുപത്രി തലത്തിൽ റെസ്റ്റ് റൂം ലഭ്യമാക്കണമെന്ന വ്യവസ്ഥയും നടപ്പാക്കണമെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നു.

## ശിവശങ്കറിന് ജാമ്യം സിപിഎം - ബിജെപി ധാരണയിൽ: മുല്ലപ്പള്ളി



തിരുവനന്തപുരം: ബിജെപിയും സിപിഎമ്മും തമ്മിലുണ്ടാക്കിയ തെരഞ്ഞെടുപ്പു ധാരണയുടെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കറിന് ജാമ്യം ലഭിച്ചതെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ.

ഒരു വർഷത്തോളം കേന്ദ്ര അന്വേഷണ ഏജൻസികൾ സ്വർണക്കടത്ത് അന്വേഷണത്തിന്റെ മറവിൽ കേരള ജനതയെ വിഡ്ഢികളാക്കുകയായിരുന്നു. ലാവലിൻ കേസിലും ഇതേ ധാരണ തുടരുന്നതിനാലാണ് സുപ്രീംകോടതിയിൽ ആ കേസ് തുടർച്ചയായി മാറ്റിവയ്ക്കുന്നത്. മതനിരപേക്ഷ രാഷ്ട്രീയത്തിന് കനത്ത തിരിച്ചടിയാണ് സിപിഎമ്മും ബിജെപിയും തമ്മിലുള്ള രഹസ്യ ധാരണയെന്നും മുല്ലപ്പള്ളി പറഞ്ഞു.

സ്വർണക്കടത്ത് കേസിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഉന്നതർ കുടുങ്ങുമെന്ന് ഉറപ്പായപ്പോൾ കേന്ദ്ര ഏജൻസികളെ ബിജെപി കടിഞ്ഞാണിട്ടെന്ന തന്റെ ആരോപണത്തെ ബലപ്പെടുത്തുന്നതാണ് എല്ലാ കേസുകളിലും ജാമ്യം നേടി എം. ശിവശങ്കർ ജയിൽ മോചനം. തെളിവുകൾ കണ്ടെത്താൻ കേന്ദ്ര ഏജൻസികൾക്ക് സാഹചര്യം ഉണ്ടായിട്ടും അവ ഉപയോഗപ്പെടുത്തിയില്ല.

കേന്ദ്ര സർക്കാരിന്റെ അറിവും സമ്മതത്തോടും കൂടിയാണ് കേന്ദ്ര ഏജൻസികൾ അന്വേഷണത്തിൽ മെല്ലപ്പോക്ക് തുടർന്നത്. ശിവശങ്കറിന്റെ ജാമ്യാപേക്ഷയെ ശക്തമായി എതിർക്കാൻ പോലും അന്വേഷണ ഏജൻസികൾ തയാറായില്ല. ശക്തമായ തെളിവുകൾ ഹാജരാക്കുന്നതിലും ഗുരുതര വീഴ്ചയാണ് അന്വേഷണ ഏജൻസികളുടെ ഭാഗത്ത് നിന്നും ഉണ്ടായതെന്നും മുല്ലപ്പള്ളി പറഞ്ഞു.

### സമാന്തര ടെലിഫോൺ എക്സ്ചേഞ്ച്:

## പിന്നിൽ ഹവാല ഇടപാടെന്ന് സംശയം

കൊച്ചി: നഗരത്തിൽ അനധികൃതമായി പ്രവർത്തിച്ചു വന്ന സമാന്തര ടെലിഫോൺ എക്സ്ചേഞ്ചുകൾക്ക് ഹവാല ഇടപാടുകളുമായി ബന്ധമുണ്ടെന്ന് സംശയം. ഏതെങ്കിലും രീതിയിലുള്ള ഇടപാടുകൾ നടന്നിട്ടുണ്ടോ എന്നു പരിശോധിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

പിടിച്ചെടുത്ത കംപ്യൂട്ടർ അടക്കമുള്ള ഉപകരണങ്ങൾ വിശദ പരിശോധനക്ക് വിധേയമാക്കും. പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിക്കും. അറസ്റ്റ് രേഖപ്പെടുത്തിയ തൃക്കാക്കര സ്വദേശി നജീബിനെ ചോദ്യം ചെയ്തുവരുകയാണെന്നും പൊലീസ് അറിയിച്ചു.

അന്താരാഷ്ട്ര കോളുകൾ ലോക്കൽ കോളുകളാക്കി മാറ്റുന്ന സമാന്തര എക്സ്ചേഞ്ച് നഗരത്തിൽ കണ്ടെത്തിയ സംഭവം പൊലീസ് പ്രാധാന്യത്തോടെയാണ് അന്വേഷിക്കുന്നത്. അറസ്റ്റിലായ നജീബിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലായിരുന്നു പ്രവർത്തനങ്ങൾ നടന്നുവന്നിരുന്നത്. നിയമ വിരുദ്ധമായാണ് സ്ഥാപനം പ്രവർത്തിച്ചിരുന്നതെന്ന് നജീബിന് അറിയാമായിരുന്നു എന്നാണ് പൊലീസ് വ്യക്തമാക്കുന്നത്. എക്സ്ചേഞ്ച് നടത്താൻ വണ്ണപ്പുറം കാളിയാർ സ്വദേശി കുഴിമണ്ഡപത്തിൽ മുഹമ്മദ് റസൽ മുറി വാടകയ്ക്കെടുക്കുകയായിരുന്നു. ഇയാളെ ഉടൻ പിടികൂടുമെന്നും പൊലീസ് അറിയിച്ചു.

തൃക്കാക്കരയ്ക്കൊപ്പം കൊച്ചി മറൈൻ ഡ്രൈവിലെ ഫ്ലാറ്റിലും എക്സ്ചേഞ്ച് നടത്തിയിരുന്നത് റസൽ തന്നെയാണ്. സെപ്റ്റംബർ മുതൽ തൃക്കാക്കരയിൽ എക്സ്ചേഞ്ച് പ്രവർത്തിച്ചിരുന്നതായി ടെലികോം വകുപ്പാണ് കണ്ടെത്തിയത്.

# തെരഞ്ഞെടുപ്പിന് സജ്ജം: ബിജെപി

**■ തദ്ദേശ തെരഞ്ഞെടുപ്പിൽ മികച്ച പ്രകടനമെന്ന് കോർകമ്മിറ്റി**

കൊച്ചി: നിയമസഭാ തെരഞ്ഞെടുപ്പിന് ഒരുങ്ങാൻ ബിജെപി കോർകമ്മിറ്റി യോഗത്തിൽ തീരുമാനം. തദ്ദേശ തെരഞ്ഞെടുപ്പിൽ ദേശീയ ജനാധിപത്യ സഖ്യം മികച്ച പ്രകടനമാണ് നടത്തിയതെന്ന് യോഗ തീരുമാനം വിശദീകരിച്ച് നടത്തിയ വാർത്താസമ്മേളനത്തിൽ സംസ്ഥാനത്തിന്റെ ചുമതലയുള്ള പ്രഭാരി സി.പി രാധാകൃഷ്ണൻ പറഞ്ഞു. ത്രിതല തെരഞ്ഞെടുപ്പിൽ ഇടത്- വലത് മുന്നണികളെ ജനം തള്ളിക്കളഞ്ഞു.

എൻഡിഎക്കാണ് ഏറ്റവും കൂടുതൽ ജനപിന്തുണ ലഭിച്ചത്. കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ നാല് ശതമാനം എൻഡിഎ വോട്ട് ഷെയർ കൂടി. സീറ്റുകളുടെ എണ്ണത്തിലും ഗണ്യമായ വർധനയുണ്ടായി. ഇടതുപക്ഷത്തിനുണ്ടായ ഈ ചെറിയ വിജയം സർക്കാരിന്റെ നെറികേടിനുള്ള അംഗീകാരമല്ല. കേരള മോഡൽ വികസനമെന്നത് കെട്ടിച്ചമച്ച കണക്കുകളാണെന്ന് സി.പി രാധാകൃഷ്ണൻ പറഞ്ഞു. കൊവിഡ് പ്രതിരോധത്തിന്റെ കാര്യത്തിലും ഇത് തന്നെയാണ് അവസ്ഥ. കേരള സർക്കാർ കണക്കുകളിൽ വെള്ളം ചേർക്കുകയാണ്. കൊവിഡ് പ്രതിരോധത്തിലെ പാളിച്ചകൾ ബിജെപി ഉയർത്തിക്കാട്ടും.

കേരളത്തിന് വികസനം ആവശ്യമാണ്. അത് നടപ്പിലാക്കാൻ ബിജെപിക്ക് സാധിക്കും. കോർ ഗ്രൂപ്പിൽ തിരഞ്ഞെടുപ്പിലെ പ്രകടനം വിലയിരുത്തിയെന്നും അദ്ദേഹം പറഞ്ഞു. ഇസ്ലാമിക തീവ്രവാദത്തെ ബിജെപി ശക്തമായി എതിർക്കും. പാർട്ടി ഇസ്ലാമിനോ, ക്രിസ്തു മതത്തിനോ എതിരല്ല. ബിജെപിയാണ് യഥാർഥ മതേതര പാർട്ടി. പന്തളത്ത് രണ്ട് ക്രിസ്ത്യൻ സ്ഥാനാർഥികൾ ജയിച്ചത് ക്രൈസ്തവ സമൂഹം ബിജെപിയിലേക്ക് അടുക്കുന്നതിന്റെ ഉദാഹരണമാണ്.

നിയമസഭാ തെരഞ്ഞെടുപ്പിനുള്ള തയാറെടുപ്പിന്റെ ഭാഗമായി 11 ന് സംസ്ഥാന കമ്മിറ്റി യോഗം തൃശൂരിൽ നടക്കുമെന്നും സി.പി രാധാകൃഷ്ണൻ അറിയിച്ചു. വാർത്താസമ്മേളനത്തിൽ സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ, എറണാകുളം ജില്ലാ പ്രസിഡന്റ് എസ്. ജയകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

എന്റെ കേരളം എന്റെ അഭിമാനം

ജീവിതം തന്നെ ലഹരി

എക്സൈസിന് ജനകീയമുഖം

സംസ്ഥാന ലഹരിവർജ്ജനമിഷൻ **വിമുക്തി** രൂപീകരിച്ചു.

**നാളത്തെ കേരളം ലഹരിമുക്ത നവ കേരളം** സന്ദേശവുമായി സജീവപ്രചാരണം. സ്കൂളുകളിലും കോളേജുകളിലും

**ലഹരിവിരുദ്ധക്ലബ്ബുകൾ**. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വാർഡ് അടിസ്ഥാനത്തിൽ വിമുക്തി സേന. **ലഹരിക്കെതിരെ കായികലഹരി** സന്ദേശവുമായി സംസ്ഥാനത്താകെ കായികമത്സരങ്ങൾ.

എല്ലാ ജില്ലകളിലും **വിമുക്തി ഡീ അഡിക്ഷൻ സെന്ററുകൾ**. 24 മണിക്കൂറും സേവനം. ഡീ അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനത്തിന് പ്രത്യേകം ജീവനക്കാർ. ലഹരിമുക്ത പ്രവർത്തനങ്ങൾക്ക് കോഴിക്കോട്ടും എറണാകുളത്തും തിരുവനന്തപുരത്തും മേഖലാ കൗൺസലിംഗ് സെന്റർ.

വകുപ്പിൽ സമ്പൂർണ ആധുനികവത്കരണം. **ഇ-ഫയൽ സമ്പ്രദായവും വയർലസ് സംവിധാനവും**.

ലൈസൻസിംഗ് ഉൾപ്പെടെ സേവനങ്ങൾ **ഓൺലൈനിൽ**.

വർക്കല, പത്തനാപുരം,ഇടുക്കി, താമരശ്ശേരി, ഇരിട്ടി, വെള്ളരിക്കുണ്ട്, എന്നിവിടങ്ങളിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ. ദേവികുളത്തും നിലമ്പൂരിലും പുതുതായി **ജനമൈത്രി സർക്കിൾ ഓഫീസ്**.

എൻഫോഴ്സ്മെന്റിൽ **സർവകാല റിക്കാർഡ്.** രജിസ്റ്റർ ചെയ്തത് 27,270 എൻഡിപിഎസ് കേസ് 77,000 അബ്കാരി കേസ്. മൂന്നു ലക്ഷത്തിലേറെ കോട്പ (അനധികൃത പുകയില ഉൽപ്പന്നങ്ങളുടെ വിതരണത്തിനും ഉപയോഗത്തിനുമെതിരെ) കേസുകൾ പിടിച്ചെടുത്തതിൽ 190 കിലോ ഹാഷിഷ്, 32 കിലോ എംഡിഎംഎ, 14 കിലോ ചരസ്. 10,235 കിലോ കഞ്ചാവ്.

ലഹരിമാഫിയക്ക് കൂച്ചുവിലങ്ങ്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാന **സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്**. **എക്സൈസ് ക്രൈംബ്രാഞ്ച്** രൂപീകരിച്ചു.

കള്ളുചെത്ത് വ്യവസായസംരക്ഷണത്തിന് **ടോഡി ബോർഡ്.**

ബിവറേജസ് വിൽപ്പനശാലകളിൽ ആധുനികസൗകര്യങ്ങളോടെ **പ്രീമിയം കൗണ്ടറുകൾ**.



ഇനിയും മുന്നോട്ട്

എക്സൈസ് വകുപ്പ്

കേരള സർക്കാർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

PRD LIVE APP

# ‘മസ്തിഷ്ക മരണം മരണമേയല്ല’: ഡോക്റ്റർ ഹൈക്കോടതിയിൽ

കൊച്ചി: ഒരു വ്യക്തിക്കു മസ്തിഷ്ക മരണം സംഭവിച്ചതായി പ്രഖ്യാപിക്കുന്നതു നിയമ വിരുദ്ധമെന്നും, അതിനു പിന്നിലെ അവയവക്കച്ചവട താത്പര്യം ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിക്കണമെന്നും ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി. കഴിഞ്ഞ നാലു വർഷത്തെ മസ്തിഷ്ക മരണ ക്കേസുകളുടെ വിശദാംശങ്ങൾ ഹാജരാക്കാൻ നിർദേശിക്കണമെന്ന് ആവശ്യപ്പെടുന്ന ഹർജിയിൽ കോടതി പ്രതികരണം തേടി.

കൊല്ലം സ്വദേശിയായ ഡോക്റ്റർ എസ്. ഗണപതിയാണ് ഹർജിയുമായി ഹൈക്കോടതിയിലെത്തിയത്. മസ്തിഷ്ക കോശങ്ങൾ പ്രവർത്തിക്കുന്നില്ല എന്നതിന്‍റെ പേരിൽ മാത്രം ഒരാൾക്കു മസ്തിഷ്ക മരണം സംഭവിച്ചതായി പ്രഖ്യാപിക്കുന്നത് നിയമപരവും ധാർമികവുമായി തെറ്റാണെന്ന് ഹർജിയിൽ പറയുന്നു. മസ്തിഷ്ക മരണം സംഭവിച്ചാൽ പിന്നെ ജീവിതത്തിലേക്കു തിരിച്ചുവരവില്ലെന്നാണ് ട്രാൻസ്പ്ലാന്‍റ് സർജൻമാർ ആളുകളെ വിശ്വസിപ്പിക്കുന്നത്. ഇതു വസ്തുതാപരമായി തെറ്റാണ്. ശ്വസിക്കാനാവില്ല എന്നതു മാത്രമാണ് മസ്തിഷ്ക മരണം സംഭവിച്ച ഒരാൾക്കു സംഭവിക്കുന്നത്. ഇത്തരം ആളുകളുടെ ഹൃദയം സാധാരണ പോലെ പ്രവർത്തിക്കുകയും നാഡിമിടിപ്പ് നോർമൽ ആയിരിക്കുകയും ചെയ്യും. ഇത്തരം ആളുകൾക്കു ദ്രാവക രൂപത്തിൽ ഭക്ഷണം നൽകാനാവും. അത് ശരീരം ആഗിരണം ചെയ്യുകയും ചെയ്യും- ഹർജിയിൽ പറയുന്നു.



### അവയവക്കച്ചവട താത്പര്യം പരിശോധിക്കണം

ഒരു വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് പത്തു മുതൽ പതിനഞ്ചു ലക്ഷം വരെയാണ് സ്വകാര്യ ആശുപത്രികൾ ഈടാക്കുന്നത്. പാൻക്രിയാസ് മാറ്റിവയ്ക്കലിന് പതിനഞ്ചു മുതൽ 20 ലക്ഷം വരെയാണ്. കരളിന് 20-30 ലക്ഷവും ഹൃദയത്തിന് 30-35 ലക്ഷവും ഈടാക്കുന്നു. അതായത് മസ്തിഷ്ക മരണം സംഭവിച്ച ഒരാളുടെ അവയവങ്ങൾ കൊണ്ട് ഒന്നര മുതൽ രണ്ടു കോടി രൂപ വരെ കച്ചവടമാണ് നടക്കുന്നത്. അവയവം മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട് പ്രതിവർഷം 30 കോടി രൂപയുടെ മരുന്നുകളാണ് കമ്പനികൾ വിറ്റഴിക്കുന്നത്.

സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ വിജയനിരക്ക് വളരെ താഴ്ന്നതാണെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു. അവയവ മാറ്റിവയ്ക്കലിന് രക്തഗ്രൂപ്പ് മാച്ചിങ് മാത്രമാണ് കേരളത്തിൽ നടത്തുന്നത്. അതുകൊണ്ടുതന്നെ പലപ്പോഴും മാറ്റിവച്ച അവയവത്തെ ശരീരം തിരസ്കരിക്കുന്നു. 61 ഹൃദയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിൽ പത്തു പേർ മാത്രമേ അതിജീവിച്ചുള്ളൂ എന്നാണ് തന്‍റെ അറിവെന്ന് ഹർജിയിൽ പറയുന്നു. ഒരാൾ മരുന്നുകളുടെ ചെലവ് താങ്ങാനാവാതെ ജീവിതം അവസാനിപ്പിച്ചെന്നും ഹർജിയിൽ പറഞ്ഞു.

# അഴിമതിയിൽ സിപിഎമ്മും കോൺഗ്രസും ഒരു നാണയത്തിന്‍റെ ഇരുവശങ്ങൾ: നഡ്ഡ

തിരുവനന്തപുരം : കേരളത്തിൽ സിപിഎമ്മും കോൺഗ്രസും അഴിമതിയുടെ കാര്യത്തിൽ ഒരു നാണയത്തിന്‍റെ ഇരുവശങ്ങളാണെന്നു ബിജെപി ദേശീയ അധ്യക്ഷൻ ജഗത് പ്രകാശ് നഡ്ഡ. നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തു മാറ്റമുണ്ടാകണം. കേരളത്തിൽ ശത്രുക്കളായി മത്സരിക്കുന്ന സിപിഎമ്മും കോൺഗ്രസും ബംഗാളിൽ ഒരുമിച്ചു നിൽക്കുന്ന അവസ്ഥയാണ്- രണ്ടുദിവസത്തെ കേരള പര്യടനത്തിനെത്തിയ അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

രണ്ടു മുന്നണികളും അഴിമതിയുടെ കാര്യത്തിൽ പരസ്പരം മത്സരിക്കുകയാണ്. ശബരിമല വിഷയത്തിൽ രാഹുൽ ഗാന്ധി ഒരക്ഷരവും ഇതുവരെയും മിണ്ടിയിട്ടില്ല. ഇപ്പോൾ കോൺഗ്രസ് ഈ വിഷയം ഉയർത്തുന്നതു കാപട്യമാണ്.

പിണറായി വിജയൻ സർക്കാരിന്‍റെ വിശ്വാസ്യത നഷ്ടപ്പെട്ടു. സ്വർണക്കടത്ത്, സ്പ്രിംക്ലർ, ലൈഫ് തുടങ്ങി എല്ലാ തട്ടിപ്പുകളിലും മന്ത്രിമാരുടെ പേഴ്സ് വീർപ്പിക്കുക എന്ന അജൻഡ മാത്രമായിരുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രമുഖൻ സ്വർണക്കടത്തു കേസിൽ പ്രതിസ്ഥാനത്തായതോടെ മലയാളികൾക്കു ലോകത്തിനു മുന്നിൽ ലജ്ജിച്ചു നിൽക്കേണ്ടി വന്നു.

ഇടതുസർക്കാർ രാജ്യത്തെ ഭരണഘടനാ സ്ഥാപനങ്ങളെ വെല്ലുവിളിക്കുകയാണ്. ഇതിനുദാഹരണമാണു സിഎജിക്കെതിരെയുള്ള പ്രമേയം. ഇന്നു രാജ്യത്ത് കൊവിഡ് കേസുകൾ റിപ്പോർട്ടു ചെയ്യുന്നതിൽ പകുതിയും കേരളത്തിലാണ്. ഇവിടത്തെ രാഷ്ട്രീയ- ഭരണ നേതൃത്വത്തിന്‍റെ പരാജയമാണ് ഇതിനു കാരണം.

നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപി കേരളത്തിൽ മികച്ച പ്രകടനം നടത്തും. അതിനു പ്രാപ്തിയുള്ള പാർട്ടി നേതൃത്വം ഇവിടെയുണ്ട്. ശോഭ സുരേന്ദ്രന്‍റെ വിഷയത്തിൽ ഉചിതമായ തീരുമാനം ഉണ്ടാകും. ബിജെപി അച്ചടക്കമുള്ള ഒരു കുടുംബം പോലെയാണ്. പാർട്ടിയിൽ എല്ലാവർക്കും അഭിപ്രായ സ്വാതന്ത്ര്യമുണ്ട്. സഭാതർക്കത്തിൽ എല്ലാവർക്കും സ്വീകാര്യമായ ഫോർമുല ഉണ്ടാകുമെന്നും നഡ്ഡ പറഞ്ഞു.



*രണ്ടുദിവസത്തെ സന്ദർശനത്തിനു കേരളത്തിലെത്തിയ ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡയെ തിരുവനന്തപുരം വിമാനത്താവളത്തിൽ സ്വീകരിക്കുന്നു. സംസ്ഥാന പ്രസിഡന്‍റ് കെ. സുരേന്ദ്രൻ, മുൻ പ്രസിഡന്‍റുമാരായ സി.കെ. പദ്മനാഭൻ, പി.കെ. കൃഷ്ണദാസ്, ജില്ലാ പ്രസിഡന്‍റ് വി.വി. രാജേഷ് എന്നിവർ സമീപം.*

## തിരുവനന്തപുരത്ത് ഉജ്വല വരവേൽപ്പ്

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പ് പ്രചരണത്തിന്‍റെ ഭാഗമായി രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനായയെത്തിയ ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡയ്ക്ക് തലസ്ഥാനത്ത് ഉജ്വല വരവേൽപ്. ഇന്നലെ ഉച്ചയോടെ തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ അദ്ദേഹത്തിനു പാർട്ടി പ്രവർത്തകർ ഗംഭീര സ്വീകരണമാണ് ഒരുക്കിയിരുന്നത്. കഥകളി രൂപങ്ങളും ചെണ്ടമേളവും വാദ്യഘോഷങ്ങളുമായി ആയിരക്കണക്കിന് പ്രവർത്തകർ രാവിലെ മുതൽ വിമാനത്താവളത്തിൽ എത്തിയിരുന്നു.

സംസ്ഥാന പ്രസിഡന്‍റ് കെ. സുരേന്ദ്രൻ, ഒ. രാജഗോപാൽ എംഎൽഎ, പ്രഭാരിമാരായ സി.പി. രാധാകൃഷ്ണൻ, സുനിൽ കാർക്കളെ, മുൻ സംസ്ഥാന പ്രസിഡന്‍റുമാരായ കുമ്മനം രാജശേഖരൻ, പി.കെ. കൃഷ്ണദാസ്, സി.കെ. പദ്മനാഭൻ, ദേശീയ വൈസ് പ്രസിഡന്‍റ് എ.പി. അബ്ദുള്ളക്കുട്ടി, സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ജോർജ് കുര്യൻ, സി. കൃഷ്ണകുമാർ, പി. സുധീർ, വൈസ് പ്രസിഡന്‍റ് എ.എൻ. രാധാകൃഷ്ണൻ, ജില്ലാ പ്രസിഡന്‍റ് വി.വി. രാജേഷ് എന്നിവർ ചേർന്ന് സ്വീകരിച്ചു.

തുടർന്ന് തുറന്ന വാഹനത്തിൽ സംസ്ഥാന കാര്യാലയമായ മാരാർജി ഭവനിലേക്ക് ആനയിച്ചു. അഖിലേന്ത്യാ അധ്യക്ഷനെ കാണാൻ റോഡിന് ഇരുവശത്തും നിരവധിയാളുകളാണ് തടിച്ചുകൂടിയത്. മാരാർജി ഭവനിലെത്തിലെത്തിയ നഡ്ഡ സംസ്ഥാന കോർകമ്മിറ്റി യോഗത്തിലും അധ്യക്ഷൻ പങ്കെടുത്തു. വൈകുന്നേരം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തിയ ശേഷം പ്രമുഖ വ്യക്തികളുമായും സാമുദായിക നേതാക്കളുമായും അദ്ദേഹം ചർച്ച നടത്തി. ഇന്ന് വൈകുന്നേരം തൃശൂർ വടക്കുംനാഥ ക്ഷേത്ര മൈതാനത്ത് നടക്കുന്ന പൊതുസമ്മേളനം അദ്ദേഹം ഉദ്ഘാടനം ചെയ്യും.

# മഴുവന്നൂരിൽ ട്വന്‍റി20 നേതാവ് സാബു ജേക്കബിനെ തടഞ്ഞുവച്ചു

### ലാത്തിച്ചാർജിൽ സിപിഎം, കോൺഗ്രസ് പ്രവർത്തകർക്ക് പരുക്ക്

കൊച്ചി: ട്വന്‍റി20 ഭരിക്കുന്ന മഴുവന്നൂർ പഞ്ചായത്ത് ഓഫിസിന് മുന്നിൽ രാഷ്ട്രീയ കക്ഷികളുടെ പ്രതിഷേധം സംഘർഷത്തിൽ കലാശിച്ചു. ആസൂത്രണ സമിതി യോഗത്തിൽ പങ്കെടുക്കാനെത്തിയ ട്വന്‍റി20 ചീഫ് കോഓർഡിനേറ്റർ സാബു എം. ജേക്കബിനെ സിപിഎമ്മിന്‍റെയും കോൺഗ്രസിന്‍റെയും നേതൃത്വത്തിൽ തടഞ്ഞതാണു സംഘർഷത്തിലും ലാത്തിച്ചാർജിലും കലാശിച്ചത്. പഞ്ചായത്തിനു പുറത്തുനിന്നുള്ളവരെ പഞ്ചായത്ത് സമിതികളിൽ ഉൾപ്പെടുത്തിയതാണ് പ്രതിഷേധത്തിന് കാരണമായത്.

സാബു എം. ജേക്കബ് യോഗത്തിനെത്തിയാൽ തടയുമെന്നു യുഡിഎഫും എൽഡിഎഫും നേരത്തെ വ്യക്തമാക്കിയിരുന്നു. കോടതി ഉത്തരവോടെ പൊലീസ് സുരക്ഷയിലാൺ സാബു ജേക്കബ് യോഗത്തിനെത്തിയത്.

പഞ്ചായത്ത് സമിതികളിൽ പ്രതിപക്ഷാംഗങ്ങളെയും പ്രദേശവാസികളെയും ഉൾപ്പെടുത്തുന്നില്ലെന്ന് ആരോപിച്ചാണ് യുഡിഎഫും എൽഡിഎഫും ഉൾപ്പെടെയുള്ള പാർട്ടികൾ പ്രതിഷേധ ധർണ സംഘടിപ്പിച്ചത്. പ്രതിഷേധക്കാരെ പിരിച്ചുവിടാൻ പൊലീസ് ലാത്തി വീശിയതിനെ തുടർന്ന് സിപിഎം ലോക്കൽ കമ്മിറ്റി സെക്രട്ടറി ഉൾപ്പെടെ അഞ്ചു പേർക്ക് പരുക്കേറ്റു.

പൊലീസ് പ്രകോപനമില്ലാതെ പ്രതിഷേധക്കാരെ ആക്രമിക്കുകയായിരുന്നെന്ന് മഴുവന്നൂർ കോൺഗ്രസ് മണ്ഡലം കമ്മിറ്റി പ്രസിഡന്‍റ് എൽദോ ആരോപിച്ചു. അതേസമയം, ആസൂത്രണ സമിതിയിൽ പങ്കെടുക്കാനെത്തിയ തന്നെ പ്രതിഷേധക്കാർ ഒന്നര മണിക്കൂറോളം തടഞ്ഞുവച്ചെന്നു സാബു ജേക്കബ് പറഞ്ഞു. ഏകദേശം ഒന്നര മണിക്കൂറോളമാണ് തടഞ്ഞുവച്ചത്. സാബുവിനെ സിപിഎം പ്രവർത്തകർ തടഞ്ഞുവച്ചിരിക്കുകയാണെന്നാരോപിച്ച് ട്വന്‍റി20 പ്രവർത്തകരും രംഗത്തെത്തി. അവർ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുന്നിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ചു.

ആസൂത്രണ കമ്മിറ്റിയുടെ വൈസ് ചെയർമാനാണ് സാബു ജേക്കബ്. പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെ തുടർന്നാണ് യോഗത്തിനെത്തിയതെന്ന് സാബു ജേക്കബിന്‍റെ വാദം. ആസൂത്രണ കമ്മിറ്റി യോഗത്തിനെത്തിയ സാബുവിനെതിരെ കഴിഞ്ഞ ദിവസവും പ്രതിഷേധം നടന്നിരുന്നു. കാറിൽ നിന്നിറങ്ങാൻ സിപിഎം പ്രവർത്തകർ അനുവദിച്ചിരുന്നില്ല. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളെ ഗുണ്ടായിസം കൊണ്ട് തകർക്കാനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു. യോഗത്തിൽ പങ്കെടുത്ത ശേഷം സാബു ജേക്കബ് മടങ്ങി.

മഴുവന്നൂരിലെ 19ൽ 14 സീറ്റുകൾ നേടിയാണ് 20-20 ഇത്തവണ അധികാരത്തിലെത്തിയത്. പ്രതിപക്ഷത്തുള്ള അഞ്ചംഗങ്ങളിൽ ഒരാൾക്ക് പോലും സ്റ്റാൻഡിങ് കമ്മിറ്റികളിൽ സ്ഥാനം നൽകിയിട്ടില്ലെന്ന് കോലഞ്ചേരി ഏരിയാ കമ്മിറ്റി അംഗം ഹർഷൻ മാധവൻ പറയുന്നു. 305 അംഗ വർക്കിങ് കമ്മിറ്റിയിൽ പോലും പ്രദേശവാസികൾക്ക് പ്രാതിനിധ്യമില്ല. പഞ്ചായത്ത് പുറത്തുനിന്നുള്ളവർ ഹൈജാക്ക് ചെയ്യുന്ന സാഹചര്യമാണുള്ളത്. ഇതിനാലാണ് എല്ലാ പാർട്ടികളും ചേർന്ന് ബഹുജന ധർണ സംഘടിപ്പിച്ചത്. സാബു ജേക്കബിനെതിരേ പ്രതിഷേധിച്ചെങ്കിലും തടഞ്ഞുവച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ കാര്യത്തിൽ നിയമപരമായി തെറ്റൊന്നുമില്ലെന്നാണ് 20-20യുടെ നിലപാട്. അഞ്ച് 20-20 അംഗങ്ങളും പഞ്ചായത്തിന് പുറത്തുനിന്നുള്ള വിദഗ്ധരുമാണ് സമിതിയിലുള്ളതെന്ന് അവർ പറയുന്നു.




*എറണാകുളം ഡിസിസി ഓഫിസിൽ ചേർന്ന കോൺഗ്രസ് മണ്ഡലം, ബ്ലോക്ക് പ്രസിഡന്‍റുമാരുടെ യോഗം എഐസിസി ജനറൽ സെക്രട്ടറി താരിഖ് അൻവർ ഉദ്ഘാടനം ചെയ്യുന്നു.*

# പകുതി സീറ്റിൽ പുതുമുഖങ്ങളെന്ന് താരിഖ് അൻവർ

കൊച്ചി: നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സ്ഥാനാർഥി നിർണയത്തിൽ അമ്പത് ശതമാനം പുതുമുഖങ്ങളെ പരിഗണിക്കുമെന്ന് കേരളത്തിന്‍റെ സംഘടന ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി താരിഖ് അൻവർ. വനിതകൾക്കും യുവാക്കൾക്കും ലിസ്റ്റിൽ മുൻതൂക്കം ലഭിക്കും. മുതിർന്ന നേതാക്കൾക്കും അർഹമായ പരിഗണന ലഭിക്കും- അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സ്ത്രീകൾ, യുവാക്കൾ എന്നിവയ്ക്ക് പുറമെ സമൂഹത്തിലെ വിഭാഗങ്ങൾക്കും അർഹമായ പരിഗണന ഉറപ്പുവരുത്തിയായിരിക്കും സ്ഥാനാർഥി നിർണയം. വിജയസാധ്യതയായിരിക്കും പ്രധാന മാനദണ്ഡം. മികച്ച പ്രതിച്ഛായ ഉള്ളവരെയും പാർട്ടിക്കും ജനത്തിനും സേവനം നൽകിയവരെയും മാത്രമായിരിക്കും പരിഗണിക്കുക. തെരഞ്ഞെടുപ്പ് കമ്മിറ്റി ഉടനെ ചേരും.

മുഖ്യമന്ത്രി സ്ഥാനാർഥിയെ തെരഞ്ഞെടുപ്പിന് മുമ്പ് പ്രഖ്യാപിക്കുന്ന രീതി കോൺഗ്രസിനില്ല. അത്തരം കാര്യങ്ങൾ തെരഞ്ഞെടുപ്പിന് ശേഷം എഐസിസി തീരുമാനിക്കും. ഇത്തവണ ജനം യുഡിഎഫിനെ തെരഞ്ഞെടുക്കും.

വളരെ ഗൗരവത്തോടെയാണ് തെരഞ്ഞെടുപ്പ് പ്രകടന പത്രികയെ സമീപിക്കുന്നത്. എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതായിരിക്കും ഇത്. ഇതിനായി ശശി തരൂർ എംപിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തിന്‍റെ വിവിധ ഭാഗങ്ങളിൽ സന്ദർശിച്ച് ആശയങ്ങൾ തേടും. കർഷകർ, തൊഴിലാളികൾ, യുവാക്കൾ, വിദ്യാർഥികൾ, പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവരുമായി നേരിട്ട് സംവദിക്കും.

സംസ്ഥാനത്ത് യുഡിഎഫിനെതിരേ ബിജെപി- സിപിഎം കൂട്ടുകെട്ട് ഉണ്ടാകാം. ബിജെപിയെ പോലെ സിപിഎമ്മും കോൺഗ്രസിന്‍റെ തകർച്ചയാണ് ആഗ്രഹിക്കുന്നത്- അദ്ദേഹം പറഞ്ഞു.

എഐസിസി സെക്രട്ടറി ഐവാൻ ഡിസൂസ, ഡിസിസി പ്രസിഡന്‍റ് ടി.ജെ. വിനോദ് എംഎൽഎ, കെപിസിസി ജന. സെക്രട്ടറിമാരായ ദീപ്തി മേരി വർഗീസ്, റോയ് കെ. പൗലോസ്, ജെയ്സൺ ജോസഫ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## നവജീവൻ ഉദ്ഘാടനം ശനിയാഴ്ച

തിരുവനന്തപുരം: മുതിർന്ന പൗരന്മാർക്കായി എൽഡിഎഫ് ഗവൺമെന്‍റ് ആവിഷ്കരിച്ച നവജീവൻ സ്വയംതൊഴിൽ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ആദ്യ വായ്പാ വിതരണവും ആറിന് പേരാമ്പ്രയിൽ നടക്കും. എംപ്ലോയ്മെന്‍റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ളവർക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് പദ്ധതിപ്രകാരം 50,000 രൂപ വരെ വായ്പ ലഭിക്കും.

സ്വയംതൊഴിൽ, മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പരിചയവും സമൂഹത്തിന് പ്രയോജനപ്പെടുത്താനുള്ള ഡാറ്റ ബാങ്ക് എന്നിങ്ങനെ എംപ്ലോയ്മെന്‍റ് വകുപ്പ് മുഖേന നടപ്പാക്കുന്ന നവജീവൻ പദ്ധതിക്ക് രണ്ടു ഘടകങ്ങളാണുള്ളത്. വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 25 ശതമാനം സബ്സിഡിയോടെ വായ്പ ലഭ്യമാക്കും. പരമാവധി 12,500 രൂപയാണ് സബ്സിഡി. സംയുക്ത സംരംഭങ്ങളും ആരംഭിക്കാം.

പേരാമ്പ്ര മിനി സിവിൽ സ്റ്റേഷനിലെ കരിയർ ഡവലപ്മെന്‍റ് സെന്‍ററിൽ 11 മണിക്കു മന്ത്രി ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. കേരള ബാങ്ക് മുഖേന വായ്പ അനുവദിച്ച മൂന്നു പേർക്കു ധനസഹായം വിതരണം ചെയ്യും. ഇതിനകം ലഭിച്ച ആയിരത്തിലേറെ അപേക്ഷകൾ അതത് ജില്ലാതല സമിതി അംഗീകരിക്കുന്ന മുറയ്ക്ക് വായ്പാ വിതരണം പൂർത്തിയാക്കും.

## സ്കൂൾ കായിക മേള മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം: 2019ൽ കണ്ണൂർ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടന്ന കായിക മേളയുടെ മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച റിപ്പോർട്ടറായി അച്ചടി വിഭാഗത്തിൽ സജ്ന ആലുങ്കൽ (മാതൃഭൂമി), ഫോട്ടോഗ്രാഫറായി പി. കൃഷ്ണ പ്രദീപ് (മാതൃഭൂമി) എന്നിവരെയും തെരഞ്ഞെടുത്തു. ദൃശ്യമാധ്യമ വിഭാഗത്തിൽ നിഖിൽ പ്രമേഷിനെ മികച്ച റിപ്പോർട്ടറായും (24 ന്യൂസ്), മികച്ച ഛായാഗ്രഹണത്തിന് വി. സജീവിനെ യും(മനോരമ ന്യൂസ്) തെരഞ്ഞെടുത്തു. സമഗ്ര കവറേജിന് അച്ചടി വിഭാഗത്തിൽ നിന്നും മെട്രൊ വാർത്തയ്ക്കും ദൃശ്യമാധ്യമ വിഭാഗത്തിൽ ഏഷ്യാനെറ്റ് ന്യൂസിനുമാണ് പുരസ്കാരം.

## സിപിഎം സംസ്ഥാന സമിതി തുടരുന്നു

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ചവരെ സിപിഎം നിയമസഭയിലേക്കു പരിഗണിച്ചേക്കില്ല. എന്നാൽ പാർലമെന്‍ററി ജനാധിപത്യത്തിലേക്ക് വരണമെന്ന് വിലയിരുത്തപ്പെടുന്ന ചിലർക്ക് ഇളവ് നൽകാനാണ് സിപിഎം തീരുമാനം.തെരഞ്ഞെടുപ്പിലെ സീറ്റ് വിഭജനവും പ്രചാരണ തന്ത്രങ്ങളും ഇന്നലെയും ഇന്നുമായി ചേരുന്ന സംസ്ഥാന സമിതി യോഗം ചർച്ച ചെയ്യുകയാണ്. തദ്ദേശ തെരഞ്ഞെടുപ്പിന് ശേഷം നടന്ന ഭവനസന്ദർശനങ്ങളിൽ ഉയർന്ന പ്രതികരണങ്ങളും സിപിഎം വിലയിരുത്തും.ഏതൊക്കെ സീറ്റുകൾ ഘടക കക്ഷികൾക്ക് വിട്ട് നൽകണമെന്ന കാര്യവും സംസ്ഥാന കമ്മിറ്റി വിശദമായി ചർച്ച ചെയ്യും.

# രാജൻ മധേക്കർ ജിയോജിത് ഡയറക്റ്റർ ബോർഡിൽ



കൊച്ചി: കേരള പൊലീസിലും കേന്ദ്ര പൊലീസ് സേനയിലും ഉന്നത പദവികൾ വഹിച്ചിരുന്ന രാജൻ കെ. മധേക്കറെ ജിയോജിത് ഫിനാൻഷ്യൽ സർവീസസ് സ്വതന്ത്ര ചുമതലയുള്ള അഡീഷണൽ ഡയറക്റ്ററായി നിയമിച്ചു.

1975 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനായിരുന്ന മധേക്കർ 37 വർഷം കേന്ദ്ര, കേരള സർവീസുകളിൽ സുപ്രധാന പദവികളിൽ സേവനം നടത്തി. കേന്ദ്ര ഏജൻസിയായ നാഷണൽ സെക്യൂരിറ്റി ഗാർഡ് (എൻഎസ്ജി) ഡയറക്റ്റർ ജനറലായിരിക്കേയാണ് അദ്ദേഹം സർവീസിൽ നിന്നു വിരമിച്ചത്.

സർക്കാർ, സ്വകാര്യ മേഖലകളിൽ സുരക്ഷാ ഉപദേഷ്ടാവായി സേവനമനുഷ്ഠിക്കുന്ന മധേക്കർ നിലവിൽ ഡൽഹിയിലെ ഇന്‍റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെക്യൂരിറ്റി ആൻഡ് സേഫ്റ്റി മാനെജ്മെന്‍റ് ഡയറക്റ്റർ ജനറലാണ്.

സ്തുത്യർഹ സേവനത്തിന് രാഷ്ട്രപതിയുടെ പൊലീസ് മെഡലും ഇന്ത്യൻ പൊലീസ് മെഡലും ലഭിച്ചിട്ടുള്ള അദ്ദേഹം പിലാനി ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് ബിരുദവും ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്ന് സോളിഡ് സ്റ്റേറ്റ് ഫിസിക്സിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. ജിയോജിത് ഡയറക്റ്റർ ബോർഡിലേക്ക് രാജൻ മധേക്കറെ സ്വാഗതം ചെയ്യാൻ അതിയായ സന്തോഷമുണ്ടെന്ന് ജിയോജിത് സ്ഥാപകനും മാനെജിങ് ഡയറക്റ്ററുമായ സി.ജെ. ജോർജ് പറഞ്ഞു.

# ഹലാൽ പരാമർശം: ആർ.വി. ബാബുവിനെതിരേ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസ്

കൊച്ചി: ഹലാൽ സ്റ്റിക്കർ നീക്കണമെന്നാവശ്യപ്പെട്ട് എറണാകുളം പാറക്കടവ് കുറുമശേരി ബേക്കറിയുടമയെ ഭീഷണിപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് ഹിന്ദു ഐക്യവേദി സംസ്ഥാന ജനറൽ സെക്രട്ടറി ആർ.വി. ബാബുവിനെതിരെ പൊലീസ് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തു. മതവികാരം വ്രണപ്പെടുത്തത്തുന്ന പരാമർശങ്ങളുടെ പേരിലാണ് ഡിജിപിയുടെ നിർദേശപ്രകാരം ഐപിസി 153 എ വകുപ്പ് ചുമത്തി കേസെടുത്തിരിക്കുന്നത്.

കേസെടുത്തതിന് തൊട്ടുപിന്നാലെ ഹലാൽ ഭക്ഷണ സ്റ്റിക്കറിനെതിരെയുള്ള നിലപാട് ആവർത്തിച്ച് ആർ.വി. ബാബു വീണ്ടും രംഗത്തെത്തി. താൻ ഒരാളുടേയും മതവികാരം വ്രണപ്പെടുത്തിയിട്ടില്ലെന്നും, മതത്തിന്‍റെ പേരിലുള്ള വിവേചനത്തെ എതിർക്കുക മാത്രമാണ് ചെയ്തതെന്നുമാണ് ബാബുവിന്‍റെ പ്രതികരണം. ന്യൂനപക്ഷ വോട്ടുകൾ ലക്ഷ്യംവച്ചാണ് എൽഡിഎഫ് സർക്കാരും പൊലീസും തിനക്കെതിരെ നീക്കം നടത്തുന്നതെന്ന് ബാബു ആരോപിച്ചു.

ഹലാൽ എന്ന സങ്കൽപ്പം ബഹുസ്വര സമൂഹത്തിന് ചേർന്നതല്ലെന്നും ഹിന്ദു ഐക്യവേദിയുടെ ഇടപെടൽ കൊണ്ടാണ് ഈ വിഷയം കേരളത്തിൽ ചർച്ചയായതെന്നും ബാബു പറഞ്ഞു. പിണറായി സർക്കാർ ഉമ്മാക്കി കാണിച്ച് തന്നെ പേടിപ്പിക്കാൻ നോക്കേണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംഭവവുമായി ബന്ധപ്പെട്ട് നാലു ഹിന്ദു ഐക്യവേദി പ്രവർത്തകർ അറസ്റ്റിലായിരുന്നു. ഹിന്ദു ഐക്യവേദി പാറക്കടവ് പഞ്ചായത്ത് സമിതി പ്രസിഡന്‍റ് അരുൺ അരവിന്ദ്, ജനറൽ സെക്രട്ടറി ധനേഷ് പ്രഭാകരൻ ഒപ്പം സുജയ്, ലെനിൻ എന്നീ പ്രവർത്തകരാണ് അറസ്റ്റിലായത്. കുറുമശേരിയിൽ പ്രവർത്തനമാരംഭിച്ച മോഡി ബേക്കറി ഉടമയ്ക്ക് ഹലാൽ സ്റ്റിക്കർ നീക്കണമെന്നാവശ്യപ്പെട്ട നോട്ടീസ് നേരിട്ടെത്തി ഇവർ കൈമാറുകയായിരുന്നു. സാമൂഹ്യമാധ്യമങ്ങളിൽ ഈ കത്ത് വലിയ ചർച്ചയായതോടെയാണ് വിഷയത്തിൽ പൊലീസ് ഇടപെട്ടത്. കട ഉടമയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസെടുക്കുകയായിരുന്നു.

## ജസ്ന തിരോധാനം: ജഡ്ജിയുടെ വണ്ടിയിൽ കരി ഓയിൽ ഒഴിച്ച് പ്രതിഷേധം

കൊച്ചി: പത്തനംതിട്ടയിൽ നിന്നു കാണാതായ ജസ്നയെ കണ്ടെത്തണമെന്നാവശ്യപ്പെട്ട് ഹൈക്കോടതി ജഡ്ജിയുടെ കാറിൽ കരി ഓയിൽ ഒഴിച്ചു. ഹൈക്കോടതി പരിസരത്തു ഇന്നലെ രാവിലെയാണ് സംഭവം. എൻട്രൻസ് ഗേറ്റിൽ പ്ലക്കാർഡുമായി നിന്ന കോട്ടയം സ്വദേശി ആർ. രഘുനാഥനാണ് ജസ്റ്റിസ് ഷേർസിയുടെ കാറിലേക്ക് കരി ഓയിൽ ഒഴിച്ചത്.

കാണാതായ ജസ്നയെ കണ്ടെത്താൻ സജീവമായ അന്വേഷണം വേണമെന്നായിരുന്നു ആവശ്യം. പൊലീസ് ഇയാളെ പിടികൂടി സെൻട്രൽ സ്റ്റേഷനിൽ എത്തിച്ചു ചോദ്യം ചെയ്തു. ഇയാൾക്കു ജസ്നയുമായോ കുടുംബവുമായോ ബന്ധമൊന്നുമില്ലെന്നു പൊലീസ് പറഞ്ഞു.

ജെസ്നയുടെ തിരോധാനം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ബന്ധുക്കൾ നൽകിയ അപ്പീൽ ഹൈക്കോടതിയുടെ പരിഗണനയിലാണ്. 2018 മാർച്ച് 22 നാണ് വെച്ചൂച്ചിറ കൊല്ലമുള കുന്നത്ത് ജെയിംസ് ജോസഫിന്‍റെ മകൾ ജെസ്ന മരിയയെ (20) കാണാതാകുന്നത്. കാഞ്ഞിരപ്പള്ളി സെന്‍റ് ഡൊമിനിക്സ് കോളെജിൽ രണ്ടാം വർഷ ബികോം വിദ്യാർഥിയായിരുന്നു.

## 6,356 പേർക്ക് കൊവിഡ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 6356 പേർക്ക് കൊവിഡ്-19 സ്ഥിരീകരിച്ചു. ചികിത്സയിലായിരുന്ന 6380 പേർ കൊവിഡ് മുക്തരായി. കഴിഞ്ഞ 24 മണിക്കൂറിനിടെ 59,635 സാംപിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 10.66 ആണ്.20 മരണം സ്ഥിരീകരിച്ചതോടെ കേരളത്തിലെ ആകെ കൊവിഡ് മരണം 3796 ആയി.

എറണാകുളം 871, കോഴിക്കോട് 741, കൊല്ലം 690, പത്തനംതിട്ട 597, കോട്ടയം 558, തിരുവനന്തപുരം 489, തൃശൂർ 479, ആലപ്പുഴ 395, മലപ്പുറം 383, കണ്ണൂർ 297, പാലക്കാട് 275, ഇടുക്കി 268, വയനാട് 190, കാസർഗോഡ് 93 എന്നിങ്ങനെയാണ് ജില്ലാതല കൊവിഡ് കണക്ക്.

ഇന്നലെ രോഗം സ്ഥിരീകരിച്ചവരിൽ 84 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 5817 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 413 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 42 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

## ശമ്പള പരിഷ്കരണത്തിന് തീരുമാനം

തിരുവനന്തപുരം: യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിലെ ഓഫീസർമാരുടെ ശമ്പളം പരിഷ്കരിക്കാൻ തീരുമാനിച്ചു. ഈ കമ്പനിയിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും ദീർഘകാല കരാർ 2011 ജനുവരി ഒന്നു മുതൽ പ്രാബല്യത്തോടെ നടപ്പാക്കും.

* കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനിലെ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം പരിഷ്കരിക്കും.

* ട്രാക്കോ കേബിൾ ലിമിറ്റഡിലെ തൊഴിലാളികളുടെ ദീർഘകാല കരാർ 2016 ഏപ്രിൽ 1 പ്രാബല്യത്തോടെ നടപ്പാക്കും.

* കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിലെ ഐഡി ആക്ടിനു പരിധിയിൽ വരുന്ന ജീവനക്കാരുടെ ദീർഘകാല കരാർ നടപ്പാക്കാൻ തീരുമാനിച്ചു.

* സർക്കാർ ഐടി പാർക്കുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ജോൺ എം. തോമസിനെ (കോട്ടയം) മൂന്നു വർഷത്തേക്ക് നിയമിക്കും.

* ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്‍റെ അറ്റകുറ്റപ്പണി നടത്തുന്നതിന് മേരിമാതാ ഇൻഫ്രാസ്ട്രക്ച്ചർ കമ്പനിക്ക് 32.6 കോടി രൂപയ്ക്ക് കരാർ നൽകുന്നതിന് അനുമതി.

* കേരള സ്റ്റാർട്ടപ്പ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി തപൻ രായഗുരുവിനെ മൂന്നു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കും.

* കെ.എസ്.ഡി.പിയുടെ മാനേജിങ് ഡയറക്ടറായി എസ്. ശ്യാമളയെ നിയമിക്കും. കെല്ലിൽ ഡെപ്യൂട്ടി ജനറൽ മാനെജരായ അവർ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ കെഎസ്ഡിപി. എംഡിയാണ്. ഏപ്രിൽ 30 മുതൽ രണ്ടു വർഷത്തേക്കാണ് നിയമനം.

* ഗവൺമെന്‍റ് കരാറുകളിൽ സർക്കാരുമായോ മറ്റേതെങ്കിലും കക്ഷിയുമായോ ഉള്ള തർക്കം പരിഹരിക്കുന്നതിന് ആർബിട്രേഷൻ കോടതിയായി ജില്ലാ കോടതി സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.

* വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമാണം സംബന്ധിച്ച ആർബിട്രേഷനു വേണ്ടി റിട്ട. ജസ്റ്റിസ് കുര്യൻ ജോസഫിനെ കേരള സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ആർബിട്രേറ്ററായി നിയമിക്കാൻ തീരുമാനിച്ചു.






# കർഷക സമരത്തിന് പിന്തുണയുമായി മിയ ഖലീഫയും

രാജ്യത്ത് നടക്കുന്ന കർഷക സമരത്തിന് പിന്തുണയുമായി മിയ ഖലീഫയും. എന്ത് തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങളാണ് അവിടെ നടക്കുന്നത് ? ഡൽഹിക്ക് ചുറ്റും ഇന്റർനെറ്റ് വിച്ഛേദിച്ചു- മിയ ടീറ്ററിൽ കുറിച്ചു. കർഷക സമരത്തിന്റെ ചിത്രങ്ങളും ടീറ്റ് ചെയ്തിട്ടുണ്ട്.അതേസമയം, ഇന്ത്യയിലെ കർഷക സമരത്തിന് അന്താരാഷ്ട്ര സമൂഹത്തിൽ തന്നെ പിന്തുണയേറുകയാണ്. പോപ് ഗായിക റിഹാന, അന്താരാഷ്ട്ര പരിസ്ഥിതി പ്രവർത്തക ഗ്രേറ്റ തുൻബെർഗ് എന്നിവർ സമരത്തിന് പിന്തുണയുമായി ഇതിനോടകം രംഗത്തെത്തിയിട്ടുണ്ട്.




# 'സെക്കൻഡ് ഷോ' റിലീസായി ഒൻപത് വർഷങ്ങൾ: വാചാലനായി ദുൽഖർ

ദുൽഖർ സൽമാന്റെ ആദ്യ സിനിമ സെക്കൻഡ് ഷോ റിലീസായിട്ട് ഒൻപത് വർഷങ്ങൾ കഴിഞ്ഞിരിക്കുകയാണ് .ശ്രീനാഥ് രാജേന്ദ്രൻ ആദ്യമായി സംവിധാനം ചെയ്ത സെക്കന്റ്ഷോ എന്ന ചിത്രത്തിലൂടെയാണ് ദുൽഖർ സൽമാൻ മലയാളത്തിലേക്ക് അരങ്ങേറിയത്. എ. ഒ. പി. എൽ എന്റർ ടൈൻമെന്റാണ് ചിത്രം നിർമിച്ചത് . ഇതിനോടകം 30 സിനിമകളിൽ അഭിനയിച്ച ദുൽഖർ സൽമാൻ ഇപ്പോൾ നിർമാതാവിന്റെ വേഷത്തിലും പ്രേക്ഷകരിലേക്കെത്തിയിട്ടുണ്ട്. ഈ വേളയിൽ നിരവധി സിനിമാ താരങ്ങളും ദുൽഖറിന്റെ സുഹൃത്തുക്കളുമാണ് ആശംസകളുമായി രംഗത്തെത്തിയിരിക്കുന്നത്. തന്റെ ഒൻപത് വർഷത്തെ സിനിമായാത്രയെ പറ്റി വാചാലനായിരിക്കുകയാണ് ദുൽഖർ സൽമാനിപ്പോൾ. സിനിമയിൽ തന്നെ പിന്തുണച്ച എല്ലാവരോടും നന്ദിയും സ്നേഹവും പറഞ്ഞിരിക്കുകയാണ് ദുൽഖർ സൽമാൻ·ഇന്നേക്ക് ഒൻപത് വർഷം മുമ്പ് സെക്കന്റ് ഷോ റിലീസ് ചെയ്തു. എന്നോടൊപ്പം നിരവധി പുതുമുഖങ്ങൾ ആ സിനിമയിലൂടെ തുടക്കം കുറിച്ചിരുന്നു. ഇപ്പോൾ ഇന്ന് ഞാൻ പുതിയൊരു ചിത്രം തുടങ്ങുകയാണ്. അന്നത്തെ അതേ പരിഭ്രമവും, പേടിയുമുണ്ട്.എന്നാൽ കാലം അതെല്ലാം നല്ല രീതിയിൽ എടുക്കാൻ എന്നെ പഠിപ്പിച്ചു. ഞാൻ എവിടെ നിന്നാണ് തുടങ്ങിയതെന്ന് ഓർക്കാൻ എല്ലാ വർഷവുമുള്ള നിങ്ങളുടെ ഓർമ്മപ്പെടുത്തൽ സഹായിക്കാറുണ്ട്. നിങ്ങളുടെ നിരന്തരമായുള്ള പിന്തുണയ്ക്കും സ്നേഹത്തിനും ഒരായിരം നന്ദി.എന്റെ എല്ലാ സഹപ്രവർത്തകർക്കും, ഞാൻ പ്രവർത്തിച്ച എല്ലാ സിനിമ മേകലകൾക്കും നന്ദി. ഈ വർഷം നല്ല സിനിമകളും, ആരോഗ്യവും ഉണ്ടാകാൻ പ്രാർത്ഥിക്കുന്നു. എല്ലാവർക്കും നന്ദി.എന്നാണ് ദുൽഖർ കുറിച്ചിരിക്കുന്നത്




# സന്തോഷ് കീഴാറ്റൂർ ചിത്രം 'അവനോവിലോന'

സന്തോഷ് കീഴാറ്റൂർ,ആത്മീയ രാജൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ദേശീയ പുരസ്ക്കാര ജേതാക്കളായ ഷെറി,ടി ദീപേഷ് എന്നിവർ ചേർന്നു സംവിധാനം ചെയ്യുന്ന 'അവനോവിലോന ' ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ മോഹൻലാൽ തന്റെ ഫേസ് ബുക്ക് പേജിലൂടെ പുറത്തിറക്കി.

കെ സി കൃഷ്ണൻ,റിയാസ്,കെ എം ആർ,കോക്കാട് നാരായണൻ,മിനി രാധൻ,ഒ മോഹനൻ,എ വി സരസ്വതി തുടങ്ങിയവർക്കൊപ്പം കണ്ണൂരിലെ ഇരുപതോളം ട്രാൻസ് ജെൻഡർന്മാരും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

സന്തോഷ് കീഴാറ്റൂർ പ്രൊഡക്ഷൻസ്,നിവ് പ്രൊഡക്ഷൻസ് എന്നിവയുടെ ബാനറിൽ സന്തോഷ് കീഴാറ്റൂർ,ശ്രീമ അനിൽ എന്നിവർ ചേർന്നു നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജലീൽ ബാദുഷ നിർവ്വഹിക്കുന്നു.ഷെറി തിരക്കഥ സംഭാഷണമെഴുതുന്നു.

പ്രൊജക്റ്റ് ഡിസൈനർ-ഡിക്സൺ പൊടുത്താസ്,

എഡിറ്റർ-അഖിലേഷ് മോഹൻ,പഞ്ചാത്തല സംഗീതം-ഗോപീ സുന്ദർ,കല-സുനീഷ് വടക്കുമ്പാടൻ,മേക്കപ്പ്-മണികണ്ഠൻ ചുങ്കത്തറ,വസ്ത്രാലങ്കാരം- റിയഇഷ,

സ്റ്റിൽസ്-ലിജിൻ രവി,പരസ്യ കല-ലൈനോജ് റെഡ് ഡിസൈൻ,അസോസിയേറ്റ് ഡയറക്ടർ-പ്രതാപൻ പടിയിൽ,അസിസ്റ്റന്റ് ഡയറക്ടർ-വർഷ ജിത്തു,പ്രൊഡ്ക്ഷൻ എക്സിക്യൂട്ടീവ്-അനീഷ് നമ്പ്യാർ. ട്രാൻസ് ജെൻഡർ സമൂഹത്തിന്റെ ജീവിത പശ്ചാത്തലത്തിൽ കഥ പറയുന്ന ഈ ചിത്രത്തിൽ എഡ്ഡി എന്ന ട്രാൻസ് ജെൻഡർ കഥാപാത്രത്തെ സന്തോഷ് കീഴാറ്റൂർ അവതരിപ്പിക്കുന്നു.ട്രാൻസ് ജെൻഡന്മാരുടെ കുലദേവതയാണ് ഗ്രീക്ക് ദേവതയായ

' അവനോവിലോന '.'ആദിമധ്യാന്തം' എന്ന ചിത്രത്തിലൂടെ ദേശീയ അവാർഡ് നേടിയ ഷെറിയും 'ടൈപ്പ് റൈറ്റർ'എന്ന ചിത്രത്തിലൂടെ ദേശീയ അവാർഡ് നേടിയ ടി ദീപേഷും ഒന്നിക്കുന്ന ' അവനോവിലോന 'കണ്ണൂർ പരിസര പ്രദേശങ്ങളിലായി ചിത്രീകരണം പൂർത്തിയാവുന്നു. വാർത്ത പ്രചരണം-എ എസ് ദിനേശ്.

# 'ചങ്ങായി' ട്രെയ്‌ലർ റിലീസ്



പറവ എന്ന ചിത്രത്തിലൂടെ ഏറേ ശ്രദ്ധേയരായ അമൽ ഷാ,ഗോവിന്ദ് പൈ എന്നിവർ നായകരാവുന്ന ' ചങ്ങായി ' എന്ന ചിത്രത്തിന്റെ ട്രെയ്‌ലർ നിവിൻ പോളി തന്റെ ഫേയ്സ് ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.നവാഗതനായ സുധേഷ് കഥയെഴുതി സംവിധാനം ചെയ്യുന്ന ' ചങ്ങായി 'ഫെബ്രുവരി അഞ്ചിന് തിയ്യേറ്ററിലെത്തുന്നു. ആക്ഷൻ ഹീറോ ബിജു എന്ന ചിത്രത്തിലുടെ ശ്രദ്ധേയനായ മുഹമ്മദ് ഷഫീഖ് തിരക്കഥ സംഭാഷണണമെഴുതുന്നു.ഭഗത് മാനുവൽ,ജാഫർ ഇടുക്കി,സന്തോഷ് കീഴാറ്റൂർ,ശിവജി ഗുരുവായൂർ,കോട്ടയം പ്രദീപ്,വിനോദ് കോവൂർ,വിജയൻ കാരന്തൂർ,സുശീൽ കുമാർ,സിദ്ധിഖ് കൊടിയത്തൂർ,വിജയൻ വി നായർ,മഞ്ജു പത്രോസ്,അനു ജോസഫ് തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.അയ്വ ഫിലിംസിന്റെ ബാനറിൽ വാണിശ്രീ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം പ്രശാന്ത് പ്രണവം നിർവ്വഹിക്കുന്നു.ഇർഫാനും മനുവും കടമ്പൂർ സ്ക്കൂളിലെ പ്ലസ് ടു വിദ്യാർത്ഥികളാണ്.ഒപ്പം ആത്മാർത്ഥ സുഹൃത്തുക്കളുമാണ്. വ്യത്യസ്ത മതത്തിൽ പെട്ടവരും തികഞ്ഞ മത വിശ്വാസികളുമായ അവരുടെ അസൂയാവഹമായ സൗഹൃദത്തിന്റെ കഥയാണ് 'ചങ്ങായി' യിൽ പറയുന്നത്.

ഷഹീറ നസീറിന്റെ വരികൾക്കു മോഹൻ സിത്താര ഈണം പകരുന്നു.എഡിറ്റർ-സനൽ അനിരുദ്ധൻ.പ്രൊഡക്ഷൻ കൺട്രോളർ-പ്രേംകുമാർ പറമ്പത്ത്,കല-സഹജൻ മൗവ്വേരി,മേക്കപ്പ്-ഷനീജ് ശില്പം,വസ്ത്രാലങ്കാരം-ബാലൻ പുതുക്കുടി,സ്റ്റിൽസ്-ഷമി മാഹി,ചീഫ് അസോസിയേറ്റ് ഡയറക്ടർ-ജയേന്ദ്ര വർമ്മ,അസോസിയേറ്റ് ഡയറക്ടർ-രാധേഷ് അശോക്,അസിസ്റ്റന്റ് ഡയറക്ടർ-അമൽ,ദേവ്,പ്രൊഡക്ഷൻ ഡിസൈനർ -സുഗുണേഷ് കുറ്റിയിൽ.വാർത്ത പ്രചരണം-എ എസ് ദിനേശ്

# 'ഗഗനചാരി' പൂജ നടന്നു



അജു വർഗ്ഗീസ്,ഗോകുൽ സുരേഷ്,കെ ബി ഗണേഷ് കുമാർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അരുൺ ചന്ദു സംവിധാനം ചെയ്യുന്ന ' ഗഗനചാരി ' എന്ന ചിത്രത്തിന്റെ പൂജയും സ്വിച്ചോൺ കർമ്മവും എറണാക്കുളം മിർകി സ്റ്റുഡിയോവിൽ വെച്ചു നടന്നു.

അജിത് വിനായക ഫിലിംസിന്റെ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ അനാർക്കലി മരിയ്ക്കാർ നായികയാവുന്നു.സുർജിത്ത് ഛായാഗ്രഹണം നിർവ്വഹിക്കുന്നു.അരുൺ ചന്ദു,ശിവ സായ് എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു. സംഗീതം-പ്രശാന്ത് പിള്ള,പ്രൊഡക്ഷൻ കൺട്രോളർ- സജീവ് ചന്തിരൂർ,വാർത്ത പ്രചരണം-എ എസ് ദിനേശ്.

# 'മ്യാവു' ദുബായിലെ ചിത്രീകരണം പൂർത്തിയായി



സൗബിൻ ഷാഹിർ, മംമ്ത മോഹൻദാസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ലാൽ ജോസ് സംവിധാനം ചെയ്യുന്ന 'മ്യാവു' സിനിമയുടെ ദുബായ് ഷെഡ്യൂൾ പൂർത്തിയായി. സിനിമയുടെ പേരു പോലെ പൂച്ച ക്ലാപ്പ്ബോർഡിന്റെ ഇടയിലൂടെ തലയിട്ട് കരയുന്ന വിഡിയോ പോസ്റ്റ് ചെയ്താണ് ഷൂട്ട് പൂർത്തിയായ വിവരം ലാൽജോസ് അറിയിച്ചത്.50 ദിവസം നീണ്ടുനിന്ന ഷെഡ്യൂളാണ് കഴിഞ്ഞ ദിവസം പൂർത്തിയാക്കിയത്. സലിം കുമാർ, ഹരിശ്രീ യൂസഫ് എന്നിവർക്കൊപ്പം മൂന്നു ബാലതാരങ്ങളും ഗൾഫിലെ നാടക, ഷോർട് ഫിലിം മേഖലയിലെ ഏതാനും പുതുമുഖങ്ങളും സിനിമയിലുണ്ട്. യാസ്മിന എന്ന റഷ്യൻ യുവതിയും ഒരു പൂച്ചയും പ്രധാന കഥാപാത്രങ്ങളാണ്.ചിത്രത്തിന്റെ തിരക്കഥ ഡോ: ഇക്ബാൽ കുറ്റിപ്പുറം. സുഹൈൽ കോയ ഗാനരചനയും ജസ്റ്റിൻ വർഗീസ് സംഗീതവും അജ്മൽ ബാബു ഛായാഗ്രണവും നിർവഹിക്കുന്നു

# 'റഷ്യ' റിലീസിന്




ഒരു മനുഷ്യൻ എത്ര മണിക്കൂർ ഉറങ്ങണം...? ഉറങ്ങാൻ പറ്റുന്നില്ല... ഒരു പോള കണ്ണടച്ചില്ല... ശരിക്കൊന്നു ഉറങ്ങാൻ പറ്റിയില്ല...വെറുതെ കിടക്കാം എന്നല്ലാതെ ഉറക്കം വരണ്ടേ? നമ്മൾ ഇടയ്ക്കിടെ കേൾക്കുന്ന ഒരു കാര്യം. നമ്മെ ബാധിക്കാത്ത ഒരു കാര്യമായതു കൊണ്ട് വെറുതെ കേട്ടു കളയുന്ന ഒരു ചെറിയ കാര്യം. ക്രോണിക് ഇൻസോംനിയ ഡിസോർഡർ എന്ന ഭീകരമായ രോഗാവസ്ഥ. ഇൻസോംനിയ എന്ന രോഗം വിഷയമാക്കി ഒരു പരീക്ഷണ സിനിമ വരുന്നു, റഷ്യ.ദിവസങ്ങളോളം ഉറങ്ങാൻ കഴിയാതെ കടുത്ത മാനസീക ശാരീരിക സമ്മർദ്ദം അനുഭവിക്കുന്ന ഒരു കൂട്ടം ആളുകളുടെ കഥ പറയുകയാണ് റഷ്യ എന്ന സിനിമ. വലിയ താരപകിട്ടില്ലാതെ പുതിയ ആളുകളെ ഉൾപ്പെടുത്തി കുലുമിന ഫിലിംസ് നിർമിക്കുന്ന സിനിമ പൂർത്തിയായി റിലീസിന് ഒരുങ്ങുന്നു. നിതിൻ തോമസ് കുരിശിങ്കൽ രചനയും സംവിധാനവും നിർവഹിക്കുന്ന റഷ്യയിൽ നടനും സംവിധായകനുമായ രൂപേഷ് പീതാംബരൻ നായകനാവുന്നു.തിരക്കഥാ കൃത്തും പരസ്യ ചിത്രങ്ങളുടെ സംവിധായകനുമായ മെഹറലി പോയിലുങ്ങൽ ഇസ്മായിലും റോംസോൺ തോമസും ചേർന്ന് നിർമിക്കുന്ന റഷ്യയിൽ രാവി കിഷോർ ' ഗോപിക അനിൽ, സംഗീത ചന്ദ്രൻ, ആര്യ മണികണ്ഠൻ. തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ചിത്രം വൈകാതെ തീയേറ്ററുകളിൽ എത്തും. റഷ്യയുടെ ആദ്യ ടീസർ റിലീസ് ചെയ്തിട്ടുണ്ട്. പുതിയ പരീക്ഷണങ്ങളുമായി സിനിമയിൽ എത്തുന്നവരെ പ്രോത്സാഹിപ്പിക്കുന്ന പ്രേക്ഷരിൽ പ്രതീക്ഷയർപ്പിച്ചു റഷ്യ റിലീസിന് ഒരുങ്ങുകയാണ്. പിആർഒ പി.ആർ.സുമേരൻ.

# കൈപ്പത്തികൾ നഷ്ടപ്പെട്ട ശ്രീധരന്റെ ജീവിതം സിനിമയാകുന്നു



പ്രകൃതിയെ പ്രണയിക്കുകയും അതിനോടൊത്ത് ജീവിക്കുകയും ചെയ്യുന്ന അച്യുതന്റെ അതിജീവനത്തിന്റെ കഥയാണ് ചിത്രം പറയുന്നത്. കൈപ്പത്തികൾ നഷ്ടപ്പെട്ട ശ്രീധരനാണ് അച്യുതനെ അവതരിപ്പിക്കുന്നത്. ശ്രീധരൻെ യഥാർത്ഥ ജീവിതത്തിലൂടെയുള്ളൊരു സഞ്ചാരം കൂടിയാണീ ചിത്രം. സഹസ്രാരാ സിനിമാസിന്റെ ബാനറിൽ അശോക്.ആർ നാഥ് ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. സന്ദീപ് ആർ ആണ് ചിത്രം നിർമ്മിക്കുന്നത്. ശാരീരിക വൈകല്യങ്ങളെ അതിജീവിച്ച്, കൃഷിയോടുള്ള അഭിനിവേശം ഉൾക്കൊണ്ട്, കൃഷിയിലൂടെ ജീവിതം കെട്ടിപ്പടുത്ത വ്യക്തിയാണ് ശ്രീധരൻ.

വേറിട്ട കർഷകപ്രേമികളെ പരിചയപ്പെടുത്താൻ സംസ്ഥാന കൃഷിവകുപ്പ് ഏർപ്പെടുത്തിയ പ്രത്യേക പുരസ്കാരവും ശ്രീധരനെ തേടിയെത്തിരുന്നു. ശ്രീധരന്റെ ഈ ജീവിത കഥ തന്നെയാണ് സംവിധായകൻ അശോക് ആർ.നാദ് ചലച്ചിത്രരൂപത്തിലാക്കുന്നത്. തിരുവനന്തപുരം കുറ്റിച്ചൽ കോട്ടൂർ കൊമ്പിടി ആദിവാസി സെറ്റിൽമെന്റിലിലാണ് ഇരു കൈപ്പത്തികളും നഷ്ടപ്പെട്ട ശ്രീധരന്റെ സ്വദേശം. കൈനകരി തങ്കരാജ്, ഷൈലജ പി അമ്പു, അരുൺ , വെറോണിക്ക മെദേയ് റോസ്, ഡോ. ആസിഫ് ഷാ, മധുബാലൻ, സാബു പ്രൗദീൻ, പ്രവീൺകുമാർ , സജി പുത്തൂർ , അഭിലാഷ്,ബിജു , മധു മുൻഷി, സുരേഷ് മിത്ര , മനോജ് പട്ടം ,ജിനി പ്രേംരാജ്, അറയ്ക്കൽ ബേബിച്ചായൻ, അമ്പിളി, ജിനി സുധാകരൻ എന്നിവരാണ് ചിത്രത്തിലെ പ്രധാന താരങ്ങൾ. രചന -സജിത് രാജ് , ഛായാഗ്രഹണം - സുനിൽപ്രേം എൽ. എസ്, എഡിറ്റിംഗ് - വിപിൻ മണ്ണൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ - ജിനി സുധാകരൻ, ലൈൻ പ്രൊഡ്യൂസർ - സാബു പ്രൗദീൻ,പ്രൊഡക്ഷൻ കൺട്രോളർ - വിജയൻ മുഖത്തല , ചമയം -ലാൽ കരമന, കല- ഹർഷവർദ്ധൻ കുമാർ, വസ്ത്രാലങ്കാരം - വാഹീദ്, സംഗീതം - അനിൽ, സൗണ്ട് ഡിസൈൻ - അനീഷ് എ എസ് , സൗണ്ട് മിക്സിംഗ് - ശങ്കർദാസ് , പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് - മണിയൻ മുഖത്തല , അസോസിയേറ്റ് ഡയറക്ടർ - അരുൺ പ്രഭാകർ ,പശ്ചാത്തല സംഗീതം - അനിൽ, വിതരണം - സഹസ്രാരാ സിനിമാസ് , മാർക്കറ്റിംഗ് - രാജേഷ് രാമചന്ദ്രൻ ( ശ്രീ മൗലി ക്രിയേറ്റീവ് മാർക്കറ്റിംഗ് ), സ്റ്റുഡിയോ - ചിത്രാഞ്ജലി, പോസ്റ്റ് ഫോക്കസ് , സൂര്യ വിഷ്വൽ മീഡിയ / സ്റ്റിൽസ് & ഡിസൈൻ - ജോഷാ കൊല്ലം,പി ആർ ഒ- അജയ് തുണ്ടത്തിൽ

# ആനന്ദകല്ല്യാണം തിയെറ്ററുകളിലേക്ക്




നവാഗതനായ പി.സി. സുധീർ കഥയെഴുതി സംവിധാനം ചെയ്യുന്ന ആനന്ദക്കല്ല്യാണം റിലീസിന് ഒരുങ്ങി. വിവിധ ഭാഷകളിൽ ഒട്ടേറെ ഹിറ്റുഗാനങ്ങൾ ആലപിച്ച് തരംഗം സൃഷ്ടിച്ച പ്രമുഖ ദക്ഷിണേന്ത്യൻ ഗായിക സന മൊയ്തൂട്ടി മലയാള സിനിമയിൽ ആദ്യമായി പാടിയ ചിത്രം കൂടിയാണ് ആനന്ദക്കല്ല്യാണം. സീബ്ര മീഡിയയുടെ ബാനറിൽ മുജീബ് റഹ്മാൻ ചിത്രം നിർമ്മിക്കുന്നു. പ്രശസ്ത നടൻ അഷ്കർ സൗദാനും പുതുമുഖ നടി അർച്ചനയും കേന്ദ്രകഥാപാത്രമാകുന്നു. ഹൃദയഹാരികളായ ഒരുപിടി ഗാനങ്ങളാണ് ഈ സിനിമയുടെ പുതുമ.ഫാമിലി എൻർടെയ്നറായ ആനന്ദകല്ല്യാണം പ്രണയത്തിനും സംഗീതത്തിനും ഏറെ പ്രാധാന്യമുള്ള ചിത്രമാണെന്ന് സംവിധായകൻ പി സി സുധീർ പറഞ്ഞു. ആക്ഷനും കോമഡിയുമുള്ള ആനന്ദകല്ല്യാണം എല്ലാത്തരം പ്രേക്ഷകരെയും രസിപ്പിക്കുന്നതാണ്.

അഷ്കർ സൗദാൻ, അർച്ചന, ബിജുക്കുട്ടൻ, സുനിൽ സുഗത, പ്രദീപ് കോട്ടയം, ജയ് ബാല, ശിവജി ഗുരുവായൂർ, റസാക്ക് ഗുരുവായൂർ നീനാ കുറുപ്പ്, കുളപ്പുള്ളി ലീല തുടങ്ങിയവരാണ് അഭിനേതാക്കൾ. ബാനർ-സീബ്ര മീഡിയ, നിർമ്മാണം-മുജീബ് റഹ്മാൻ, രചന,സംവിധാനം- പി. സി സുധീർ,ഛായാഗ്രഹണം - ഉണ്ണി കെ മേനോൻ, ഗാനരചന- നിഷാന്ത് കോടമന, പ്രേമദാസ് ഇരുവള്ളൂർ ബീബ കെ.നാഥ്, സജിത മുരളിധരൻ. സംഗീതം - രാജേഷ്ബാബു കെ, പ്രൊഡക്ഷൻ കൺട്രോളർ- ലെനിൻ അനിരുദ്ധൻ, എഡിറ്റിങ്- അമൃത്, ആർട്ട് ഡയറക്ടർ - അബ്ബാസ് മൊയ്ദീൻ,കോസ്റ്റ്യും - രാജേഷ്, മേക്കപ്പ് - പുനലൂർ രവി, ആക്ഷൻ ഡയറക്ടർ - ബ്രൂസ്ലി രാജേഷ്, പി ആർ ഒ - പി ആർ സുമേരൻ , അസോ. ഡയറക്ടേഴ്സ് - അനീഷ് തങ്കച്ചൻ, നിഖിൽ മാധവ്, പ്രൊജക്റ്റ് ഡിസൈനർ - ശ്രീലേഖ കെ.എസ്, പ്രൊഡക്ഷൻ മാനേജേഴ്സ് - ഹബീബ് നീലഗിരി , മുസ്തഫ അയ്യൂക്കാട്, ജയ്സൺ ഗുരുവായൂർ പബ്ലിസിറ്റി ഡിസൈൻസ് - മനോജ് ഡിസൈൻ ഫിനാൻസ് കൺട്രോളർ - റാഫി നരണിപ്പുഴ തുടങ്ങിയവരാണ് അണിയറപ്രവർത്തകർ.ഈ സിനിമ സെവൻ ടു ഫിലിംസും, ബി ഇലവൻ മൂവീസും ഉടൻ തിയെറ്ററിൽ എത്തിക്കുന്നു.

## രണ്ടാം ചുവപ്പുകാർഡ് തെറ്റ്: ഒലെ

ലണ്ടൻ: സതാംപ്ടണും മാഞ്ചസ്റ്റർ യുണൈറ്റഡും തമ്മിൽ കഴിഞ്ഞ ദിവസം നടന്ന മത്സരത്തിൽ രണ്ട് ചുവപ്പ് കാർഡ് കാണിച്ച തീരുമാനം വിവാദത്തിൽ സതാംപ്ടൺ താരങ്ങള്‍ക്കെതിരേ ഉയർത്തിയ ചുവപ്പുകാർഡിൽ ഒന്ന് തെറ്റായ തീരുമാനം ആയിരുന്നുവെന്ന് യുണൈറ്റഡ് പരിശീലകൻ ഒലെ. ബെഡ്നർക് മാർഷ്യലിനെ ഫൗൾ ചെയ്തതിന് പെനാൾട്ടി ലഭിച്ചു എങ്കിലും ആ ഫൗളിന് ചുവപ്പ് കാർഡ് വിളിച്ചത് എല്ലാവരെയും ഞെട്ടിച്ചിരുന്നു.ആ ചുവപ്പ് കാർഡ് തെറ്റാണ് എന്ന് മത്സര ശേഷം മാഞ്ചസ്റ്റർ യുണൈറ്റഡ് പരിശീലകൻ ഒലെ ഗണ്ണാർ സോൾഷ്യാർ തന്നെ പറഞ്ഞു. ഇന്നലെ ആഴ്സണൽ താരം ഡേവിഡ് ലൂയിസിനും സമാനമായ രീതിയിൽ ചുവപ്പ് കാർഡ് ലഭിച്ചിരുന്നു. ആ ചുവപ്പ് കാർഡ് തെറ്റായിരുന്നു എന്ന് മത്സരത്തിന് മുമ്പ് റഫറിമാരോട് താൻ സംസാരിച്ചിരുന്നു എന്ന് ഒലെ പറഞ്ഞു. എന്നിട്ട് ഈ മത്സരത്തിലും സമാനമായ രീതിയിൽ ചുവപ്പ് വന്നത് ശരിയായില്ല എന്ന് ഒലെ പറഞ്ഞു. ഈ നിയമം തിരുത്തേണ്ടതുണ്ട് എന്നും ഒലെ പറഞ്ഞു.

## ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് പരമ്പരയ്ക്ക് നാളെ തുടക്കം

# ഉന്നം ലോകചാംപ്യൻഷിപ്പ്

ചെന്നൈ: ഓസ്ട്രേലിയയെ അവരുടെ നാട്ടിൽ ചെന്നു തകർത്തുവിട്ട ടീം ഇന്ത്യക്കു ഇനി നാട്ടിൽ ഇംഗ്ലീഷ് പരീക്ഷ. ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള നാലു ടെസ്റ്റുകളുടെ പരമ്പരയ്ക്കു വെള്ളിയാഴ്ച ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ തുടക്കമാവും. കൊവിഡ് മഹാമാരിക്കു ശേഷം ഇന്ത്യ സ്വന്തം നാട്ടിൽ കളിക്കുന്ന ആദ്യത്തെ അന്താരാഷ്ട്ര മൽസരമാണിത്. മാത്രമല്ല 2019നു ശേഷം നാട്ടിൽ ഇന്ത്യയുടെ ആദ്യ ടെസ്റ്റും കൂടിയാണിത്. ഐസിസിയുടെ ലോക ടെസ്റ്റ് ചാംപ്യൻഷിപ്പിലേക്കു ന്യൂസിലാൻഡ് യോഗ്യത നേടിയതിനാൽ ശേഷിച്ച ഒരു ബെർത്ത് തീരുമാനിക്കുന്നതിൽ നിർണായകമാണ് ഈ പരമ്പര.

ഇന്ത്യ, ഇംഗ്ലണ്ട്, ഓസ്ട്രേലിയ തുടങ്ങി മൂന്നു ടീമുകളാണ് ലോക ചാംപ്യൻഷിപ്പിന്റെ ഫൈനൽ സ്വപ്നം കാണുന്നത്. ഇംഗ്ലണ്ടിനെതിരായ പരമ്പര നേടിയാൽ ഇന്ത്യക്കു ഫൈനലിൽ സ്ഥാനമുറപ്പിക്കാം. മാച്ച് വിവരങ്ങൾ, കാലാവസ്ഥ, പിച്ച് റിപ്പോർട്ട് വെള്ളിയാഴ്ച രാവിലെ 9.30നാണ് ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റിനു തുടക്കമാവുന്നത്. വൈകീട്ട് നാലു മണിക്ക് ഓരോ ദിവസത്തെയും കളി അവസാനിക്കും. ചെന്നൈയിൽ ആദ്യ ടെസ്റ്റിനു കാലാവസ്ഥ അനുകൂലമാണ്.

ടെസ്റ്റിന്റെ ഒരു ദിസവും മഴ പെയ്യാൻ സാധ്യതയില്ലെന്നാണ് കാലാവസ്ഥാ വിഭാഗം അറിയിച്ചിരിക്കുന്നത്. ചെന്നൈയിലെ പിച്ചിന്റെ കാര്യമെടുത്താൽ സ്പിന്നർമാരെ അകമഴിഞ്ഞ് തുണയ്ക്കുന്ന പിച്ചാണ് ഇവിടുത്തേത്. അതുകൊണ്ടു തന്നെ ഇരുടീമുകളും ചുരുങ്ങിയത് രണ്ടു സ്പിന്നർമാരെയെങ്കിലും പ്ലെയിങ് ഇലവനിലുൾപ്പെടുത്തും. ഇന്നിങ്സിന്റെ തുടക്കത്തിൽ ബാറ്റിങ് എളുപ്പമായിരിക്കും. എന്നാൽ മൂന്നാംദിനം മുതൽ ബൗളർമാർക്കു കൂടുതൽ അനുകൂലമായി മാറും.

അതുകൊണ്ടു തന്നെ ആദ്യ ഇന്നിങ്സിൽ മികച്ച ലീഡ് നേടാനായിരിക്കും ഇരുടീമുകളും ശ്രമിക്കുക. സ്റ്റാർ സ്പോർട്സിന്റെ വിവിധ ചാനലുകളിൽ കളിയുടെ തൽസമയ സംപ്രേക്ഷണമുണ്ടാവും. ഡിസ്നി പ്ലസ് ഹോട്സ്റ്റാർ വിഐപിയിൽ കളിയുടെ ലൈവ് സ്ട്രീമിങ്ങും ആസ്വദിക്കാം.

### മികവിലെത്താൻ കോഹ്‌ലി

ഓസ്ട്രേലിയക്കെതിരായ ആദ്യ ടെസ്റ്റിന് ശേഷം നാട്ടിലേക്ക് മടങ്ങിയ വിരാട് കോഹ്‌ലി ചെന്നൈയിൽ നെറ്റ്സ് പരിശീലനത്തിൽ പ്രതീക്ഷ നൽകുന്ന പ്രകടനമാണ് കാഴ്ചവച്ചത്. ഫ്രണ്ട് ഫൂട്ടിലും ബാക്ക്ഫൂട്ടിലും ഒരുപോലെ മികവ് കാട്ടാൻ കോഹ്‌ലിക്ക് സാധിച്ചു. കോഹ്‌ലി നെറ്റ്സിൽ ബാറ്റ് ചെയ്യുന്നതിന്റെ ചിത്രം താരം തന്റെ ഇൻസ്റ്റഗ്രാമിലൂടെ ആരാധകരുമായി പങ്കുവെച്ചിട്ടുണ്ട്. 'തലകുനിച്ച് പ്രവർത്തി ചെയ്യുന്നത് തുടരൂ' എന്ന ക്യാപ്ഷനോടെയാണ് കോഹ്‌ലി ചിത്രം പങ്കുവെച്ചത്. കോവിഡിന്റെ ഇടവേളയ്ക്ക് ശേഷം ഇന്ത്യയിൽ നടക്കുന്ന ആദ്യ അന്താരാഷ്ട്ര മത്സരമാണിത്.

അതിനാൽത്തന്നെ ഇന്ത്യയെ സംബന്ധിച്ച് അഭിമാന പോരാട്ടം കൂടിയാണിത്. നിരവധി റെക്കോഡുകളും ഇംഗ്ലണ്ട് പരമ്പരയിൽ കോഹ്‌ലിയെ കാത്തിരിപ്പുണ്ട്. അന്താരാഷ്ട്ര ക്രിക്കറ്റിൽ കൂടുതൽ സെഞ്ചുറി നേടുന്ന ക്യാപ്റ്റൻ,



ഇന്ത്യ-ഇംഗ്ലണ്ട് പരമ്പരയിൽ കൂടുതൽ ജയം നേടുന്ന നായകൻ, ഇന്ത്യയിൽ കൂടുതൽ ജയമുള്ള നായകൻ എന്നീ റെക്കോഡെല്ലാം സ്വന്തം പേരിലാക്കാൻ കോഹ്‌ലിക്ക് അവസരമുണ്ട്. ഇന്ത്യയിൽ മികച്ച റെക്കോഡുള്ള ഇന്ത്യക്ക് തന്നെയാണ് പരമ്പരയിൽ മുൻതൂക്കം. താരങ്ങളെല്ലാം പരിശീലനത്തിൽ വളരെ ഉന്മേഷവാന്മായിരുന്നു. ഓസ്ട്രേലിയൻ പര്യടനത്തിൽ യുവതാരങ്ങളെല്ലാം തിളങ്ങിയ സാഹചര്യത്തിൽ ഇംഗ്ലണ്ടിനെതിരായ പ്ലേയിങ് ഇലവനെ കണ്ടെത്തുക വളരെ പ്രയാസമായിരിക്കും. രോഹിതിനൊപ്പം ആര് ഓപ്പൺ ചെയ്യുമെന്നതാണ് പ്രധാന സംശയം.

നിലവിലെ ഇന്ത്യൻ താരങ്ങളിൽ ഇന്ത്യയിൽ കൂടുതൽ ടെസ്റ്റ് ശരാശരിയുള്ള താരം മായങ്ക് അഗർവാൾ. എന്നാൽ ഓസ്ട്രേലിയയിൽ തിളങ്ങാൻ താരത്തിന് സാധിച്ചിരുന്നില്ല. അതിനാൽ മായങ്കിന് പകരം ശുഭ്മൻ ഗിൽ രോഹിതിനൊപ്പം ഓപ്പണറായെത്തിയേക്കും. സ്പിന്നർ കുൽദീപ് യാദവിന് അവസരം ലഭിക്കുമോയെന്നതും കണ്ടറിയണം. മൂന്ന് പേസർമാരെയും രണ്ട് സ്പിന്നർമാരെയും ഇന്ത്യ പരീക്ഷിച്ചാൽ കുൽദീപിന് പുറത്തിരിക്കേണ്ടി വരും. ഓസ്ട്രേലിയയിലും താരത്തിന് അവസരം ലഭിച്ചിരുന്നില്ല. ആർ അശ്വിനൊപ്പം അക്സർ പട്ടേൽ/വാഷിങ്ടൺ സുന്ദർ ഇവരിലൊരാൾക്കാവും അവസരം ലഭിക്കുക. ഇടം കൈയൻ ഓൾറൗണ്ടറെന്ന നിലയിൽ അക്സർ പട്ടേലിനാണ് മുൻതൂക്കം. ഓസ്ട്രേലിയൻ പര്യടനത്തിൽ കളിച്ച ടീമിൽ ചില മാറ്റങ്ങൾ ഇന്ത്യൻ ടീമിലുണ്ടാവും. ജസ്പ്രീത് ബുംറ, ഇഷാന്ത് ശർമ എന്നിവരോടൊപ്പം മുഹമ്മദ് സിറാജ് മൂന്നാം പേസറായേക്കും. ആർ അശ്വിനൊപ്പം കുൽദീപ് യാദവോ, വാഷിങ്ടൺ സുന്ദറോ സ്പിൻ ബൗളിങിനു ചുക്കാൻ പിടിക്കും. മികച്ച ഫോമിലുള്ള റിഷഭ് പന്ത് തന്നെ വിക്കറ്റ് കീപ്പറായി തുടരുമെന്നുറപ്പാണ്. ശ്രീലങ്കൻ പര്യടനം വിജയകരമായി പൂർത്തിയാക്കിയ ടീമിൽ ചില മാറ്റങ്ങളുമായിട്ടാവും ഇംഗ്ലണ്ട് ഇറങ്ങുന്നത്. ജോഫ്ര ആർച്ചർ, ജെയിംസ് ആൻഡേഴ്സൻ, സ്റ്റുവർട്ട് ബ്രോഡ് എന്നിവരായിരിക്കും പേസാക്രമണത്തിനു ചുക്കാൻ പിടിക്കുന്നത്. റോറി ബേൺസും ഡോം സിബ്ലിയും ചേർന്ന് ഇന്നിങ്സ് ഓപ്പൺ ചെയ്യും. ജോണി ബെയർസ്റ്റോയ്ക്കു പകരം ബെൻ സ്റ്റോക്സ് ടീമിലെത്തും. ഡോം ബെസ്സും ജാക്ക് ലീച്ചുമായിരിക്കും സ്പിൻ ബൗളിങിനു നേതൃത്വം നൽകുന്നത്.

**ഇന്ത്യൻ ടീം, സാധ്യതാ ഇലവൻ-** ശുഭ്മാൻ ഗിൽ, രോഹിത് ശർമ, ചേതേശ്വർ പുജാര, വിരാട് കോഹ്‌ലി (ക്യാപ്റ്റൻ), അജിങ്ക്യ രഹാനെ, റിഷഭ് പന്ത്, വാഷിങ്ടൺ സുന്ദർ/ കുൽദീപ് യാദവ്, ആർ അശ്വിൻ, ജസ്പ്രീത് ബുംറ, മുഹമ്മദ് സിറാജ്, ഇഷാന്ത് ശർമ.

**ഇംഗ്ലണ്ട് ടീം, സാധ്യതാ ഇലവൻ -** ഡൊമിനിക്ക് സിബ്ലി/ സാക്ക് ക്രോളി, റോറി ബേൺസ്, ജോ റൂട്ട് (ക്യാപ്റ്റൻ), ബെൻ സ്റ്റോക്സ്, ഡാനിയേൽ ലോറൻസ്, ജോസ് ബട്ലർ, ക്രിസ് വോക്സ്/ സ്റ്റുവർട്ട് ബ്രോഡ്, ഡോം ബെസ്സ്, ജാക്ക് ലീച്ച്, ജോഫ്ര ആർച്ചർ, ജെയിംസ് ആൻഡേഴ്സൻ.

### കിവീസിനെതിരേ ആര്?

ലോക ടെസ്റ്റ് ചാംപ്യൻഷിപ്പിൽ ന്യൂസീലൻഡിന്റെ എതിരാളികളായി ഇന്ത്യ, ഇംഗ്ലണ്ട്, ഓസ്ട്രേലിയ എന്നീ ടീമുകളിലൊന്ന് എത്തും. ഇംഗ്ലണ്ടിനെതിരായ നാല് മത്സര ടെസ്റ്റ് പരമ്പര ഇന്ത്യ 1-0ന് ജയിച്ചാൽ ഓസ്ട്രേലിയ ഫൈനൽ ടിക്കറ്റെടുക്കും. മറ്റേത് നിലയിലും ഇന്ത്യ പരമ്പര നേടിയാൽ ഇന്ത്യ ഫൈനലിലേക്ക് യോഗ്യത നേടും. നിലവിൽ പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനക്കാർ ഇന്ത്യയാണ്. ഓസ്ട്രേലിയയിൽ ടെസ്റ്റ് പരമ്പര വിജയിക്കാൻ സാധിച്ചതാണ് ഇന്ത്യക്ക് കരുത്തായത്.

ഇംഗ്ലണ്ടിനും ഫൈനലിൽ കടക്കാനുള്ള സുവർണ്ണാവസരമാണ്. ശ്രീലങ്കയെ രണ്ട് മത്സര പരമ്പരയിൽ വൈറ്റ് വാഷ് ചെയ്താണ് ഇംഗ്ലണ്ട് എത്തുന്നത്. എന്നാൽ ഇന്ത്യക്കെതിരേ വമ്പൻ ജയം തന്നെ ഇംഗ്ലണ്ട് നേടേണ്ടതുണ്ട്. ഇംഗ്ലണ്ട് 1-0,2-0.2-1 എന്ന നിലയിലെല്ലാം ഇന്ത്യയെ തോൽപ്പിച്ച് പരമ്പര നേടിയാൽ ഓസ്ട്രേലിയ ഫൈനലിൽ പ്രവേശിക്കും.

മൂന്ന് ടെസ്റ്റ് മത്സരത്തിലെങ്കിലും വിജയിച്ചാലെ ഇംഗ്ലണ്ടിന് ഫൈനൽ സ്വപ്നം കാണാനാവു. ഇന്ത്യ-ഇംഗ്ലണ്ട് പരമ്പര സമനിലയിൽ കലാശിച്ചാലും ഭാഗ്യം തെളിയുക ഓസ്ട്രേലിയക്കാണ്. 0-0,1-1,2-2 എന്നീ നിലകളിൽ ഇന്ത്യ-ഇംഗ്ലണ്ട് പരമ്പര അവസാനിച്ചാൽ ഓസ്ട്രേലിയ ഫൈനലിൽ പ്രവേശിക്കും. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യക്കും ഇംഗ്ലണ്ടും ഫൈനൽ സീറ്റ് വേണമെങ്കിൽ വൻ മാർജിനിൽത്തന്നെ പരമ്പര സ്വന്തമാക്കേണ്ടതുണ്ട്. നിലവിലെ ഇന്ത്യയുടെ ഫോം വിലയിരുത്തുമ്പോൾ സാധ്യത ഇന്ത്യക്കാണ്.

എന്നാൽ ഇംഗ്ലണ്ടിന്റെ ശക്തമായ നിരയെ കീഴ്പ്പെടുത്തുക എന്നത് വലിയ പ്രയാസമുള്ള കാര്യവുമാണ്. ന്യൂസീലൻഡിനോട് രണ്ട് മത്സര ടെസ്റ്റ് പരമ്പരയിൽ 2-0ന്റെ തോൽവി വഴങ്ങിയതാണ് ഇന്ത്യക്ക് തിരിച്ചടിയായത്. 2013ന് ശേഷം 34 ടെസ്റ്റുകൾ ഇന്ത്യ നാട്ടിൽ കളിച്ചപ്പോൾ ഒരു മത്സരം മാത്രമാണ് തോറ്റത്.

നാട്ടിൽ കളിച്ച അവസാന നാല് ടെസ്റ്റ് മത്സരങ്ങളും ഇന്നിങ്സ് ജയമാണ് ഇന്ത്യ സ്വന്തമാക്കിയത്. അവസാനമായി ഇന്ത്യ നാട്ടിൽ ടെസ്റ്റ് പരമ്പര തോൽക്കുന്നത് 2012ൽ ഇംഗ്ലണ്ടിനെതിരെയാണ്. നിലവിലെ ഫോമും സാഹചര്യങ്ങളും ഇന്ത്യക്ക് അനുകൂലമാണ്. ജൂൺ 18-22 വരെയാണ് ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ നടക്കുക.



ബ്ലാസ്റ്റേഴ്സ് മുംബൈ മൽസരത്തിൽ നിന്ന്

## കേരള ബ്ലാസ്റ്റേഴ്സിന് വീണ്ടും തോറ്റു

ഫത്തോർദ: കേരള ബ്ലാസ്റ്റേഴ്സിന് വീണ്ടും തോറ്റു. വളരെ നന്നായി കളിച്ച ആദ്യ പകുതി, രണ്ടാം പകുതിയിൽ കളി കൈവിട്ടു. ഐ എസ് എല്ലിൽ കേരള ബ്ലാസ് സ്റ്റേഴ്സ് മുംബൈ ഇന്ത്യൻസിനോട് പരാജയപ്പെട്ടു.. ആദ്യ പകുതിയിൽ ഒരു ഗോളിന് മുന്നിട്ടു നിന്ന കേരള ബ്ലാസ്റ്റേഴ്സ് രണ്ടാം പകുതിയിൽ തകരുകയായിരുന്നു. 2-1 എന്ന പരാജയത്തിൽ ആണ് കളി അവസാനിച്ചത്.

ആദ്യ പകുതിയിൽ കേരള ബ്ലാസ്റ്റേഴ്സ് സുവർണ്ണാവസരങ്ങൾ നഷ്ടപ്പെടുത്തിയത് വിനയായി. ഇരു ടീമുകളും അറ്റാക്ക് ചെയ്ത ആദ്യ പകുതിയിൽ രണ്ട് ഗോൾ കീപ്പർമാരുടെ മികവും കാണാനായി. 27ആം മിനുട്ടിൽ ആണ് കേരള ബ്ലാസ്റ്റേഴ്സിന്റെ ആദ്യ ഗോൾ വന്നത്. എന്നാൽ അതിനു മുമ്പ് രാഹുലിന്റെ ഒരു ഷോട്ടും മറെയുടെ ഒരു ഗംഭീര സ്ട്രൈക്കും അമ്രീന്ദർ തടഞ്ഞു രക്ഷിച്ചു. പിന്നാലെയാണ് വിസെന്റെയിലൂടെ കേരള ബ്ലാസ്റ്റേഴ്സ് ലീഡ് എടുത്തത്. സഹൽ അബ്ദുൽ സമദിന്റെ കോർണറിൽ നിന്ന് ഒരു മനോഹര ഹെഡറിലൂടെ ആയിരുന്നു കേരള ബ്ലാസ്റ്റേഴ്സിന്റെ ഗോൾ. സഹലിന്റെ സീസണിലെ രണ്ടാം അസിസ്റ്റായിരുന്നു ഇത്.

ഈ ഗോളിന് ശേഷം സഹലിന്റെ പാസിൽ നിന്ന് മറെയ്ക്ക് ഒരു അവസരം ലഭിച്ചു. മറെയുടെ ഷോട്ട് അമ്രീന്ദറിന്റെ കയ്യിലും പോസ്റ്റിലും തട്ടിയാണ് മടങ്ങിയത്.

### ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് അവസാന പരമ്പരകളുടെ ഫലങ്ങൾ

**2001-ഇന്ത്യ1-0 ഇംഗ്ലണ്ട്**

2001ൽ നടന്ന മൂന്ന് മത്സരം ടെസ്റ്റ് പരമ്പര 1-0ന് ഇന്ത്യ സ്വന്തമാക്കുകയായിരുന്നു. ആദ്യ മത്സരത്തിൽ ദീപ് ദശഗുപ്തയുടെ സെഞ്ചറിയും അനിൽ കുംബ്ലെയുടെ ആറ് വിക്കറ്റ് പ്രകടവും ഇന്ത്യക്ക് ജയമൊരുക്കിയപ്പോൾ പിന്നീടുള്ള രണ്ട് മത്സരവും സമനിലയിലാണ് കലാശിച്ചത്. 307 റൺസുമായി സച്ചിൻ ടെണ്ടുൽക്കർ ടോപ് സ്കോറർ ആയപ്പോൾ 19 വിക്കറ്റുമായി കുംബ്ലെ വിക്കറ്റ് വേട്ടക്കാരിൽ ഒന്നാമതായി. ഹർഭജന് സിങ് 13 വിക്കറ്റും വീഴ്ത്തി തിളങ്ങി.

**2006-ഇന്ത്യ1-1ഇംഗ്ലണ്ട്**

2006ലെ ഇന്ത്യ-ഇംഗ്ലണ്ട് മൂന്ന് മത്സര ടെസ്റ്റ് പരമ്പര 1-1 എന്ന നിലയിലാണ് അവസാനിച്ചത്. നാഗ്പൂരിൽ നടന്ന ആദ്യ മത്സരം സമനിലയായപ്പോൾ ചണ്ഡീഗഡിൽ ഇന്ത്യയും മുംബൈയിൽ ഇംഗ്ലണ്ടും ജയിച്ച് പരമ്പര 1-1 സമനിലയിലാക്കി. 309 റൺസുമായി രാഹുൽ ദ്രാവിഡ് പരമ്പരയിലെ ടോപ് സ്കോററായപ്പോൾ 16 വിക്കറ്റുമായി കുംബ്ലെയും തിളങ്ങി. 264 റൺസും 11 വിക്കറ്റുമായി ആൻഡ്രൂ ഫ്ളിന്റോഫ് ഓൾറൗണ്ട് പ്രകടനവും കാഴ്ചവച്ചു.

**2008-ഇന്ത്യ 1-0 ഇംഗ്ലണ്ട്**

രണ്ട് മത്സര പരമ്പര 1-0നാണ് ഇന്ത്യ വിജയിച്ചത്. ചെപ്പോക് സ്റ്റേഡിയത്തിൽ ഇന്ത്യ വിജയം സ്വന്തമാക്കിയപ്പോൾ രണ്ടാം മത്സരം സമനിലയിൽ അവസാനിച്ചു. 361 റൺസുമായി ഗൗതം ഗംഭീർ റൺവേട്ടക്കാരിൽ ഒന്നാമതെത്തിയപ്പോൾ സഹീർ ഖാൻ,ഹർഭജൻ സിങ്,ഗ്രെയിം സ്വാൻ എന്നിവർ എട്ട് വിക്കറ്റ് വീതം പങ്കിട്ടു. കെവിൻ പീറ്റേഴ്സണും പരമ്പരയിൽ ഇംഗ്ലണ്ടിനായി തിളങ്ങി.

**2012-ഇന്ത്യ 1-2 ഇംഗ്ലണ്ട്**

2012ൽ ഇന്ത്യയെ ഞെട്ടിച്ച് 2-1ന് ഇംഗ്ലണ്ട് പരമ്പര നേടി. അഹമ്മദാബാദിൽ നടന്ന ആദ്യ മത്സരം ഇന്ത്യ ജയിച്ചു. എന്നാൽ മുംബൈയിൽ നടന്ന രണ്ടാം മത്സരത്തിൽ കെവിൻ പീറ്റേഴ്സണിന്റെ ബാറ്റിങ് കരുത്തിൽ ജയം ഇംഗ്ലണ്ടിന്. കൊൽക്കത്തയിൽ നടന്ന മൂന്നാം മത്സരത്തിൽ അലെസ്റ്റർ കുക്ക് സെഞ്ചറിയോടെ മുന്നിൽ നിന്ന് നയിച്ചപ്പോൾ ജയം ഇംഗ്ലണ്ടിന്. നാലാം മത്സരം സമനിലയിലും അവസാനിച്ചു. 562 റൺസുമായി കുക്ക് ടോപ് സ്കോററായപ്പോൾ ചേതേശ്വർ പുജാര 438 റൺസും നേടി. സ്വാൻ,ഓജ എന്നിവർ 20 വിക്കറ്റുകൾ വീതം വീഴ്ത്തി.

**2016-ഇന്ത്യ 4-0 ഇംഗ്ലണ്ട്**

2016ലാണ് ഇരു ടീമും അവസാനമായി ഇന്ത്യയിൽ ടെസ്റ്റ് പരമ്പര കളിച്ചത്. 4-0നാണ് ആതിഥേയരായ ഇന്ത്യ വിജയിച്ചത്. വിരാട് കോഹ്‌ലിയുടെ നായകത്വത്തിന് കീഴിലാണ് ഇന്ത്യയുടെ ജയം. വിരാട് കോലി,ചേതേശ്വർ പുജാര,ജോ റൂട്ട്,മുരളി വിജയ് എന്നിവരെല്ലാം ബാറ്റിങ്ങിൽ തിളങ്ങിയപ്പോൾ അശ്വിൻ 28ഉം ജഡേജ 26ഉം വിക്കറ്റുകൾ സ്വന്തമാക്കി. ആദ്യ ടെസ്റ്റിൽ സമനില നേടിയത് മാത്രമാണ് ഇംഗ്ലണ്ടിന് ആശ്വസിക്കാനുണ്ടായിരുന്നത്.



## മിന്നിത്തിളങ്ങാൻ ജിമ്മി ആൻഡേഴ്സൺ

ചെന്നൈ: 39ാം വയസ്സിലേക്കു കടക്കുന്ന ഇംഗ്ലീഷ് ബൗളർ ആൻഡേഴ്സനെ ഇനിയൊരു ഇന്ത്യൻ പര്യടനത്തിൽ കണ്ടെന്നു വരില്ല. അതുകൊണ്ടു തന്നെ തന്റെ അവസാന ഇന്ത്യൻ പര്യടനം രാജകീയമായി തന്നെ അവസാനിപ്പിക്കാനായിരിക്കും പേസർ ശ്രമിക്കുക. പിച്ച് ചെയ്ത ശേഷം ബാറ്റ്സ്മാനെ കബളിപ്പിച്ചു കൊണ്ടു പുറത്തേക്കു പോവുന്ന ബോളുകളാണ് ആൻഡേഴ്സന്റെ വജ്രായുധം. ബാറ്റ്സ്മാന്റെ എല്ലാ കണക്കുകൂട്ടലുകളും ടൈമിങും ഇതിനു മുന്നിൽ പാളുകയും ചെയ്യും. 157 ടെസ്റ്റുകളുടെ അനുഭവസമ്പത്തും 606 വിക്കറ്റുകളുടെ സമ്പാദ്യവും ആൻഡേഴ്സന്റെ പേരിലുണ്ട്. അതുകൊണ്ടു തന്നെ ടെസ്റ്റ് ക്രിക്കറ്റിൽ അദ്ദേഹത്തിന ഇനിയൊന്നും തെളിയിക്കാനില്ല. കരിയറിന്റെ അവസാന കാലത്തും തന്റെ ബൗളിങിനു ഒട്ടും മൂർച്ച കുറഞ്ഞിട്ടില്ലെന്നു തെളിയിച്ചു കൊണ്ടിരിക്കുകയാണ് ആൻഡേഴ്സൻ.

കഴിഞ്ഞ ശ്രീലങ്കൻ പര്യടനത്തിൽ ഇംഗ്ലണ്ട് രണ്ടു ടെസ്റ്റുകളുടെ പരമ്പര തൂത്തുവാരിയപ്പോൾ ആൻഡേഴ്സന്റെ പ്രകടനം ശ്രദ്ധിക്കപ്പെട്ടിരുന്നു. ഗോളിൽ നടന്ന ടെസ്റ്റിൽ ഇംഗ്ലണ്ട് ആറു വിക്കറ്റിന്റെ ജയം കൊയ്തപ്പോൾ പേസർ അഞ്ചു വിക്കറ്റുകൾ കട പുഴക്കിയിരുന്നു. ഇതോടെ ഏഷ്യയിൽ അഞ്ചു വിക്കറ്റുകൾ നേടിയ പ്രായം കൂടിയ പേസറായി ആൻഡേഴ്സൻ മാറുകയും ചെയ്തിരുന്നു. ലങ്കയിലെ ഈ പ്രകടനം തീർച്ചയായും ഇന്ത്യക്കുള്ള മുന്നറിയിപ്പ് കൂടിയാണ്. ഇന്ത്യക്കെതിരേ 110 വിക്കറ്റുകൾ ഇന്ത്യക്കെതിരേ ടെസ്റ്റിൽ 110 വിക്കറ്റുകൾ ആൻഡേഴ്സൻ വീഴ്ത്തിയിട്ടുണ്ട്. 27 ടെസ്റ്റുകളിൽ നിന്നാണ് ഈ നേട്ടം. 25.98 എന്ന മികച്ച ശരാശരിയിലാണ് അദ്ദേഹം വിക്കറ്റ് വേട്ടയിൽ സെഞ്ചറി പിന്നിട്ടത്. നാലു തവണ അഞ്ചു വിക്കറ്റ് കുറിച്ച ആൻഡേഴ്സന്റെ ഏറ്റവും മികച്ച പ്രകടനം 20 റൺസിന് അഞ്ചു വിക്കറ്റുകളെടുത്തതാണ്. ഇന്ത്യയിൽ ഇതുവരെ 10 ടെസ്റ്റുകൾ മാത്രമേ ആൻഡേഴ്സൻ കളിച്ചിട്ടുള്ളൂ. വീഴ്ത്തിയത് 26 വിക്കറ്റുകളാണ്.

ദക്ഷിണാഫ്രിക്കയുടെ ഡെയ്ൽ സ്റ്റെയ്ൻ കഴിഞ്ഞാൽ ഉപ ഭൂഖണ്ഡത്തിൽ ഏഷ്യക്കു പുറത്തു നിന്നുള്ള ഒരു ഫാസ്റ്റ് ബൗളറുടെ ഏറ്റവും മികച്ച പ്രകടനം ആൻഡേഴ്സന്റേതാണ്. 2012ൽ കൊൽക്കത്തയിൽ നടന്ന ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റിൽ രണ്ടിന്നിങ്സുകളിലായി പേസർ ആറു വിക്കറ്റുകളെടുത്തിരുന്നു. ഇതിഹാസ താരം സച്ചിൻ ടെണ്ടുൽക്കറുടെ വിക്കറ്റും ഇതിൽപ്പെടും. ഇംഗ്ലണ്ട് അവസാനമായി ഇന്ത്യയിൽ ടെസ്റ്റ് പരമ്പര നേടിയതും 2012ൽ തന്നെയായിരുന്നു.

## ദിൻഡ വിരമിച്ചു



കോൽക്കത്ത: ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച് അശോക് ദിൻഡ. ഇന്ത്യൻ ദേശീയ ടീമിനു വേണ്ടിയടക്കം കളിച്ചിട്ടുള്ള ദിൻഡ 36ാം വയസിലാണ് കളി മതിയാക്കുന്നത്. ആഭ്യന്തര ക്രിക്കറ്റിൽ മികച്ച റെക്കോഡുള്ള താരമാണ് ദിൻഡ. ബംഗാളിനു വേണ്ടി കൂടുതൽ വിക്കറ്റ് നേടിയ രണ്ടാമത്തെ ബൗളറാണ് ദിൻഡ.

116 മത്സരത്തിൽ നിന്ന് 420 വിക്കറ്റാണ് ദിൻഡ സ്വന്തമാക്കിയത്. 123 റൺസ് വഴങ്ങി എട്ട് വിക്കറ്റ് വീഴ്ത്തിയതാണ് മികച്ച പ്രകടനം. 26 തവണ അദ്ദേഹം അഞ്ച് വിക്കറ്റ് പ്രകടനവും നടത്തിയിട്ടുണ്ട്. 98 ലിസ്റ്റ് എ ക്രിക്കറ്റിൽ നിന്ന് 151 വിക്കറ്റാണ് ദിൻഡ നേടിയത്. 29 റൺസ് വഴങ്ങി അഞ്ച് വിക്കറ്റ് വീഴ്ത്തിയതാണ് മികച്ച പ്രകടനം. ഇന്ത്യക്കുവേണ്ടി 13 ഏകദിനത്തിൽ നിന്ന് 12 വിക്കറ്റും 9 ടി20കളിൽ നിന്ന് 17 വിക്കറ്റും ദിൻഡ നേടിയിട്ടുണ്ട്. എന്നാൽ റൺസ് വഴങ്ങുന്നതിൽ യാതൊരു പിശുക്കും കാട്ടാത്ത ബൗളറാണ് അദ്ദേഹം. അതിനാൽത്തന്നെ അന്താരാഷ്ട്ര വേദികളിൽ വേണ്ടത്ര തിളങ്ങാനായില്ല. 78 ഐപിഎല്ലിൽ നിന്നായി 69 വിക്കറ്റും അദ്ദേഹത്തിന്റെ പേരിലുണ്ട്. കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്,ഡൽഹി ക്യാപിറ്റൽസ്,പൂനെ വാരിയേഴ്സ്,റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ,റൈസിങ് പൂനെ സൂപ്പർജയന്റ് ടീമുകൾക്കുവേണ്ടിയെല്ലാം അദ്ദേഹം ഐപിഎല്ലിൽ കളിച്ചിട്ടുണ്ട്. അവസാന സീസണിൽ ഗോവയ്ക്കുവേണ്ടിയാണ് ദിൻഡ കളിച്ചത്.

ഇന്ത്യൻ ദേശീയ ടീമിന്റെ ഭാഗമാക്കിയതിന് ബിസിസി ഐയോട് ദിൻഡ നന്ദി പറഞ്ഞു. ദീപ് ദാസ്ഗുപ്ത,രോഹൻ ഗവാസ്കർ എന്നിവർ ക്രിക്കറ്റ് കരിയറിലെ വളർച്ചക്ക് വലിയ പിന്തുണ നൽകിയെന്ന് അദ്ദേഹം പറഞ്ഞു. 'ഇന്ത്യക്കുവേണ്ടി കളിക്കുകയെന്നത് എല്ലാവരുടെയും ലക്ഷ്യമാണ്. ബംഗാളിനുവേണ്ടി കളിച്ചതാണ് ഇന്ത്യൻ ടീമിന്റെ ഭാഗമാവാൻ അവസരം നൽകിയത്. ഇന്ത്യക്കുവേണ്ടി കളിക്കാൻ അവസരം നൽകിയതിൽ ബിസിസി ഐക്ക് നന്ദി.

# കലിപ്പ്, കട്ടക്കലിപ്പ്

**മാഞ്ചസ്റ്റർ യുണൈറ്റഡ് സതാംപ്ടണെ എതിരില്ലാത്ത ഒമ്പതു ഗോളിനു തോൽപ്പിച്ചു**

മാഞ്ചസ്റ്റർ: ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ റെക്കോഡ് ജയവുമായി മാഞ്ചസ്റ്റർ യുണൈറ്റഡ്. സതാംപ്ടണെ എതിരില്ലാത്ത ഒമ്പത് ഗോളിന് തകർത്താണ് സോൾഷെയറും ശിഷ്യന്മാരും ചരിത്രമെഴുതിയത്. ഇത് മൂന്നാം തവണയാണ് ഒരു ടീം പ്രീമിയർ ലീഗിൽ എതിരില്ലാത്ത ഒമ്പത് ഗോൾ ജയം നേടുന്നത്. 1995ൽ ഇപ്സവിച്ച് ടൗണിനെ നേരത്തെ ഇതേ മാർജിനിൽ യുണൈറ്റഡ് തോൽപ്പിച്ചിട്ടുണ്ട്. അവസാന മത്സരങ്ങളിൽ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ സാധിക്കാത്തിന്റെ ക്ഷീണം ഈ മത്സരത്തോടെ യുണൈറ്റഡ് തീർത്തു.4-4-2 ഫോർമേഷനിലിറങ്ങിയ സതാംപ്റ്റണെ 4-2-3-1 ഫോർമേഷനിലാണ് യുണൈറ്റഡ് നേരിട്ടത്.

രണ്ടാം മിനുട്ടിൽത്തന്നെ സതാംപ്റ്റണ് തിരിച്ചടി നേരിട്ടു. അലക്സാൻഡ്രെ ജാക്കിവിറ്റ്സ് ചുവപ്പുകാർഡ് കണ്ട് പുറത്തായി. 18ാം മിനുട്ടിൽ ആരോൺ വാൻ ബിസാക്ക യുണൈറ്റഡിന്റെ അക്കൗണ്ട് തുറന്നു. 25ാം മിനുട്ടിൽ മാർക്കസ് റാഷ്ഫോർഡ് ലീഡുയർത്തിയപ്പോൾ 34ാം മിനുട്ടിൽ ജാൻ ബെഡ്നറീക്കിന്റെ സെൽഫ് ഗോളിൽ മൂന്നാം ഗോൾ യുണൈറ്റഡ് ചേർത്തു. 39ാം മിനുട്ടിൽ എഡിൻസൻ കവാനിയിലൂടെ യുണൈറ്റഡ് നാലാം



മാഞ്ചസ്റ്റർ- സതാംപ്ടൺ മത്സരത്തിൽനിന്ന്

ഗോളും സ്കോർബോർഡിൽ ചേർത്തു.69ാം മിനുട്ടിൽ അന്തോണി മാർഷ്യൽ 71ാം മിനുട്ടിൽ സ്കോട്ട് മക്ടോമിനെ,87ാം മിനുട്ടിൽ ബ്രൂണോ ഫെർണാണ്ടസ് (പെനാൽറ്റി), 90ാം മിനുട്ടിൽ അന്തോണി മാർഷ്യൽ, ഇഞ്ചുറി ടൈമിൽ ഡാനിയൽ ജെയിംസ് എന്നിവരും യുണൈറ്റഡിനായി ലക്ഷ്യം കണ്ടു.

86ാം മിനുട്ടിൽ ജാൻ ബെഡ്നറീക്കിനും ചുവപ്പുകാർഡ് ലഭിച്ചതോടെ അവസാന സമയത്ത് ഒമ്പത് പേരായി സതാംപ്ടൺ ചുരുങ്ങി.75 ശതമാനം പന്തടക്കത്തിൽ മുന്നിട്ട് നിന്ന യുണൈറ്റഡ് മൂന്നിനെതിരേ 24 ഗോൾശ്രമമാണ് നടത്തിയത്. ജയത്തോടെ 22 മത്സരത്തിൽ നിന്ന് 44 പോയിന്റുമായി യുണൈറ്റഡ് രണ്ടാം സ്ഥാനത്താണ്. 20 മത്സരത്തിൽ നിന്ന് 44 പോയിന്റുള്ള മാഞ്ചസ്റ്റർ സിറ്റിയാണ് തലപ്പത്ത്.

40 പോയിന്റുള്ള ലിവർപൂളും 39 പോയിന്റുള്ള ലെസ്റ്റർ സിറ്റിയുമാണ് മൂന്നും നാലും സ്ഥാനങ്ങളിൽ. 29 പോയിന്റുള്ള സതാംപ്ടൺ 12ാം സ്ഥാനത്താണ്.

മറ്റൊരു മത്സരത്തിൽ കരുത്തരായ ആഴ്സണലിനെ 2-1ന് വോൾവ്സ് തോൽപ്പിച്ചു. സന്ദർശകരായെത്തിയാണ് ഗണ്ണേഴ്സ് നാണം കെട്ടത്. ഇരു ടീമും 4-2-3-1 ഫോർമേഷൻ പിന്തുടർന്ന മത്സരത്തിൽ ആദ്യം ലീഡെടുത്തത് ഗണ്ണേഴ്സാണ്. 32ാം മിനുട്ടിൽ നിക്കോളാസ് പെപ്പെയാണ് ആഴ്സണലിനായി വലകുലുക്കിയത്. ആദ്യ പകുതിയിലെ അധിക സമയത്ത് ഡേവിഡ് ലൂയിസിന് ചുവപ്പുകാർഡ് ലഭിച്ചത് ആഴ്സണലിന്റെ പ്രതീക്ഷകൾക്ക് വലിയ തിരിച്ചടിയായി. പെനാൽറ്റി റൂബൻ നിവസ് വലയിലാക്കിയതോടെ ആദ്യ പകുതിയിൽ സമനില പിടിക്കാൻ വോൾവ്സിനായി.49ാം മിനുട്ടിൽ ജോ മോട്ടിഞ്ഞോ വോൾവ്സിന് ലീഡ് സമ്മാനിച്ചു. ഇതിന് മറുപടി പറയാൻ ആഴ്സണലിനായില്ല. 72ാം മിനുട്ടിൽ ബേൻഡ് ലിനോയ്ക്ക് ചുവപ്പുകാർഡ് ലഭിച്ചതോടെ അവസാന സമയത്ത് 9 പേരുമായാണ് ആഴ്ണൽ കളിച്ചത്. എന്നാൽ കൂടുതൽ ഗോളുകൾ വഴങ്ങാതെ ഗണ്ണേഴ്സ് പ്രതിരോധം തോൽവിയുടെ ഭാരം കുറച്ചു. 30പോയിന്റുള്ള ആഴ്സണൽ 10ാം സ്ഥാനത്താണ്.

## റൊണാൾഡോ മികവിൽ യുവെ

### ഇന്റർ മിലാനെ പരാജയപ്പെടുത്തി

ടൂറിൻ: കോപ ഇറ്റാലിയ സെമി ഫൈനലിലെ ആദ്യ പാദം യുവന്റസ് സ്വന്തമാക്കി. ഇന്റർ മിലാന്റെ ഹോം ഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ യുവന്റസ് ആണ് വിജയിച്ചത്. ഒരു ഗോളിന് പിന്നിട്ടു നിന്ന ശേഷം ക്രിസ്ത്യാനോ റൊണാൾഡോയുടെ കരുത്തിൽ തിരിച്ചടിച്ച യുവന്റസ് ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് വിജയിച്ചത്.

ഇരട്ട ഗോളുകളുമായാണ് റൊണാൾഡോ മിന്നിയത്.മത്സരം തുടങ്ങി ഒമ്പതാം മുനുട്ടിൽ തന്നെ ലൗട്ടാരോ മാർട്ടിനെസിലൂടെ ഇന്റർ മിലാൻ ലീഡ് എടുത്തിരുന്നു. ലീഗ് മത്സരത്തിലെന്ന പോലെ യുവന്റസിനെ ഇന്റർ മിലാൻ തോൽപ്പിച്ചേക്കും എന്ന തോന്നൽ ഉണ്ടാക്കി എങ്കിലും അത് ഉണ്ടായില്ല. 26ആം മിനുട്ടിൽ ഒരു ക്രിസ്റ്റ്യാനോ റൊണാൾഡോ പെനാൾട്ടി യുവന്റസിനെ കളിയിലേക്ക് തിരികെ കൊണ്ടുവന്നു. 35ആം മിനുട്ടിൽ റൊണാൾഡോ തന്നെ യുവന്റസിന് ലീഡും നൽകി. ഈ ഗോളിന് തിരിച്ചടി നൽകാൻ ഇന്ററിനായില്ല. ഫെബ്രുവരി 9നാണ് രണ്ടാം പാദ സെമി.



SENSEX: 50,255.75 (+458.03)

NIFTY: 14,789.95 (+142.10)

### വിനിമയ നിരക്ക്

| | |
|---|---|
| ഡോളർ | 72.99 |
| യൂറോ | 87.74 |
| പൗണ്ട് | 99.53 |
| സ്വിസ്ഫ്രാങ്ക് | 81.21 |
| സിംഗപ്പൂർ ഡോളർ | 54.79 |
| ഓസ്ട്രേലിയൻ | 55.61 |
| കനേഡിയൻ | 57.13 |
| ബഹറിൻ ദിനാർ | 193.48 |
| കുവൈറ്റ് ദിനാർ | 241.07 |
| ഒമാനി റിയാൽ | 189.29 |
| സൗദി റിയാൽ | 19.45 |
| യു എ ഇ ദിർഹം | 19.85 |
| ഖത്തർ | 19.93 |

# ആഴം വർധിപ്പിക്കാതെ കപ്പൽച്ചാൽ

# കൊച്ചിക്ക് നഷ്ടമാകുന്നത് കോടികൾ

**ഇന്ത്യൻ നേവിയും കോസ്റ്റ് ഗാർഡും കപ്പൽശാലയുമൊക്കെ കപ്പൽച്ചാൽ ഉപയോഗിക്കുന്നുണ്ടെങ്കിലും ഡ്രഡ്ജിങ് ബാധ്യത പോർട്ട് ട്രസ്റ്റിന്റെ ചുമതലയിൽ തന്നെയാണ്.**



കൊച്ചി: മദർഷിപ്പുകൾ എത്തുംവിധം വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലിലേക്കുള്ള കപ്പൽച്ചാലിന്റെ ആഴം കൂട്ടൽ പദ്ധതി മെല്ലപ്പോക്കിൽ. കൊൽക്കത്ത തുറമുഖത്ത് കപ്പൽച്ചാലിന്റെ ആഴം വർധിപ്പിക്കുന്ന ജോലികൾ വർഷങ്ങളായി തുടർന്നുപോരുന്നത് കേന്ദ്രസർക്കാരാണ്. കൊച്ചിയിലും ആ ബാധ്യത കേന്ദ്രം ഏറ്റെടുക്കണമെന്ന് തുറമുഖ ട്രസ്റ്റ് ആവശ്യപ്പെട്ടിരുന്നത്.

ഇതനുസരിച്ച് സാധ്യതാ പഠനത്തിനായി മദ്രാസ് ഐഐടിയെ കേന്ദ്രം ചുമതലപ്പെടുത്തിയെങ്കിലും 4200 കോടി രൂപയോളം ഇതിന് ചെലവ് വരുമെന്ന് അവർ വിലയിരുത്തിയതോടെ വിഷയത്തിൽ നിന്നു പതിയെ പിന്മാറുകയാണ് ഷിപ്പിങ്ങ് മന്ത്രാലയം. നിലവിൽ കണ്ടെയ്നർ കപ്പലുകൾ കൊച്ചിയിൽ നിന്നു പ്രതിവാര സർവീസുകൾ നടത്തുന്നുണ്ടെങ്കിലും അനേകം കണ്ടെയ്നറുകളെ വഹിക്കാൻ കഴിയുന്ന മദർഷിപ്പുകൾ അടുക്കാത്തത് ആഴക്കുറവ് മൂലമാണ്. ഇത്തരം കപ്പലുകൾ ഇപ്പോൾ മുഖ്യമായും ആശ്രയിക്കുന്നത് കൊളംബോ തുറമുഖത്തെയാണ്. അവയ്ക്ക് സുഗമമായി വല്ലാർപാടം ടെർമിനലിൽ അടുക്കാൻ സാഹചര്യമുണ്ടായാൽ, സമയലാഭത്തോടെയും കൊളംബോ തുറമുഖവുമായി ബന്ധപ്പെടാതെയും വിദേശ വിപണികളിലേക്ക് വൻതോതിൽ കണ്ടെയ്നറുകൾ എത്തിക്കാൻ കഴിയും.

2011ൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വന്നതോടെ, നടത്തിപ്പുകാരായ ദുബായ് പോർട്ട് വേൾഡുമായുണ്ടാക്കിയ കരാർ പ്രകാരം കപ്പൽച്ചാലിൽ നിന്നു ചെളി നീക്കി സംരക്ഷിക്കേണ്ട ഉത്തരവാദിത്വം കൊച്ചി തുറമുഖ ട്രസ്റ്റിനായി. നേരത്തേ 12.5 മീറ്ററായിരുന്ന കായലിന്റെ ആഴം വല്ലാർപാടം പദ്ധതിക്കായി 14.5 മീറ്ററായി വർധിപ്പിച്ചിരുന്നു. ഇന്ത്യൻ നേവിയും കോസ്റ്റ് ഗാർഡും കപ്പൽശാലയുമൊക്കെ കപ്പൽച്ചാൽ ഉപയോഗിക്കുന്നുണ്ടെങ്കിലും ഡ്രഡ്ജിങ് ബാധ്യത പോർട്ട് ട്രസ്റ്റിന്റെ ചുമതലയിൽ തന്നെയാണ്.

## സാഹസിക ടൂറിസം; പുതിയ നിയമങ്ങൾ വരുന്നു



കോട്ടയം: സാഹസിക ടൂറിസത്തിന്റെ സുഗമമായ നടത്തിപ്പിനായി കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി ഏർപ്പെടുത്തുന്ന മാനദണ്ഡങ്ങൾ ഉടൻ പ്രാബല്യത്തിലാവും. വിനോദസഞ്ചാരി കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് പുതിയ സുരക്ഷാമാനദണ്ഡങ്ങൾ വരുന്നത്.

ഇതനുസരിച്ചു മാത്രമേ ഇനി ടെന്റിങ്ങ്, ക്യാംപിങ്ങ് കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ അനുവദിക്കുകയുള്ളൂ. ഇതു രണ്ടാഴ്ചയ്ക്കുള്ളിൽ പ്രാബല്യത്തിലാകുമെന്ന് അധികൃതർ പറഞ്ഞു. നിലവിൽ കയാക്കിങ്, റോക്ക് ക്ലൈബിങ്, പാരഗ്ലൈഡിങ് മുതലായ 30 വിനോദങ്ങൾ മാത്രമേ കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ (കാറ്റ്പ്സ്) മാനദണ്ഡങ്ങളനുസരിച്ചു നടക്കുന്നത്. ഈ പട്ടികയിൽ ട്രെക്കിങ്ങ്, ക്യാംപിങ്ങ് ഇനങ്ങളെക്കൂടി ഉൾപ്പെടുത്തി സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കും. ടൂറിസം വകുപ്പിന്റെയോ നോഡൽ ഏജൻസിയായ കാറ്റ്പ്സിന്റെയോ അധികൃതർ സ്ഥലത്തെത്തി സുരക്ഷാ മുൻകരുതലുകൾ ഉറപ്പുവരുത്തിയ ശേഷമേ അനുമതി നൽകൂ.

എല്ലാ ജില്ലകളിലെയും ഇത്തരം ക്യാംപുകളുടെയും ടെന്റിങ്ങ് സൈറ്റുകളുടെയും പട്ടിക ആവശ്യപ്പെട്ടിട്ടുണ്ട്. വനാതിർത്തികൾക്കു പുറമേ മലയോര മേഖല, ബീച്ചുകൾ, പുഴയോരങ്ങൾ എന്നിവിടങ്ങളിലെ ക്യാംപിങ്ങിനും ട്രെക്കിങ്ങിനും മാനദണ്ഡങ്ങൾ നിശ്ചയിച്ചു. മഴക്കാല ടൂറിസം, ഓഫ് റോഡ് ഡ്രൈവിങ്ങ് തുടങ്ങിയവയും സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ചു മാത്രമേ നടക്കൂ.



## ഓഹരി മൂന്നാം ദിനവും നേട്ടത്തിൽ

മുംബൈ: ബജറ്റിനു ശേഷമുള്ള മൂന്നു ദിവസത്തെ തുടർച്ചയായ നേട്ടത്തോടെ ഓഹരി സൂചിക പുതിയ ഉയരം കുറിച്ചു. ബിഎസ്ഇ സെൻസെക്സ് സൂചിക 458.03 പോയിന്റ് വർധിച്ച് 50,255.75 എന്ന നില രേഖപ്പെടുത്തി (0.92 ശതമാനം). എൻഎസ്ഇ നിഫ്റ്റി സൂചിക 142.10 പോയിന്റ് ഉയർന്ന് 14,789.95 എന്ന നിലയിലുമെത്തി (0.97 ശതമാനം).

വ്യാപാരത്തിനിടെ ഒരുവേള സെൻസെക്സ് 600 പോയിന്റ് ഉയർന്ന് 50,408ലും നിഫ്റ്റി 14,839ലുമെത്തിയിരുന്നു. വൈകാതെ നിഫ്റ്റി 15,000 മറികടക്കുമെന്നാണ് വിലയിരുത്തൽ. ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ റിയൽ എസ്റ്റേറ്റ് സൂചികയൊഴികെ മറ്റെല്ലാ മേഖലാ സൂചികകളും നേട്ടത്തിൽ വ്യാപാരം പൂർത്തിയാക്കി. ഫാർമ, പൊതുമേഖല ബാങ്ക് സൂചികകൾ രണ്ടു ശതമാനത്തോളം ഉയർന്നു. വാഹനം, ലോഹം, ഊർജം എന്നീ സൂചികകൾ ഒരു ശതമാനം വീതം നേട്ടത്തിലാണ് വ്യാപാരം അവസാനിപ്പിച്ചത്.

## ഗോൾഡ് ബോണ്ട് നിക്ഷേപം നാളെക്കൂടി



കൊച്ചി: സോവറിൻ ഗോൾഡ് ബോണ്ട് 11ാം സീരീസിൽ ഇപ്പോൾ നിക്ഷേപിക്കാൻ നാളെക്കൂടി അവസരം. ഒരു ഗ്രാം സ്വർണത്തിന് 4,912 രൂപയാണ് ആർബിഐ വില നിശ്ചയിച്ചിരിക്കുന്നത്.

ഈ മാസം അഞ്ചിനാണ് അവസാനിക്കുന്നത്. ഓൺലൈൻ സ്ബസ്ക്രിപ്ഷന് ഒരു ഗ്രാമിന് 50 രൂപ നിരക്കിൽ കുറവ് ലഭിക്കും. 2015ന് നിലവിൽ വന്ന എസ്ജിബിയിൽ വലിയ തോതിൽ നിക്ഷേപം എത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന് വേണ്ടി ആർബിഐ ആണ് ഗോൾഡ് ബോണ്ടുകൾ ഇറക്കുന്നത്. ചുരുങ്ങിയ നിക്ഷേപം ഒരു ഗ്രാമാണ്.

എട്ടു വർഷ കാലാവധിയുള്ള ഇതിൽ എത്ര ഗ്രാം (തുക) വേണമെങ്കിലും നിക്ഷേപിക്കാം. ഷെഡ്യൂൾഡ് ബാങ്കുകൾ, ചുമതലപ്പെടുത്തിയിട്ടുള്ള പോസ്റ്റ് ഓഫിസുകൾ, സ്റ്റോക്ക് ഹോൾഡിങ് കോർപ്പറേഷൻ ഒഫ് ഇന്ത്യ, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്, മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നിവിടങ്ങളിൽ ബോണ്ടിനുള്ള അപേക്ഷ സ്വീകരിക്കും. അപേക്ഷ സ്വീകിരിക്കുമ്പോൾ വ്യക്തമായ ഫോം ബി യിലുള്ള രസീത് നൽകും. സ്വർണത്തിന് സ്വാഭാവികമായി ഉണ്ടാകാവുന്ന വിലക്കയറ്റത്തിന് പുറമേ രണ്ടര ശതമാനം പലിശ ലഭിക്കും.

## വരുന്നു, മൂന്ന് മത്സ്യബന്ധന തുറമുഖങ്ങൾ

തിരുവനന്തപുരം: സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയ്ക്ക് കൂടുതൽ ഊർജം പകരാനായി മൂന്ന് മത്സ്യബന്ധന തുറമുഖങ്ങൾ കൂടി ഒരുങ്ങുന്നു. എറണാകുളം ജില്ലയിലെ ചെല്ലാനം, മലപ്പുറം ജില്ലയിലെ താനൂർ, കോഴിക്കോട് ജില്ലയിലെ വെള്ളയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ ഈ മാസം കമ്മീഷൻ ചെയ്യും.

ഈ ഹാർബറുകൾ കൂടി പൂർത്തിയാകുന്നതോടെ കഴിഞ്ഞ നാലര വർഷം കൊണ്ട് എട്ട് ഹാർബറുകളുടെ നിർമാണം പൂർത്തിയാക്കി എന്ന അപൂർവ നേട്ടമാണ് സർക്കാർ കൈവരിക്കുന്നത്. കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സജ്ജമാക്കുന്ന മൂന്ന് മത്സ്യബന്ധന തുറമുഖങ്ങളുടെയും നിർമാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായി ആരംഭിച്ച തുറമുഖങ്ങളുടെ നിർമാണം പൂർത്തിയാകുന്നതിന് വേണ്ടിവന്ന അധിക തുക നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല സൗകര്യ വികസന പദ്ധതിയിലൂടെയും സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.



## സ്വർണം 35,800

| | | | |
|---|---|---|---|
| വെളിച്ചെണ്ണ : മില്ലിങ് | 19,600 | മുതിര | 3700 |
| വെളിച്ചെണ്ണ | 20,100 | എള്ള് | 13,000- 14,000 |
| കൊപ്ര | 12,850-13,150 | മല്ലി | 7000-19,000 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2700 | പച്ചരി നമ്പർ 2 | 2600-3400 |
| പിണ്ണാക്ക് റോട്ടറി | 3400 | പുഴുക്കലരി (ജയ) | 3400- 3500 |
| കുരുമുളക് അൺഗാർബിൾഡ് | 32,500 | ജാതിക്ക തൊണ്ടൻ (കിലോ) | 240-260 |
| പുതിയ കുരുമുളക് | 32,500 | ജാതിക്ക തൊണ്ടില്ലാത്തത് (കിലോ) | 500-550 |
| കുരുമുളക് ഗാർബിൾഡ് | 34,500 | ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ) | 1200-1300 |
| ചുക്ക് മീഡിയം | 28,500 | ഗ്രാമ്പൂ (കിലോ) | 510 |
| ചുക്ക് ബെസ്റ്റ് | 30,000 | റബർആർ എസ് എസ് 5 ഗ്രേഡ് | 13,700 -14,700 |
| മഞ്ഞൾ നാടൻ | ഇല്ല | റബർആർ എസ് എസ് 4 ഗ്രേഡ് | 15,200 |
| സേലം - ഈറോഡ് | 7200-7700 | ഒട്ടുപാൽ | 9700 |
| കാഞ്ഞിരക്കുരു | 1850 | ലാറ്റക്സ് | 10,300 |
| അടയ്ക്ക ന്യൂ | 30,000- 31,000 | സ്വർണം | 35,800 |
| അടയ്ക്ക ഓൾഡ് | 34,000- 35,000 | പാം ഓയിൽ | 10,050 |
| പഞ്ചസാര | 3600 | | |
| മുളക് | 15,000-16,200 | | |
| ഉഴുന്ന് | 9,000-10,000 | | |
| ചെറുപയർ | 10,500-11,500 | | |
| കടല | 5400-6500 | | |

## വിലയിടിവ് തുടർന്ന് സ്വർണം



കൊച്ചി: കേരള വിപണിയിൽ സ്വർണ വിലയുടെ ഇടിവ് തുടരുന്നു. പവന്റെ വില 320 രൂപ കുറഞ്ഞ് 35,800 രൂപയായി. 4475 രൂപയാണ് ഇന്നലെ ഗ്രാമിന്റെ വില. ഏറ്റവും ഉയർന്ന വില നിലവാരത്തിൽ നിന്ന് അഞ്ച് മാസത്തിനിടെ 6200 രൂപയുടെ ഇടിവാണുണ്ടായത്.

സ്വർണ വില എക്കാലത്തേയും ഉയർന്ന നിലവാരമായ 42,000 രൂപയിലെത്തിയത് 2020 ഓഗസ്റ്റ് ഏഴിനാണ്. അതു കഴിഞ്ഞ് 2020 നവംബർ 30നാണ് ഏറ്റവും കുറഞ്ഞ വിലയായ 35,760 രൂപ രേഖപ്പെടുത്തിയത്. മൂന്ന് മാസത്തിനുശേഷം വില വീണ്ടും 35,800ത്തിലെത്തിയിരിക്കുകയാണ്. ആഗോള വിപണിയിൽ ഔൺസിന് 1,844.48 ഡോളർ നിലവാരത്തിലാണ് വ്യാപാരം നടക്കുന്നത്. കഴിഞ്ഞ ദിവസം വില കുത്തനെ ഇടിഞ്ഞശേഷം കമ്മോഡിറ്റി വിപണിയായ എംസിഎക്സിൽ 10 ഗ്രാം 24 കാരറ്റ് സ്വർണത്തിന്റെ വില 0.2 ശതമാനം ഉയർന്ന് 47,947 രൂപയിലെത്തി.

## പള്ളിപ്പുറം ടെക്നോസിറ്റി പുതിയ മന്ദിരം ഉദ്ഘാടനം

**23 ഐടി കമ്പനികളാണ് കമ്പനിയിൽ സ്പേസ് എടുക്കാൻ സന്നദ്ധത അറിയിച്ചിരിക്കുന്നത്**

തിരുവനന്തപുരം: ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ പള്ളിപ്പുറം ടെക്നോസിറ്റിയിൽ സർക്കാർ നിർമിച്ച ഐടി കെട്ടിടമായ കമ്പനിയുടെ ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 2017 ഒക്റ്റോബർ 27നാണ് രണ്ട് ലക്ഷം ചതുരശ്രയടിയുള്ള ഐടി കെട്ടിടത്തിന്റെ നിർമാണം ആരംഭിച്ചത്. മൂന്നു നിലകളാണുള്ളത്. ഓരോ നിലയുടെയും വിസ്തീർണം 50,000 ചതുരശ്രയടി വരും. ചെറിയ സംരംഭകർക്ക് മറ്റ് നിർമാണപ്രവർത്തനങ്ങൾ നടത്താതെ നേരിട്ട് വന്ന് ഉപയോഗിക്കാൻ കഴിയുന്ന ഫർണിഷ്ഡ് പ്ലഗ് ആൻഡ് പ്ലേ സൗകര്യമാണ് കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലുള്ളത്.

കമ്പനിയിൽ സ്പേസ് എടുക്കാൻ സന്നദ്ധത അറിയിച്ചിരിക്കുന്നത് ചെറുതും വലുതുമായ 23 ഐടി കമ്പനികളാണ്. ഇതിൽ 12 കമ്പനികളാണ് താഴെ സ്പേസ് ചോദിച്ചിരിക്കുന്നത്. 10 സീറ്റ് മുതൽ 35 സീറ്റ് വരെ അടങ്ങുന്ന 29 സ്മാർട്ട് ബിസിനസ് സെന്റർ (എസ്ബിസി) മൊഡ്യൂളുകളാണ് ഇതിലുള്ളത്. സംരംഭകർക്ക് അവരുടെ കംപ്യൂട്ടറുകൾ കൊണ്ടുവന്ന് പ്ലഗ് ചെയ്ത് അപ്പോൾ തന്നെ പ്രവർത്തിച്ചു തുടങ്ങാമെന്നതാണ് മെച്ചം. ഓരോ മൊഡ്യൂളിലും മാനെജർ കാബിൻ, അഞ്ച് പേർക്ക് ഇരിക്കാവുന്ന ഡിസ്കഷൻ റൂം, സെർവർ റൂം ഉൾപ്പെടെയുണ്ടാകും. 10 സീറ്റുള്ള ഒരു മൊഡ്യൂളിന് 680 ചതുരശ്രയടി വലുപ്പവും 27 സീറ്റുള്ളതിന് 1335 ചതുരശ്രയടിയുമുണ്ടാകും.

## ജെഫ് ബെസോസ് സ്ഥാനം ഒഴിയുന്നു



മുംബൈ: ആമസോൺ സ്ഥാപകൻ ജെഫ് ബെസോസ് ഈ വർഷാവസാനത്തോടെ സ്ഥാനമൊഴിയും. 57കാരനായ ബെസോസിന് പകരമായി വെബ് സർവീസ് മേധാവി ആൻഡി ജാസിയായിരിക്കും പുതിയ സിഇഒ. ജെഫ് ബെസോസ് ഇനി എക്സിക്യൂട്ടീവ് ചെയർമാനായി തുടരുമെന്ന് കമ്പനി വ്യക്തമാക്കി. സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തോടെയായിരിക്കും ബെസോസ് എക്സിക്യൂട്ടീവ് ചെയർമാൻ സ്ഥാനമേറ്റെടുക്കുക. സ്ഥാനം ഒഴിയുന്നതോടെ തന്റെ പര്യവേഷണ കമ്പനിയായ ബ്ലൂ ഒറിജിൻ, തന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ, വാഷിങ്ടൺ പോസ്റ്റിന്റെ മേൽനോട്ടം എന്നിവ ഉൾപ്പെടെയുള്ള സൈഡ് പ്രൊജക്റ്റുകളിലേക്കാവും മാറുക.

## വാലന്റൈൻസ് ദിനാഘോഷം: കല്യാൺ ജ്വല്ലേഴ്സ് ആഭരണ നിര

കൊച്ചി: കല്യാൺ ജ്വല്ലേഴ്സ് വാലന്റൈൻസ് ദിനാഘോഷത്തിൽ പ്രത്യേകം രൂപപ്പെടുത്തിയ ലിമിറ്റഡ് എഡിഷൻ ആഭരണ നിര അവതരിപ്പിക്കുന്നു. നേരിയ മാലകളിലുള്ള ഡയമണ്ടും റൂബിയും പതിപ്പിച്ച ലേസർ കട്ട് പെൻഡന്റുകളും പ്രഷ്യസ് സ്റ്റോണുകൾ പതിപ്പിച്ച അഡ്ജസ്റ്റബിൾ ബ്രേയ്സലെറ്റുകളും അടങ്ങിയ ആഭരണങ്ങളാണ് ശേഖരത്തിലുള്ളത്.

റോസ്ഗോൾഡ്, ഡയമണ്ട് പതിച്ച പെൻഡന്റുകൾ, ബ്രേയ്സലെറ്റുകൾ എന്നിവയും ചില ഡിസൈനുകളിൽ റൂബികളും ചേർത്ത ആഭരണങ്ങളാണ് വാലന്റൈൻ എഡിഷനിലുള്ളത്. വിലക്കുറവുള്ളതും ഭാരം കുറഞ്ഞതുമായ ആഭരണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കല്യാൺ ജ്വല്ലേഴ്സ് ഡയമണ്ട് ആഭരണങ്ങൾക്ക് പത്ത് ശതമാനം ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയിലെ കല്യാൺ ഷോറൂമുകളിൽ 15 വരെ ഈ പ്രത്യേക ഓഫർ ലഭിക്കും. ഓരോ സ്വർണാഭരണ പർച്ചേയ്സിനുമൊപ്പം കല്യാൺ ജ്വല്ലേഴ്സിന്റെ നാല് തലത്തിലുള്ള അഷ്വറൻസ് സാക്ഷ്യപത്രവും സ്വന്തമാക്കാം. ആധുനികവും പരമ്പരാഗതവുമായ രൂപകൽപ്പനയിലുള്ള വൈവിധ്യമാർന്ന കമ്മലുകൾ, വളകൾ, നെക്ലേസുകൾ തുടങ്ങിയവയാണ് കല്യാൺ ജ്വല്ലേഴ്സ് അവതരിപ്പിക്കുന്നത്.



## എച്ച്പി പുതിയ സ്മാർട്ട് ടാങ്ക് പ്രിന്ററുകൾ പുറത്തിറക്കി

കൊച്ചി: എച്ച്പി ഇന്ത്യയിൽ പുതിയ എച്ച്പി സ്മാർട്ട്ടാങ്ക് 500, 516 ഓൾ-ഇൻ-വൺ സീരീസ് പ്രിന്ററുകൾ പുറത്തിറക്കി. ചെറുകിട, ഇടത്തരം ബിസിനസുകൾ, ജോലിക്കാർ, ഗാർഹിക ആവശ്യങ്ങൾ എന്നിവയ്ക്കായി രൂപകൽപ്പന ചെയ്തതാണ് പുതിയ എച്ച്പി സ്മാർട്ട്ടാങ്ക്. ഇതിലെ സെൻസർ അടിസ്ഥാനമാക്കിയുള്ള ഇങ്ക് ടാങ്ക് സാങ്കേതികവിദ്യ മഷി തീരുന്നതിന് മുമ്പ് ഉപയോക്താവിന് അറിയിപ്പുകൾ നൽകും.

എച്ച്പി സ്മാർട്ട് ടാങ്ക് ബോക്സിലെ മഷിയിൽ നിന്ന് കുറഞ്ഞത് 6000 പേജ് (കറുപ്പ്) / 8000 പേജ് (കളർ) ഔട്ട്പുട്ട് ലഭിക്കുന്നു. ഇത് പ്രിന്റിങ് വേഗതയിൽ 38 ശതമാനം വർധനവും നൽകുന്നു. ഡ്യുവൽ-ബാൻഡ് വൈ-ഫൈ, എച്ച്പി സ്മാർട്ട് മൊബൈൽ പ്രിന്റ് ആപ്പ്, ബ്ലൂടൂത്ത് എൽ ഇ എന്നിവയിലൂടെ മെച്ചപ്പെട്ട മൊബൈൽ പ്രിന്റിങ് അനുഭവവും കണക്റ്റിവിറ്റിയും ഇത് വാഗ്ദാനം ചെയ്യുന്നു. ഇന്റർനെറ്റ് നെറ്റ്‌വർക്കിന്റെ ആവശ്യമില്ലാതെ പ്രിന്ററിലേക്ക് കണക്റ്റ് ചെയ്യാൻ സ്മാർട്ട്ഫോണിനെ അനുവദിക്കുന്ന വൈഫൈ ഡയറക്റ്റ് ശേഷിയും ഇതിനുണ്ട്. എച്ച്പി സ്മാർട്ട്ടാങ്ക് 500ന് 11,999 രൂപയും എച്ച്പി സ്മാർട്ട്ടാങ്ക് 515 വയർലസിന് 14, 499 രൂപയും, എച്ച്പി സ്മാർട്ട് ടാങ്ക് 516 വയർലെസിന് 15,266 രൂപയും, എച്ച്പി സ്മാർട്ട് ടാങ്ക് 530 വയർലെസ് വിത്ത് എഡിഎഫിന് 16, 949 രൂപയുമാണ് പ്രാരംഭ വിലകൾ.

വീട്ടിലിരുന്ന് ജോലിയും പഠനവും നടത്തുന്ന ആശയത്തിനു കൂടുതൽ അംഗീകാരം ലഭിച്ചുതുടങ്ങി. ഹൈബ്രിഡ് ജോലിയും പഠന അന്തരീക്ഷവും ഉപഭോക്താക്കളുടെ ആവശ്യങ്ങളും നിറവേറ്റുന്നതിനായി എച്ച്പിയിൽ ഞങ്ങൾ പരിധികളെ മറികടന്നും പ്രയത്നിക്കുകയാണ്. പുതിയ എച്ച്പി സ്മാർട്ട് ടാങ്കിലൂടെ ഗാർഹിക ഉപയോക്താക്കൾക്കായി പ്രിന്റിങ് ഞങ്ങൾ കൂടുതൽ കാര്യക്ഷമവും ഉത്പാദനക്ഷമവുമാക്കുന്നു. ഏറ്റവും പുതിയ സെൻസർ അധിഷ്ഠിത ഇങ്ക് ടാങ്ക് സാങ്കേതികവിദ്യയുള്ള എച്ച്പി സ്മാർട്ട് ടാങ്ക് ഇന്ത്യയിലെ ഉപഭോക്താക്കളുടെ അച്ചടി അനുഭവം പുനരുജ്ജീവിപ്പിക്കുമെന്ന് എച്ച്പി ഇന്ത്യ പ്രിന്റിങ് സിസ്റ്റംസ് സീനിയർ ഡയറക്റ്റർ സുനിഷ് രാഘവൻ പറഞ്ഞു.

## എൻഐപിഎംആർ; മികവിന്റെ കേന്ദ്രം

തൃശൂർ: ഭിന്നശേഷി ചികിത്സാ പുനരധിവാസ മേഖലയിൽ സ്തുത്യർഹമായ പ്രവർത്തനം നടത്തുന്ന ഇരിങ്ങാലക്കുടയ്ക്ക് സമീപം കല്ലേറ്റുംകരയിൽ സ്ഥിതി ചെയ്യുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനെ (എൻഐപിഎംആർ) ശനിയാഴ്ച മികവിന്റെ കേന്ദ്രമായി പ്രഖ്യാപിക്കും. എൻഐപിഎംആർ ആസ്ഥാനത്ത് രാവിലെ 10.30ന് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ വിഡിയൊ കോൺഫറൻസ് വഴി പ്രഖ്യാപനം നടത്തും. ആരോഗ്യ, സാമൂഹ്യനീതി വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ ചടങ്ങിൽ അധ്യക്ഷനാകും.

പുനരധിവാസ ചികിത്സ മേഖലയിൽ ഏറ്റവും പുതിയ സാങ്കേതികവിദ്യയും വൈദഗ്ധ്യവുമുള്ള സ്ഥാപനമാണ് സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള എൻഐപിഎംആർ. അത്യാധുനിക സൗകര്യങ്ങളുള്ള സ്പൈനൽ ഇൻജ്വറി റീഹാബിലിറ്റേഷൻ യൂണിറ്റ്, അക്വാട്ടിക് റീഹാബിലിറ്റേഷൻ സെന്റർ, ആർട്ട് എബിലിറ്റി സെന്റർ, ഇയർമോൾഡ് ലാബ്, കോൾ ആൻഡ് കണക്റ്റ്- ഇൻഫർമേഷൻ ഗേറ്റ്‌വേ ഫോർ ഡിഫറന്റ്‌ലി ഏബിൾഡ്, പ്രോസ്തെറ്റിക്സ് ആൻഡ് ഓർത്തോട്ടിക്സ് യൂണിറ്റ്, സെൻസറി പാർക്ക്, സെൻസറി ഗാർഡൻ, വെർചൽ റീഹാബിലിറ്റേഷൻ യൂണിറ്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങളും പുതിയ തെറാപ്പി സംവിധാനങ്ങളും ഏർപ്പെടുത്തിക്കൊണ്ടാണ് ഭിന്നശേഷി പുനരധിവാസ മേഖലയിലെ മികവിന്റെ കേന്ദ്രമായി സ്ഥാപനം വളർന്നത്.

ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയതായി പണികഴിപ്പിച്ച അക്വാട്ടിക് റീഹാബിലിറ്റേഷൻ സെന്റർ, സെന്റർ ഫോർ മൊബിലിറ്റി ആൻഡ് അസിസ്റ്റീവ് ടെക്നോളജി (സി-മാറ്റ്) എന്നിവയുടെ ഉദ്ഘാടനം മന്ത്രി കെ.കെ. ശൈലജയും സ്പൈനൽ ഇൻജ്വറി റീഹാബിലിറ്റേഷൻ യൂണിറ്റിന്റെ ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കും നിർവഹിക്കും. ആർട്ട് എബിലിറ്റി സെന്ററിന്റെ ഉദ്ഘാടനം ടി.എൻ. പ്രതാപൻ എംപിയും അക്കാദമിക് പ്രോഗ്രാമുകളുടെ ഉദ്ഘാടനവും ഒക്യുപേഷണൽ തെറാപ്പി കോളെജിന്റെ തറക്കല്ലിടലും ഇരിങ്ങാലക്കുട എംഎൽഎ പ്രൊഫ. കെ. അരുണനും വൊക്കേഷണൽ റീഹാബിലിറ്റേഷൻ യൂണിറ്റിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്ററും ഇയർമോൾഡ് ലാബിന്റെ ഉദ്ഘാടനം സാമൂഹ്യനീതി വകുപ്പ് ഡയറക്റ്റർ ഷീബ ജോർജ് ഐഎഎസും, ഹെൽത്ത് ഇൻഫോനെറ്റ്- സെന്റ് സ്റ്റീഫൻ കോളെജ്, ഉഴവൂർ, ഐസിയുഡിഎസ്- മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നിവയുടെ സഹകരണത്തോടെ ആരംഭിക്കുന്ന കോൾ ആൻഡ് കണക്റ്റ്- ഇൻഫർമേഷൻ ഗേറ്റ് വേ ഫോർ ഡിഫറന്റ്‌ലി ഏബിൾഡിന്റെ ഉദ്ഘാടനം തൃശൂർ ജില്ലാ കലക്റ്റർ എ. ഷാനവാസ് ഐഎഎസും നിർവഹിക്കും.



## എൽഐസി ഐപിഒ ഒക്റ്റോബറിൽ

മുംബൈ: പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽഐസിയുടെ ഐപിഒ ഒക്റ്റോബറിനുശേഷം ഉണ്ടായേക്കുമെന്ന് കേന്ദ്ര നിക്ഷേപ- പൊതു ആസ്തി കൈകാര്യ വകുപ്പ് (ദീപം) സെക്രട്ടറി തുഹിൻ കാന്ത പാണ്ഡേ പറഞ്ഞു. എയർ ഇന്ത്യ, ബിപിസിഎൽ, ഷിപ്പിങ് കോർപ്പറേഷൻ ഒഫ് ഇന്ത്യ എന്നിവയുടെ ഓഹരി വിൽപ്പന 2021 സെപ്റ്റംബറോടെ പൂർത്തിയാകും. അടുത്ത സാമ്പത്തികവർഷം പൊതു ആസ്തികൾ വിറ്റ് 1.75 ലക്ഷം കോടി രൂപ സമാഹരിക്കാനാണ് ധനമന്ത്രി നിർമലാ സീതാരാമൻ കേന്ദ്രബജറ്റിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

### എൽപിജി

## മലയോര ജില്ലകൾക്ക് മാത്രം

കോട്ടയം: ഈ വർഷം അവസാനിക്കുന്നതോടെ പാചകത്തിന് എൽപിജി മാത്രം ഉപയോഗിക്കുന്നത് കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളായി ചുരുങ്ങും. കേരളത്തിൽ എൽഎൻജി വിതരണത്തിന് ലൈസൻസ് ലഭിച്ചിരിക്കുന്ന കമ്പനികൾ അവരുടെ ജോലികൾ ഈ വർഷം പൂർത്തിയാക്കാൻ തീരുമാനിച്ചതോടെയാണിത്.

അറ്റ്ലാന്റിക് ഗൾഫ് ആൻഡ് പസിഫിക് ലിമിറ്റഡ്, ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് ലിമിറ്റഡ് എന്നീ കമ്പനികളാണ് കേരളത്തിൽ സിറ്റി ഗ്യാസ് വിതരണം നടപ്പിലാക്കുക. വാഹനങ്ങൾക്ക് വേണ്ടിയുള്ള സിഎൻജി വിതരണവും ഇവർ വഴി നടക്കും. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും പുതുച്ചേരിയുടെ ഭാഗമായ മാഹിയിലും സെപ്റ്റംബറിനകം സിറ്റി ഗ്യാസ് ലഭ്യമാക്കാനാണ് ഇന്ത്യൻ ഓയിൽ- അദാനി ഗ്യാസ് ലിമിറ്റഡ് (ഐഒഎജിപിഎൽ) തീരുമാനം. ആ വേഗതയിൽ പണികൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരത്തും കൊല്ലത്തും ആലപ്പുഴയിലും അറ്റ്ലാന്റിക് ഗൾഫ് ആൻഡ് പസിഫിക് ലിമിറ്റഡാണ് (എജി ആൻഡ്പി) പദ്ധതി നടപ്പാക്കുന്നത്. ഈ ജില്ലകളിലും ഈ വർഷം തന്നെ സിറ്റി ഗ്യാസ് എത്തും. സിറ്റി ഗ്യാസ് പദ്ധതിക്കായി ഐഒഎജിപിഎൽ കേരളത്തിൽ നിക്ഷേപിക്കുന്നത് 4500 കോടി രൂപയാണ്. എട്ട് ജില്ലകളിൽ അടുത്ത വർഷം മാർച്ചിനകം സിഎൻജി സ്റ്റേഷനുകളുടെ എണ്ണം 50 ആയി ഉയരും.

## കോവളം-ചാവക്കാട് സോളാർ ബോട്ട്

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ ജലപാത നവീകരണ പദ്ധതിയുടെ ഭാഗമായുള്ള സർവീസ് 15ന് ആരംഭിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കോവളം മുതൽ തൃശൂർ ജില്ലയിലെ ചാവക്കാട് വരെയുള്ള 310 കിലോമീറ്ററിൽ ബോട്ട് സർവീസ് നടത്താനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. കൊച്ചിയിൽ നിർമിച്ച 24 സീറ്റുകളുള്ള സോളാർ ബോട്ടാണ് സർവീസിന് ഉപയോഗിക്കുക. സിയാലിന്റെ നേതൃത്വത്തിലുള്ള കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (ക്വിൽ) ആണ് നവീകരണം നടത്തുന്നത്.

## DIGITAL VOTER ID BECOMES A REALITY

Spl Correspondent

**Mumbai**

Digital voter IDs are a reality. Voters who have linked their mobile phones to the Election Commission (EC) data base can get their digital IDs on their mobile phones from Monday.

On 25 January, the EC rolled out the electronic version of the voters' photo identity card, which can be stored on mobile phones and downloaded on personal computers. The e-voter card will be available in PDF format and cannot be edited. The digital voter ID card can be self-printed and laminated by the voter.

Electors in poll-bound West Bengal, Tamil Nadu, Assam, Kerala and Puducherry will be the first to use an e-voter card as elections are due in these states and union territory in April-May.

The digital photo identity card or e-elector photo identity card is a non-editable digital version of the elector photo identity card and can be saved in facilities such as digital locker just like PAN, Aadhar or driving licence.

The physical voter card would continue to be in use. The physical card takes time to print and reach the voter, and the idea is to provide faster delivery and easy accessibility. Introduced in 1993, the elector photo identity cards are accepted as proof of identity and address. One can go to voterportal.eci.gov.in. and create an account by entering the relevant details.

Then you can log in and go to the menu which says 'Download e-EPIC'. Once you enter your EPIC number or form reference number, a one-time password (OTP) will be sent to your registered mobile number. After this, click on 'Download EPIC' and you will have to complete the Know Your Customer (KYC) process to download the card, if the mobile number mentioned on the card is different.

After updating the number through KYC, you can download the digital voter ID card. If you've lost your e-EPIC number, you can check the same on voterportal.eci.gov.in. The digital voter ID card can also be generated from the voter mobile app, which can be downloaded from the Google Play Store.

# Colleges in State to start with half capacity from Feb 15

**Mumbai**

Colleges in Maharashtra can start physical classes with 50 per cent capacity from February 15, according to Minister for Higher and Technical Education Uday Samant said.

All hostels might not reopen from February 15 as some of them were being used as quarantine centres, he told reporters on Wednesday. Physical classes in colleges stopped after the outbreak of coronavirus pandemic last March.

Universities could conduct examinations online as well as off-line as per the coronavirus situation in respective areas. "Colleges in the state



can resume physical classes from February 15 with 50 per cent capacity," he said.

Universities had been directed not to force students to pay full fees, and a committee was looking into fee-related grievances of students. "If a college is found violating government norms, it will face legal action," he said. Universities could start with practicals and gradually schedule physical lectures, Samant said, adding that colleges were expected to take students into confidence while deciding on this.

Students would get relaxation from the 75 per cent attendance rule as colleges had remained shut for most part of the academic year.

Curriculum of second and final years of graduation courses had been covered to some extent through virtual classes

# Looks like 'international border', farmers on barricades at Delhi entry points

**New Delhi**

Farmers' agitation sites just outside Delhi resemble "international border" now with authorities building makeshift walls, planting huge metal spikes on roads and deploying concertina wire fences, protesters alleged on Wednesday, even as officials defended the heavy-barricading citing law and order issues.

The heightened security measures and various restrictions have been imposed at the three protest sites -- Singhu (Delhi-Haryana border), Ghazipur (Delhi-Uttar Pradesh border) and Tikri (Delhi-Haryana border) -- since the Republic Day violence that had left over 500 police personnel injured and one protestor dead.

On January 26, breaking away from the designated routes for a tractor parade, hundreds of protestors clashed with police in various points to lay siege to the Red Fort and climb the flagpole.

While at the Singhu border, the epicenter of the ongoing farmers' agitation, shipping containers, iron rods between barriers and cement slabs have been used to seal the entry points, the tried-and-tested barbed wires, stone boulders and iron nails have been deployed at Tikri and Ghazipur borders to block people's entry into Delhi or to the protest sites.

"The protest sites are looking like international borders. It is as if we have come from Pakistan. On one hand, they (the government) want us to talk, and on the other hand they are doing everything to de-link us (from the city)," farmer leader Kulwant Singh Sandhu told PTI.

"This shows the restlessness of the government," he said.

In addition to heavy-metal barricades and concrete slabs, measures like digging trenches and using DTC buses as roadblocks have been deployed at the said Delhi-Uttar Pradesh and the Delhi-Haryana borders.

Zamhoori Kisan Sabha General Secretary Sandhu claimed the barricading of national highways and stopping the movement of people and vehicles is the authorities' "strategy" to "irritate" the common people and try to make them stand against the protesting farmers.

"But the farmers won't budge," he said. "No matter how much obstructions they create in our path. They are stopping people so that they get irritated and turn against us." "They (the authorities) don't know that the locals and people across the country support our movement. Sadly, the government has not learnt its lesson from the Ghazipur incident," he said.

Mandeep Singh (26), who has been camping at the Singhu border for the past 15 days, echoed his leader's sentiment and said the show of force and blocking the roads pose problems for the locals, not the protesting farmers. "These multiple-barriers cannot dampen our spirit or affect our movement. We are following the instructions of our leaders, who have clearly told us to stay put at our respective places. We won't move ahead or take a step back. So, ultimately it is the locals who have to face trouble in commuting, not us," said Singh, from Punjab's Ludhiana district.



At the Singhu border, the epicenter of the ongoing farmers' agitation, shipping containers, iron rods between barriers and cement slabs have been used to seal the entry points, the tried-and-tested barbed wires, stone boulders and iron nails have been deployed at Tikri and Ghazipur borders to block people's entry into Delhi or to the protest sites.

## Govt seals Rs 48,000-cr 'biggest' Make in India deal, to procure 83 Tejas LCA from HAL

**Bengaluru**



The government on Wednesday formally sealed the Rs 48,000 crore deal to procure 83 Tejas LCA from state-run aerospace behemoth Hindustan Aeronautics Ltd, a deal described by the government as the 'biggest' Make in India defence contract. The contract was handed over by Director General (Acquisition), Ministry of Defence, V L Kantha Rao to Chairman and Managing Director of HAL, R Madhavan, at the inaugural ceremony of Aero India-2021, the country's premier Defence and Aerospace show, here, in the presence of Defence Minister Rajnath Singh.

"I am very happy that HAL has got the orders for development of 83 new indigenous LCA (light combat aircraft) Tejas MK1A from Indian Air Force valued at more than Rs 48,000 crore."

"It is probably the biggest Make in India Defence contract till date," Singh said.

Tejas, manufactured by the HAL, is a single engine and highly agile multi-role supersonic fighter aircraft capable of operating in high-threat air environments.

The Cabinet Committee on Security (CCS) chaired by Prime Minister Narendra Modi last month approved the procurement of 73 Tejas Mk-IA variant and 10 LCA Tejas Mk-I trainer aircraft from the HAL to boost IAF's combat prowess.

Singh had on Tuesday inaugurated HAL's second LCA-Tejas production plant here, and said Tejas is not only indigenous, but it is also better than its foreign equivalents on several parameters, besides being comparatively cheaper.

## Ali MacGraw, Ryan O'Neal to be honoured on 'Love Story' 50th year

**Los Angeles**

Hollywood veterans Ali MacGraw and Ryan O'Neal, the on-screen couple of the 1970 classic "Love Story", will be honoured on the Hollywood Walk of Fame in celebration of the 50th anniversary of the film.

The official Twitter account of Hollywood Walk of Fame, the famous sidewalk known for immortalising members of the entertainment industry, made the announcement on Tuesday.

"Ali MacGraw & Ryan O'Neal to be honored in virtual double Walk of Fame ceremony in celebration of 50th anniversary of film 'Love Story' & Valentine's Day," the tweet read.

Based on Erich Segal's novel of the same name, the film follows Oliver (O'Neal) and Jennifer (MacGraw) who come from two different worlds.

Opposites attract, they fall in love and marry against the wishes of Oliver's family. But their happiness is short lived when they come to know that Jennifer is terminally ill.

The Walk of Fame event will be live-streamed exclusively on February 12 on all social media platforms of Hollywood Chamber of Commerce, which holds trademark rights to the Walk of Fame.

"Ali & Ryan's stars will be next to each other, and next to Ryan's star will be the of his real life love Farrah Fawcett," the tweet further said.

## China reserve shows off 10 panda cubs to mark Lunar New Year

**Beijing**



Ten panda cubs made their public debut in China's leading panda reserve Wednesday morning to mark the coming Lunar New Year.

One appeared shy and covered its face with both paws when it saw the crowd, while another went rogue and crawled away from its keeper before being caught.

The pandas range in age from 4 to 6 months, and all resulted from natural mating, according to the China Conservation and Research Center for Giant Panda in southwest China's Sichuan province.

The black-and-white fluff balls made their appearance in a playground at the center adorned with Lunar New Year's decorations including lanterns, traditional Chinese knots, paper cars and flags.

"Newborn baby pandas from the class of 2020 ... wish you a happy New Year and lots of good luck in the Year of the Ox," their keepers shouted with the pandas in their arms, while some tried to clamber away.

Bamboo baskets of treats were prepared for the pandas, with the Chinese character "fu," meaning good fortune and blessings, written on the outside.

This mimicked the Chinese tradition of adults giving red envelopes with money inside to children during the Lunar New Year to pass them good wishes and blessings.

Instead of money, the baby pandas got snacks. Some of them were curious about the baskets, while others were distracted by the toys and decorations nearby.

As of December, there were 44 panda cubs worldwide, and more than half were bred in China.

China has prided itself on its efforts to preserve a species that was endangered for many years. Pandas are also a symbol of China and part of its cultural diplomacy.

## DILJIT DOSANJH RELEASES NEW TRACK ON RIHANNA, SUPPORTS FARMER PROTEST

**Mumbai**

Punjabi singer-actor Diljit Dosanjh on Wednesday released his latest track dedicated to international pop star Rihanna, less than 24 hours after she voiced her support to the ongoing farmers agitation in the country.

The 2.16-minute-long Punjabi number draws its title, 'RIRI (Rihanna)', from the Grammy-winning artiste's nickname.

The audio track, which was released on Dosanjh's YouTube channel around 1.30 pm, has been penned by lyricist Raj Ranjodh, with music by Intense.

The song acknowledges Rihanna's Caribbean roots, with the opening lines describing the singer as a "beautiful woman from Barbados" with "shining, bright eyes" who "spreads colours" all around her.

According to the lyrics, Dosanjh, 37, thanked God for sending "this angel on earth", before further expressing his wish to gift the singer a Patiala suit and jhaanjhar (pair of heavy anklets).

"All Punjabis are your fans, people are jealous of your fanbase," he sings.

On Tuesday, Rihanna shared a CNN news article with her 100 million followers on Twitter, calling out the internet shutdown at the protest sites near Kaithal, Panipat, Jind, Rohtak, Charkhi Dadri, Sonipat and Jhajjar districts in Haryana. "Why aren't we talking about this? #FarmersProtest," the 32-year-old singer wrote.

After Rihanna lent her support to farmers, international names such as climate activist Greta Thunberg and former adult star Mia Khalifa also joined the discourse.

In December last year, Dosanjh, known for "Udta Punjab" and "Good Newwz", joined the farmers protests at Delhi's Singhu border and asked the demonstrators to be patient and peaceful in their agitation and requested the government to accept their demands.



## RAMIN BAHRANI TO REUNITE WITH ARAVIND ADIGA FOR 'AMNESTY' ADAPTATION



**Los Angeles**

Director Ramin Bahrani is set to adapt the big screen adaptation of "Amnesty", another Aravind Adiga novel, for streaming platform Netflix. The project marks a reunion for Bahrani, Adiga and Netflix, after "The White Tiger", based on the Indian author's Man Booker Prize-winning novel.

Set in Australia, "Amnesty" follows the story of Danny, an illegal Sri Lankan migrant who cleans houses and realises he has information about the sudden murder of one of his employers. As he plays a cat-and-mouse game with the suspected murderer, Danny agonises over whether to contact the police and risk deportation. According to The Hollywood Reporter, Bahrani will also direct and produce the film adaptation of "Amnesty", latest novel by Adiga.

The American-Iranian director said he "thrilled" to adapt the book to screen.

"I'm very grateful to partner with Netflix and my lead creative producer, Bahareh Azimi, once again. This novel gripped me from the first time Aravind shared a rough draft with me five years ago. I can't wait to bring it to the screen," he added. Adiga said "Amnesty" is his "most personal novel" that has evolved in the course of discussions with the filmmaker, his former flatmate in New York, over many years.

"I'm delighted that Ramin and Netflix are bringing 'Amnesty' to life... It's my attempt to dramatize the moral crisis at the center of the story that is faced in various forms by immigrants around the world. I can't wait to see Ramin's interpretation on Netflix," the author said. Along with Bahareh Azimi for Noruz Films, Ashok Amritraj will produce "Amnesty" under Hyde Park Entertainment.